Reg. No. C. 101. M. 2898.

ഒററപ്രതിക്കു 2 ണ

# സത്യദീപം

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവർ അന്ധകാരത്തിൽ നടക്കുന്നില്ല.”

പുസ്തകം 24 | 1126 മേടം 26 — ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1951 മേയ് 9 | ലക്കം 36

## കർദ്ദിനാൾമാരെ സംബന്ധിച്ച ചില വസ്തുതകൾ

(എടമറത്തു വി. സെബാസ്റ്റ്യൻ, വിദ്വാൻ)

“The Lives of the Popes” അഥവാ മാർപ്പാപ്പാമാരുടെ ജീവിതങ്ങൾ എന്ന ഗ്രന്ഥം കർദ്ദിനാൾസ്ഥാനത്തിന്റെ ഉത്ഭവം സംബന്ധിച്ചു് പ്രമാണവത്തായ ഒരു പ്രാക്തനരേഖയാണു്. പ്രസ്തുതഗ്രന്ഥത്തിൽ ക്രി. അ. 81-നു് അടുത്തു വാണിരുന്ന ദേഹവും പത്രോസിന്റെ രണ്ടാമത്തെ പിൻഗാമിയുമായ വി. ക്ലീററസ് ശ്ലീഹായുടെതന്നെ നിർദ്ദേശമനുസരിച്ചു് ഇരുപത്തഞ്ചു് സചിവന്മാരെ റോമാനഗരത്തിൽനിന്നു് ആദ്യം അഭിഷേകം ചെയ്തതായി പ്രസ്താവിച്ചിരിക്കുന്നു. സഭയുടെ ഭരണകാര്യങ്ങളിൽ മാർപ്പാപ്പയെ സഹായിക്കാനുള്ള ഒരു ഉപദേശകസംഘമായി ഇവർ രൂപവൽക്കരിക്കപ്പെട്ടു. ഈ സംഘത്തെ പിന്തുടർന്നാണു് കത്തോലിക്കസഭയിൽ കർദ്ദിനാൾമാർ സംസൃഷ്ടരായതു്. ആകയാൽ സഭയുടെ ആരംഭകാലത്തോടു് ഏററം അടുത്തുതന്നെ ഈ സ്ഥാനം ജാതമായെന്നുള്ളതിനു സംശയമില്ല.

“കർദ്ദിനാൾ” എന്ന നാമത്തിന്റെ അർത്ഥോല്പത്തിയെക്കുറിച്ചു് ഗവേഷകന്മാരുടെയിടയിൽ അഭിപ്രായഭേദങ്ങൾ ഉണ്ടെങ്കിലും ലബ്ധപ്രതിഷ്ഠമായ മതം “Cardo” (സാക്ഷ) എന്ന ലത്തീൻ ശബ്ദത്തിൽനിന്നാണു് അതു് വ്യുല്പന്നമായതെന്നത്രെ. ഒമ്പതാം ലെയോൻ പാപ്പ കോൺസ്റ്റൻറിനോപ്പോളിലെ ചക്രവർത്തിക്കയച്ച ഒരു തിരുവെഴുത്തിൽ ഈ സംജ്ഞയുടെ ഉപയോഗത്തെപ്പററി വിവരിച്ചിട്ടുണ്ടു്. ആയതു് ഇപ്രകാരമാകുന്നു: “ഒരു കവാടം അതിന്റെ സ്ഥാനത്തു് സ്വയം നില്ക്കാത്തതുപോലെ പത്രോസിന്റെയും അവന്റെ പിൻവാഴികളുടേയുംമേൽ അധിഷ്ഠിതമാണു് സഭ മുഴുവന്റെയും ഭരണധുരമെങ്കിലും തൽസചിവന്മാർ അതോടനുബന്ധിച്ച ശിഷ്ടം സർവകാര്യങ്ങളിലും ഏററവും അടുത്തു് സമ്പർക്കം പാലിക്കുന്നതിനാൽ കർദ്ദിനാൾമാരെന്നു് വിളിക്കപ്പെട്ടിരിക്കുന്നു.” നാലാം യൂജെയിൻ പാപ്പായും മേൽപ്രകാരംതന്നെ ഈ ഉദ്യോഗം നിർമ്മിക്കപ്പെട്ടതു പ്രായോഗികമായി നോക്കിയാൽ പത്രോസിനാലും അദ്ദേഹത്തിന്റെ ആസന്നപിൻവാഴ്ചക്കാരാലും ആണെന്നു് പ്രഖ്യാപിക്കുന്നു.

ആദ്യകാലങ്ങളിൽ കർദ്ദിനാൾമാർ എല്ലാവരും മാർപ്പാപ്പയ്ക്കു് സമീപസ്ഥരായി വസിക്കണമെന്നായിരുന്നു വ്യവസ്ഥ. പിൽക്കാലത്തു് വിവിധരൂപതകളുടെ ചാർജ്ജ വഹിക്കുന്ന മെത്രാന്മാരേയും ഏതൽസ്ഥാനങ്ങളിൽ ഉയർത്താൻ അനുവാദമുണ്ടായി. എന്നിട്ടും മൂന്നാമത്തെ ഇന്നസെന്റ് പാപ്പ റാവന്നയിലെ മെത്രാപ്പോലീത്തയെ കർദ്ദിനാളായി വാഴിച്ചപ്പോൾ അദ്ദേഹം ആ അതിരൂപതയ്ക്കു് ചെയ്ത ഗുണങ്ങളെ ഓർത്തു് ജനങ്ങൾ അദ്ദേഹത്തെ അവിടെത്തന്നെ പ്രതിഷ്ഠിക്കാൻ തീവ്രമായിച്ചെയ്ത അപേക്ഷ, സഭാസംബന്ധമായ കാര്യങ്ങളുടെ നിർവഹണത്തിനു് റോമയിൽ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യം പ്രതിബന്ധമാകുമെന്ന കാരണത്താൽ നിരാകരിക്കപ്പെടുകയും രൂപതയുടെ ചാർജു് മററാളിൽ അർപ്പിക്കപ്പെടുകയുമാണുണ്ടായതു്. പ്രാദേശികഭരണത്തിന്റെയും സാർവത്രികഭരണത്തിൽ ഉപദേശമുഖേന മാർപ്പാപ്പയെ സഹായിക്കയെന്നതിന്റെയും ചുമതലകൾ അന്യോന്യം ഇണങ്ങിച്ചേരാത്ത കൃത്യങ്ങളാണെന്നുകണ്ടു് പത്താമത്തെ ലെയോൺമാർപ്പാപ്പ ഒരു ബൂള വഴിയായി കർദ്ദിനാൾമാർ വത്തിക്കാൻ അരമനയ്ക്കു് സമീപസ്ഥരായി വർത്തിക്കണമെന്നുള്ള പൂർവവ്യവസ്ഥ ഒന്നുകൂടി നവീകരിച്ചു.

പ്രഥമദശയിൽ കർദ്ദിനാൾ സ്ഥാനവാഹികളെല്ലാം റോമാപൗരന്മാർ മാത്രമായിരുന്നു. എന്നാൽ കാലഗതിയനുസരിച്ചു് പ്രായേണ സഭയിലെ ഈ യുവരാജപദവിയിൽ അന്യദിക്കുകാർക്കും പങ്കുപററാനുള്ള അവകാശം അംഗീകൃതമായി. 22-ാമത്തെ യോഹന്നാൻപാപ്പ ഒരു ഫ്റഞ്ചുകാരൻ ആയിരുന്നതിനാൽ ഫ്റാൻസിലെ രാജാവു് സ്വരാജ്യത്തിൽനിന്നു് രണ്ടു് വ്യക്തികളെ കർദ്ദിനാൾമാരായി നിയമിക്കാൻ അഭ്യർത്ഥിച്ചു. അന്നു് ആകെ ഉണ്ടായിരുന്ന ഇരുപതു് കർദ്ദിനാൾമാരിൽ പതിനേഴുപേരും ഫ്റഞ്ചുകാർ ആയിരുന്നതുകൊണ്ടു് ഒരാളെക്കൂടി പുത്തനായി എടുക്കാമെന്നു മാത്രമേ പാപ്പ സമ്മതിച്ചുള്ളു. പക്ഷേ സംഘത്തിൽ ബഹുഭൂരിപക്ഷം അംഗങ്ങൾ സ്വപ്രജകളാണെന്നു് കണ്ടതിനാൽ രാജാവു് ഈ തീരുമാനത്തിൽ അതൃപ്തനാകാൻ ഇടയായില്ല. സഭയിലെ അത്യുന്നതമായ ഈ സ്ഥാനം ഇററലിക്കാർക്കെന്നപോലെ ലോകത്തിൽ എങ്ങുമുള്ള സത്യമതസ്ഥരായ ഇതരജാതികൾക്കും നൽകപ്പെടേണ്ടതു് ആവശ്യമാണെന്ന വിചാരം രണ്ടാംപീയൂസ് മാർപ്പാപ്പയിൽ അങ്കുരിക്കയും അതേ അഭിപ്രായത്തിൽ എത്തിച്ചേർന്ന ത്രന്തോസ് സൂനഹദോസു് കഴിയുന്നത്ര സൗകര്യം പുരസ്കരിച്ചു് എല്ലാ രാജ്യങ്ങളിൽനിന്നും തക്കതായ വ്യക്തികളെ കണ്ടുപിടിച്ചു് പ്രസ്തുത സ്ഥാനങ്ങളിൽ വാഴിക്കേണ്ടതാണെന്നു് ശുപാർശ സമർപ്പിക്കയും ചെയ്തു.

സാഹചര്യങ്ങളുടെയും നയതന്ത്രത്തിന്റെയും ഗതിഭേദമനുസരിച്ചു് കർദ്ദിനാൾമാരുടെ ആകെത്തുക ഓരോ കാലത്തു് ഓരോ പ്രകാരമായിരുന്നു. നാലാം പൗലൂസ്പാപ്പ അവരുടെ എണ്ണം നാല്പതായിരിക്കണമെന്നു് തീർച്ചപ്പെടുത്തി. തദനുയായിയായ നാലാം പീയൂസ് മാർപ്പാപ്പ നാല്പത്തിആറാക്കി വർദ്ധിപ്പിച്ചു. 1586-ൽ അഞ്ചാം സിക്സ്റ്റുസ് പാപ്പ, തനിക്കു് സഹായികളായി മോശ എഴുപതു മൂപ്പന്മാരെ തിരഞ്ഞെടുത്തതു് ആസ്പദമാക്കി അവരുടെ സംഖ്യയും പരമാവധി എഴുപതായിരിക്കണമെന്നു് നിശ്ചയിച്ചു. ഈ നിശ്ചയം അദ്യാപി പിന്തുടർന്നുപോരുകയും ചെയ്യുന്നു.

കർദ്ദിനാൾമാർ എണ്ണത്തിൽ കുറവായിരുന്ന കാലത്തു് പരിശുദ്ധ സിംഹാസനത്തിലുണ്ടായ ഒഴിവുകൾ നികത്താൻവേണ്ടി പലേമാസങ്ങളെന്നല്ല ആണ്ടുകളോളംകൂടി ദീർഘിച്ച കോൺക്ലെവു (പാപ്പായെ തിരഞ്ഞെടുക്കാൻ വേണ്ടിയുള്ള കർദ്ദിനാൾമാരുടെ സമ്മേളനം) കൾ നടന്നിട്ടുണ്ടു്. താദൃശസമ്മേളനങ്ങളിൽ സഭയുടെ ക്രമപരിപാടികളെ അതിലംഘിക്കുന്ന ദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെട്ടു. 13-ാം ശതാബ്ദത്തിൽ പതിന്നാലു തവണയോളം ഈ അച്ചടക്കമില്ലായ്മ ആവർത്തിക്കപ്പെട്ടതായി ചരിത്രം സാക്ഷിക്കുന്നു. നാലാമന്മാരെന്നു് നാമവാഹികളായ സെലസ്റ്റിൻ, അലക്സാണ്ടർ, ക്ലെമെന്റ്, നിക്കോളസ് എന്നിഈ ഓരോ മാർപ്പാപ്പയുടേയും നിര്യാണാനന്തരം അസാധാരണമായുണ്ടായ ഒരു സംഭവത്തിന്റെ പ്രത്യാഘാതമായി തിരുസിംഹാസനത്തിലെ പിൻവാഴ്ചയ്ക്കു് നെടുതായ വിളംബംപോലും ഉളവാകാതിരുന്നില്ല. പത്താംനൂററാണ്ടിൽ ലിസിക്സിലെ മെത്രാനായിരുന്ന അർനുൾഫ് എന്ന ദേഹം കർദ്ദിനാൾമാരുടെ സമിതിക്കു് “തിരുസംഘം” (Collegium Sanctorum) എന്ന നാമധേയം ഇദംപ്രഥമമായി ഉപയോഗിക്കയും ആ നാമം ഇന്നുവരെ നിലനിന്നുപോരുകയും ചെയ്യുന്നു.

പതിനാറാം ശതകത്തിൽ ആവിർഭവിച്ച അനാശാസ്യമായ ഒരു സംരംഭം ചില അഭീഷ്ടവ്യക്തികളെ പ്രകൃതസ്ഥാനത്തിൽ പ്രതിഷ്ഠിക്കാൻ പലേടത്തുനിന്നും ശുപാർശ ചെയ്യപ്പെട്ടുതുടങ്ങിയെന്നുള്ളതാണു്. ഈ നടപടി എല്ലാത്തരം നീചമായ സന്നദ്ധതകളോടുകൂടി കൈക്കൂലി മുതലായി പണംസമ്പാദിക്കാൻ പാറിയമാർഗ്ഗങ്ങൾവരെ എത്തുകയും സം



കത്തോലിക്കാകോൺഗ്രസ് ജനറൽ സിക്രട്ടറി ശ്രീ എ. ഒ. ജോസഫ് എം. എ. എൽ. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട കവിയന്നൂ കോൺഗ്രസ് പൊതുയോഗത്തോടനുബന്ധിച്ച എടുത്ത ഫോട്ടോ.

ഗ്രാമോദ്ധാരണപംക്തി

# മരച്ചീനികൃഷി

(തുടർച്ച)

## കൃഷിസമ്പ്രദായങ്ങൾ

മരച്ചീനികൃഷി താരതമ്യേന വളരെ എളുപ്പവും ചെലവു കുറഞ്ഞതുമാണ്. മററുകൃഷിക്ക് വേണ്ടതുപോലെ വിപുലമായ തോതിലുള്ള കാർഷികപരിചരണം മരച്ചീനിക്ക് ആവശ്യമില്ല. മരച്ചീനി ഏതുതരം മണ്ണിലും വളരുമെന്നുള്ളതും, അതിനു് ഉണക്ക താങ്ങുന്നതിനു് ഒരു പ്രത്യേകശക്തി ഉണ്ടെന്നുള്ളതും, ഈ കൃഷിക്ക് വിശേഷവിധിയായുള്ള സൗകര്യങ്ങളാണല്ലോ. ശാസ്ത്രീയമായും, ഗുണപുഷ്ടിയുള്ള ഇനങ്ങൾ ഉപയോഗിച്ചും, ശരിയായവിധം വളങ്ങൾ ചേർത്തും കൃഷി ചെയ്യുന്നപക്ഷം മരച്ചീനി വളരെ ആദായകരമായ ഒരു കൃഷിയായിരിക്കും.

മേടം, കർക്കടകം, കന്നി—ഈ മാസങ്ങൾ ഈ കൃഷിക്ക് പററിയ കാലങ്ങളാകുന്നു; കുംഭംമുതൽ തുലാംവരെ ഏതു സമയവും യോജിച്ചതാണ്. കൊല്ലത്തിൽ മൂന്നു തവണയായി ഈ കൃഷി ആരംഭിക്കാം. ജലസൗകര്യം വേണ്ടപോലെയുണ്ടെങ്കിൽ ഏതവസരത്തിലും കൃഷി തുടങ്ങാവുന്നതാകുന്നു.

നടുന്നതിനുള്ള മരച്ചീനിക്കമ്പ് നല്ലപോലെ വിളഞ്ഞതും, വലിപ്പവും ഘനവും ഗുണവുമുള്ളതുമായിരിക്കണം. മൂപ്പുകുറഞ്ഞ കമ്പുകൾ, കമ്പുകളുടെ ഇളഭാഗങ്ങൾ എന്നിവ നടുന്നതിനു് പററിയവയല്ല. മരച്ചീനി പറിച്ചുകഴിഞ്ഞാലുടൻ, നല്ലകമ്പുകൾ തിരഞ്ഞെടുത്തു് ചെറിയ കെട്ടുകളാക്കി, നനവും വെയിലും തട്ടാതിരിക്കത്തക്കവണ്ണം വൃക്ഷങ്ങളുടെ ചുവട്ടിൽ ചാരി, മൂട്ടിൽ കുറെമണ്ണു അണച്ചുവയ്ക്കണം. രണ്ടു മൂന്നു മാസംവരെ കമ്പുകൾ ഈ വിധം സൂക്ഷിച്ചുവയ്ക്കാവുന്നതാണ്. ഇവയിൽ ഉണങ്ങി കേടുപററിപ്പോകുന്നവയെ നടുന്നതിനുപയോഗിക്കരുതു്. നല്ല മൂപ്പും പുഷ്ടിയുമുള്ള കമ്പുകൾ 6 ഇഞ്ചിൽ കുറയാതെയും 9 ഇഞ്ചിൽ കവിയാതെയും ഉള്ള നീളത്തിൽ മുറിച്ചാണ് നടേണ്ടതു്.

കൃഷിസ്ഥലം മഴ തുടങ്ങുന്നതോടുകൂടി വളം വിതറി ഒരടി താഴ്ചയിൽ കിളയ്ക്കണം. സ്ഥലമൊരുക്കുമ്പോൾ ചാണകം, ചവറു്, "കമ്പോസ്റ്റ്", പച്ചിലവളം മുതലായവ സൗകര്യമുള്ളിടത്തോളം ചേർത്തു് ഒരുക്കേണ്ടതാകുന്നു. ഉഴുന്നതിനു സൗകര്യമുള്ള സ്ഥലമാണെങ്കിൽ, തറ ഇരുമ്പുകലപ്പകൊണ്ടു നല്ലപോലെ രണ്ടു ചാലു ഉഴുന്നതു നന്നു്. കമ്പു നടുന്നതിനു രണ്ടു മൂന്നു ആഴ്ചയ്ക്കു് മുമ്പുതന്നെ, സ്ഥലം കിളച്ചു കട്ടകൾ ഉടച്ചു് കൃഷിക്കു തയാറാക്കിവയ്ക്കേണ്ടതാകുന്നു.

കൃഷിരീതിയിൽ ചില പ്രാദേശികവ്യത്യാസങ്ങളുണ്ടു്. ചില സ്ഥലങ്ങളിൽ അല്പം ചരിച്ചും, ചില സ്ഥലങ്ങളിൽ ചൊവ്വേയുമാണു് കമ്പു നടുന്നതു്. ചരിച്ചു നട്ടാൽ കിഴങ്ങുണ്ടാകുന്നതു് ഒരു ഭാഗത്തു മാത്രമാണെന്നും, എന്നാൽ ചൊവ്വേ നട്ടാൽ മൂട്ടിനു ചുററും കിഴങ്ങുണ്ടാകുമെന്നുമാണു് കാണുന്നതു്. കമ്പു് വളരെ താഴ്ത്തി നടുന്നപക്ഷം, കിഴങ്ങിന്റെ വളർച്ചയ്ക്കു് തടസ്സം നേരിട്ടേക്കാം. മണ്ണിനു അയവു വേണമെന്നുള്ളതു് അതിപ്രധാനമാണു്. കമ്പു് അധികമായും വളരെ പൊക്കിയും നടുന്നതു ശരിയല്ല. മൂന്നു നാലു് അടി അകലത്തിൽ നടുകയാണു് ഉത്തമം. വരികൾക്കിടയ്ക്കും ചുററിലും ഈ അകലമുണ്ടായിരിക്കണം.

കിളച്ചു പൊലികൾ കൂട്ടി നടുക, വാരങ്ങൾ (പാത്തികൾ) കോരി നടുക—ഇങ്ങനെ സ്ഥലകാലവ്യത്യാസങ്ങളെ ആസ്പദമാക്കി പല പ്രകാരത്തിൽ നടാവുന്നതാകുന്നു. മണൽപ്രദേശങ്ങളിൽ കുഴിയെടുത്തും ഉറപ്പുള്ള മണ്ണിൽ കൂനകൂട്ടിയുമാണു് കമ്പു നടാറുള്ളതു്. നിരപ്പുള്ള സ്ഥലങ്ങളിൽ വരിവരിയായി മൂന്നു നാലടി അകലെ നടാവുന്നതാണു്. അഞ്ചാറടി അകലെ കുഴികൾ എടുത്തു ചവറും മററുമിട്ടു് മൂടി ചുററുമുള്ള മണ്ണുകൊണ്ടു് ചെറിയ കൂനകൾ ഉണ്ടാക്കി അവയിൽ നാലഞ്ചു കമ്പുകൾ നടുന്ന പതിവു് ചില സ്ഥലങ്ങളിലുണ്ടു്. ഈ നടപടി അല്പം ചെലവു കൂടുതലുള്ളതാണെങ്കിലും, കിഴങ്ങിറങ്ങുന്നതിനു് വളരെ പററിയതാണു്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ പണകളുണ്ടാക്കി (വാരം കോരി) അവയിൽ നടാവുന്നതാകുന്നു.

വേനൽക്കാലം ആരംഭിക്കുന്നതിനുമുമ്പു് കമ്പു് കിളുത്തു് കിളർന്നുപോയാൽ ഉണക്ക താങ്ങിയും ചെടി വളർന്നുകൊള്ളും. നടീലിനുശേഷം മഴ ഇല്ലാതിരുന്നാൽ കമ്പു് കിളുത്തു് വളർന്നു തുടങ്ങുന്നതുവരെയെങ്കിലും നനയാവശ്യമുണ്ടു്. വിളവു് കൂടുതൽ കിട്ടുന്നതിനും, വേണ്ടിവന്നാൽ നനച്ചുകൊടുക്കേണ്ടതാകുന്നു.

മരച്ചീനി നട്ടു് കിളുത്തതിനുശേഷം, മൂന്നു പ്രാവശ്യമെങ്കിലും ചുററും ചിക്കി മണ്ണിളക്കി കളകൾ പറിച്ചുകളയണം. നടീൽ കഴിഞ്ഞു ആദ്യത്തെ രണ്ടു മാസങ്ങളിൽ മാസംതോറും ഓരോ തവണവീതം ഇടകിളയ്ക്കൽ നടത്തേണ്ടതാകുന്നു. ഇതിനുശേഷം രണ്ടു മാസത്തിനുള്ളിൽ മൂന്നാമതായും ഒരു ഇടകിളയ്ക്കൽ വേണം. കിളച്ചുകൊടുക്കുന്നതുകൊണ്ടു്, കളകൾ ബാധിക്കാതെ സൂക്ഷിക്കാമെന്നു മാത്രമല്ല, മണ്ണിനിളക്കം കിട്ടുന്നതിനാൽ പുഷ്ടിയായി കിഴങ്ങിറങ്ങുകയും ചെയ്യും.

കിഴങ്ങു് യഥാകാലം പിഴുതെടുക്കേണ്ടതാകുന്നു. ഇതിൽ താമസം നേരിട്ടാൽ, മാവു് കുറഞ്ഞു് കിഴങ്ങു മുററി നാരുവച്ചു[illegible]കാനിടയുണ്ടു്.

മരച്ചീനികൃഷിക്കു് വളംചേർക്കുന്ന കാര്യത്തിൽ കർഷകർ വേണ്ട ശ്രദ്ധ പതിപ്പിക്കുന്നില്ല. ഇതാണു് ഈ കൃഷിയെ സംബന്ധിച്ചു് ആദായക്കുറവിനുള്ള ഒരു പ്രധാന കാരണം. മണ്ണിൽനിന്നും ധാരാളം വളം വലിച്ചെടുക്കുന്ന ഒരു വിളവാണു് മരച്ചീനി. അതുകൊണ്ടു്, വേണ്ടപോലെ വളമിടാതെ കൃഷിചെയ്താൽ ഫലം മോശമായിരിക്കും. ഒരേക്കർ ഭൂമിയിൽ മരച്ചീനി കൃഷിചെയ്തു് 5 ടൺ വിളവു കിട്ടിയാൽ, തന്മൂലം ആ ഭൂമിയിൽനിന്നും നഷ്ടപ്പെടുന്ന വളാംശങ്ങൾ, 50 റാത്തൽ പാക്യജനകവും (Nitrogen), 20 റാത്തൽ ഭാവഹികാമ്ലവും (Phosphoric acid) 90 റാത്തൽ ക്ഷാരാംശവും (Potash) ആകുന്നു. ക്ഷാരവളങ്ങളാകുന്നു മരച്ചീനിയുടെ ജീവൻ എന്നുവരികിലും, പാക്യജനകാംശവും, ഭാവഹാംശവും മരച്ചീനിയുടെ വളർച്ചയ്ക്കും പുഷ്ടിക്കും അത്യാവശ്യങ്ങളാണു്. ഈ മൂന്നു പ്രധാന സസ്യപോഷകങ്ങളും വേണ്ടവിധം കിട്ടിയാൽ മാത്രമേ, വിളവു തൃപ്തികരമായിരിക്കയുള്ളു. ഭാവഹവളങ്ങൾ മരച്ചീനിക്കു താരതമ്യേന കുറഞ്ഞതോതിൽ മതിയാകും. എല്ലുപൊടി, "സൂപ്പർഫാസ്ഫേററു്" (Super-phosphate) മുതലായ ഭാവഹവളങ്ങൾ മരച്ചീനിക്കു് മേലുരമായിട്ടല്ല ചേർക്കേണ്ടതു്; ഇവയെ ഉഴുതു ചേർത്താൽമാത്രമേ വേരുകൾക്കു് വലിച്ചെടുക്കുന്നതിനു സാധിക്കയുള്ളു. മരച്ചീനിക്കു ധാരാളം വേണ്ടതായ ക്ഷാരാംശവളങ്ങൾ (Potash manures) കൃഷിക്കാർ പരിമിതമായി മാത്രമാണു് ഉപയോഗിച്ചുവരുന്നതു്. ചാരമാണല്ലോ സുലഭവും ചെലവു കുറഞ്ഞതുമായ ക്ഷാരാംശവളം. ചാരത്തിന്റെ കുറവുനിമിത്തം "മ്യൂറിയേററു് ആഫ് പൊട്ടാഷ്" (Muriate of Potash) എന്ന കൃത്രിമവളം ഉപയോഗിക്കാവുന്നതാണു്. ഈ വളം ഏക്കറൊന്നിനു് 1-1½ ശതത്തൂക്കം വീതം ചേർത്താൽ വിളവിനു് വളരെ പുഷ്ടിയുണ്ടാകും. ചാണകം, കൊഞ്ചുപൊടി, കൂട്ടുവളം, പച്ചിലകൾ എന്നീ മററുവളങ്ങളും മരച്ചീനികൃഷിക്കു് കൊള്ളാവുന്നവതന്നെ. ഇത്തരം നാടൻവളങ്ങൾ വേണ്ടിടത്തോളം കിട്ടാത്തതുകൊണ്ടാണു് കൃത്രിമവളങ്ങൾ പ്രയോഗിക്കേണ്ടതായിവരുന്നതു്.

ശരിയായി വളംചേർത്താൽ വിളവു് ഇരട്ടിയായിട്ടെങ്കിലും വർദ്ധിപ്പിക്കാം. ഇതു സംബന്ധിച്ചുള്ള ചില പ്രധാനനിർദ്ദേശങ്ങൾ താഴെ ചേർത്തിരിക്കുന്നു.

1) ചാണകം, ചവറു്, "കമ്പോസ്റ്റ്", പച്ചിലവളം ഇവ കുറഞ്ഞതു ഏക്കറൊന്നിനു് നാലഞ്ചുവണ്ടിവീതമെങ്കിലും, നടുന്നതിനുമുമ്പു ഉഴുതുചേർത്തു് കൃഷിസ്ഥലമൊരുക്കണം. ഈ വളങ്ങൾ പത്തുവണ്ടിയോളം ചേർക്കുന്നതായാൽ, ഒരുവിധം സമൃദ്ധിയായിരിക്കും.

കക്കൂസുവളം (Municipal compost) മരച്ചീനിക്കു് വളരെ പററിയ ഒരു വളമാകുന്നു. പൊതുവെ പറയുന്നതായാൽ മുനിസിപ്പൽ കമ്പോസ്റ്റു് വളം മരച്ചീനിക്കു് കൂടുതൽ ഗുണകരമായി കാണുന്നുണ്ടു്. ഒരിക്കൽ ഈ വളം ഉപയോഗിച്ചു് അനുഭവപ്പെട്ട കർഷകർ, ഈ വളം തന്നെയാണു് വീണ്ടും ചേർക്കുന്നതിനു് താല്പര്യപ്പെടുന്നതു്.

2) നടുമ്പോഴും, പിന്നീടു് ആദ്യത്തേയും നാലാമത്തേയും മാസം കഴിയുമ്പോഴും, കളപറിച്ചു് മണ്ണുകൂട്ടിക്കൊടുക്കലോടുകൂടി, ചാരവും കൂടി മണ്ണിൽ ചേർക്കേണ്ടതാകുന്നു. കുറഞ്ഞതു് 50 കുട്ട ചാരം ഏക്കറൊന്നിനു ചേർക്കണം. 3000 റാത്തലോളം ചേർക്കുന്നതു നന്നായിരിക്കും.

3) ചാരം പോരാതെവന്നാൽ, "മൂറിയേററു് ആഫ് പൊട്ടാഷ്" എന്ന കൃത്രിമവളം ഏക്കറൊക്കിനു് ഒന്നു്, ഒന്നര ശതത്തൂക്കം വീതം ചേർക്കാവുന്നതാണു്.

4) നാടൻവളങ്ങൾക്കുപുറമെ ഉപയോഗിക്കാവുന്ന മിശ്രവളം ഏക്കറൊന്നിനു മൂന്നരശതത്തൂക്കം (നിലക്കടലപ്പിണ്ണാക്കു്—ഒരു ശതത്തൂക്കം; "മൂറിയേററു് ആഫ് പൊട്ടാഷ്"—ഒന്നരശതത്തൂക്കം; "സൂപ്പർ ഫാസ്ഫേററു്"—ഒരു ശതത്തൂക്കം). ഏക്കറൊന്നിനുള്ള ഈ വളക്കൂട്ടിനു് പൂർണ്ണവില ഉദ്ദേശം രൂപ 60 ആയിരിക്കും. ഈ വളക്കൂട്ടു് മരച്ചീനിയുടെ വിളവു് ഗണ്യമായി വർദ്ധിപ്പിക്കുന്നതിനു് തികച്ചും പര്യാപ്തമാണു്.

മരച്ചീനിക്കു് മററു സസ്യങ്ങളെപ്പോലെ പ്രാണികളുടേയും രോഗങ്ങളുടേയും ശല്യം ഗണ്യമായവിധത്തിൽ കണ്ടു തുടങ്ങിയിട്ടില്ല. "കൊളമ്പുകപ്പ", "ശീമക്കപ്പ" എന്നു പറയപ്പെടുന്ന ഇനങ്ങൾക്കു് ചില പ്രദേശങ്ങളിൽ ഒരുതരം രോഗം പിടിപെടുന്നതായി കാണുന്നുണ്ടു്. ഈ ഇനങ്ങൾ ഇവിടെ അധികം കൃഷിചെയ്യാത്തതുകൊണ്ടു് രോഗം അത്ര ഗണ്യമായി ബാധിക്കാറില്ല. രോഗനിരോധകശക്തിയുള്ള ഇനങ്ങളെ മാത്രമേ കർഷകർ കൃഷിചെയ്യുവാൻ പാടുള്ളു.

എലി, തുരപ്പൻ (പെരുച്ചാഴി) എന്നിവയാണു മരച്ചീനിക്കുള്ള വലിയ ശത്രുക്കൾ. എലിപ്പാഷാണങ്ങൾ പലതും ഉപയോഗിച്ചു് ഇവയെ കൊല്ലുന്നതാണു് എളുപ്പവും ചെലവു ചുരുങ്ങിയതുമായമാർഗ്ഗം. "സിംക് ഫാസ്ഫൈഡ്" (Zinc Phosphide) എന്ന മരുന്നു ഈ ജന്തുക്കൾക്കു് ഇഷ്ടമുള്ള മത്സ്യം, റൊട്ടിക്കഷണങ്ങൾ എന്നീ പദാർത്ഥങ്ങളിൽ ചേർത്തു്, തോട്ടങ്ങളിൽ അവിടവിടെയായി വയ്ക്കണം.

കാട്ടുപന്നികൾ മുതലായ വന്യമൃഗങ്ങളെക്കൊണ്ടുള്ള ശല്യമുണ്ടാകാതിരിക്കുന്നതിനു് കൃഷിസ്ഥലത്തിനു ചുററും കിടങ്ങുകൾ കുഴിക്കുക, കമ്പിവേലിയിട്ടു് അതിൽക്കൂടി വൈദ്യുതശക്തി കടത്തിവിടുക എന്ന നടപടികൾ ആവശ്യവും സൗകര്യവുമുള്ള സ്ഥലങ്ങളിൽ അനുഷ്ഠിക്കുന്നതു കൊള്ളാം.

## മരച്ചീനിവിഭവങ്ങൾ

മരച്ചീനിയിൽനിന്നു വിവിധപാകത്തിൽ പലമാതിരി ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കാവുന്നതാകുന്നു. "ഗ്ളൂക്കോസ്", "ബിസ്കററു്", "സ്പഞ്ചുകേക്കു്", "കട്ലററു്", "പുഡ്ഡിംഗ്" മുതലായവ ഉണ്ടാക്കിവരുന്നുണ്ടു്. റവ, ചവ്വരി, അവൽ, വററൽ മുതലായവയും മരച്ചീനിയിൽനിന്നും പാകംചെയ്തെടുക്കാം. ചപ്പാത്തി, ഉപ്പുമാവു്, ദോശ, പുട്ടു് എന്നീ പലഹാരങ്ങളും സാധാരണയായി ഉണ്ടാക്കിവരാറുണ്ടു്. മരച്ചീനി പുഴുങ്ങിയും, കറികളായി പാകംചെയ്തുമുപയോഗിക്കുന്ന പതിവാണു് കൂടുതലായി കാണുന്നതു്. ഉണക്കമരച്ചീനിയാക്കി സംഭരിച്ചുവയ്ക്കാവുന്നതുമാണു്.

നെല്ലരിക്കു് പകരമുപയോഗിക്കാവുന്നതാണല്ലോ "കൂട്ടരി" (Synthetic Grains). ഇതിന്റെ ഘടകങ്ങൾ 90 ശതമാനം മരച്ചീനിമാവും 10 ശതമാനം നിലക്കടലപ്പിണ്ണാക്കുമാകുന്നു.

മരച്ചീനിയിൽനിന്നും കിട്ടുന്ന ഒരു വ്യാവസായികോല്പന്നമാണു് തുണിയിൽ പശപിടിപ്പിക്കുന്നതിനുള്ള നൂറു് (Starch).

## കൃഷിച്ചെലവും ആദായവും

താരതമ്യേന കുറഞ്ഞ ചെലവിലും അദ്ധ്വാനത്തിലും ന്യായമായ ആദായം നൽകുന്നതിനു് പററിയതാണു് മരച്ചീനികൃഷി. പല പരിതഃസ്ഥിതികളനുസരിച്ചു് മരച്ചീനിയുടെ വിലയിൽ കൂടുതൽ കുറവുകൾ ഉണ്ടാകുന്നതു സാധാരണയാണു്. ഇതിന്റെ ശരാശരി നിരക്കു് റാത്തലൊന്നിനു് അരമുതൽ മുക്കാൽ അണവരെ ആയിരിക്കും. ശരിയായി കൃഷിചെയ്താൽ ഒരേക്കറിൽനിന്നു 5 മുതൽ 7 ടൺവരെ കിഴങ്ങു് കിട്ടാവുന്നതാകുന്നു. ഒരേക്കർ കൃഷിചെയ്യുന്നതിനു് ആകെ വേണ്ടിവരുന്ന ശരാശരി ചെലവു് ഏകദേശം 250 രൂപയോളമായിരിക്കുമെന്നാണു് നിർണ്ണയം. ഈ ചെലവുനീക്കി, ഏക്കറൊന്നിനു് 300—400 രൂപാ ആദായം കിട്ടാനിടയുള്ളതാകുന്നു.

## മരച്ചീനികൃഷിവികസനം

നമ്മുടെ നാട്ടിൽ മരച്ചീനികൃഷികൊണ്ടിപ്പോൾ കിട്ടുന്ന വിളവു അപര്യാപ്തമായിട്ടുള്ളതാകുന്നു. ഒരു മൂട്ടിൽനിന്നും ഏകദേശം 2 റാത്തൽ കിഴങ്ങുമാത്രമാണു് സാധാരണയായി കിട്ടിവരുന്നതു്. വിളവു് കുറഞ്ഞപക്ഷം ഇരട്ടിയെങ്കിലും വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതാണു്. ഇതിലേക്കു് സ്വീകരിക്കേണ്ട പ്രധാന നടപടികൾ: 1) ഉയർന്നജാതി മരച്ചീനി കൃഷിചെയ്യുക, 2) ശരിയായി വളംചേർക്കുക. 3) കൃഷിരീതികൾ വേണ്ടവിധം പരിഷ്കരിക്കുക, 4) എലി, തുരപ്പൻ മുതലായവയുടെ ശല്യങ്ങൾക്കു വേണ്ട നിവാരണമാർഗ്ഗങ്ങൾ അനുഷ്ഠിക്കുക എന്നിവയാകുന്നു. മരച്ചീനികൃഷി വികസിപ്പിക്കാനുള്ള സാദ്ധ്യതകൾ നമ്മുടെ നാട്ടിൽ ധാരാളമായുണ്ടു്. ഇവയെ നാം വേണ്ടവിധം വിനിയോഗിക്കുന്നപക്ഷം നമ്മുടെ ഭക്ഷ്യപ്രശ്നത്തിനു ഒരു ശരിയായ പരിഹാരമുണ്ടാവുകയും കർഷകരുടെ സാമ്പത്തികനില അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യും.

(ഭക്ഷ്യോല്പാദനബോർഡിൽനിന്നു പ്രസിദ്ധപ്പെടുത്തുന്നതു്.)

---

ക്ഷാൽ അർഹതയുള്ളവരുടെ നാമകരണത്തിനു വിഘാതകരമായ കള്ളറിപ്പോർട്ടുകൾ പ്രചരിപ്പിക്കയെന്ന ഘട്ടത്തോളം വ്യാപിക്കുകയുംചെയ്തു. 14-ാം ഗ്രിഗോരിയോസ് മാർപ്പാപ്പ അതിരുകടന്ന ഈ പ്രസ്ഥാനം അമർത്താൻവേണ്ടി ഒരു ബൂളമൂലം കർദ്ദിനാൾമാരുടെ നാമനിർദ്ദേശങ്ങളിൽ കൈകടത്തുന്നവരെ സഭാഭ്രഷ്ടരാക്കുന്നതാണെന്നു് വിധികല്പിച്ചു.

ത്രെന്തോസ് സൂനഹദോസിന്റെ ചരിത്രകർത്താവായ കാർഡിനൽ സ്ഫോഴ്സ (Cardinal Sforza Pallavicini) എന്ന ദേഹം "ഒരു കർദ്ദിനാളിന്റെ സൃഷ്ടി" (Creation of a Cardinal) എന്ന ഔദ്യോഗികവാചകത്തെ താഴെപ്പറയുംപ്രകാരം വ്യാഖ്യാനിച്ചിരിക്കുന്നു. "കീഴിലുള്ള സ്ഥാനമാനങ്ങളൊന്നും സംലബ്ധമായിട്ടില്ലെങ്കിലും മേൽപ്രകാരം നല്കപ്പെടുന്ന മഹോന്നതപദവിയോടു് അതെല്ലാം അനുബദ്ധമാണെന്നത്രെ പ്രസ്തുതപദങ്ങളാൽ അർത്ഥകല്പനം ചെയ്യുന്നതു്. തന്നിമിത്തം മാർപ്പാപ്പ ഒരാളെ കർദ്ദിനാൾ ആക്കി ഉയർത്തുമ്പോൾ സമസ്തപദവികളുടെയും കേന്ദ്രസ്ഥനായിരുന്നാലെന്നപോലെ അദ്ദേഹം പാപ്പയാൽ നാസ്തിത്വത്തിൽനിന്നു് അസ്തിത്വത്തിലേക്കു് ആഹൂതനായി ഭവിക്കുന്നു."

കർദ്ദിനാൾമാരുടെ സർവ്വപ്രധാനമായ കർത്തവ്യം കോൺക്ലേവുകളിൽവെച്ചു് മാർപ്പാപ്പമാരെ തിരഞ്ഞെടുക്കുകയെന്നതാണു്. ഇതു് ആ തിരുസംഘത്തിന്റെ അനന്യലബ്ധമായ അവകാശവുമാകുന്നു. പഴയകാലത്തു് പ്രാമാണികരായ ചിലഅൽമായക്കാർക്കും തിരഞ്ഞെടുപ്പിൽ കുറച്ചൊക്കെ ബന്ധം ഇല്ലാതിരുന്നില്ല. 769-ൽ ലാററനിൽ സമ്മേളിച്ച പൊതുസൂനഹദോസിൽവെച്ചു് മൂന്നാം സ്റ്റെപ്പാനോസ് പാപ്പ ഈ മാമൂൽ നിരോധിക്കയും പരിശുദ്ധ സിംഹാസനത്തിലേക്കുള്ള തിരഞ്ഞെടുപ്പിൽ പങ്കുകൊള്ളാൻ വൈദികർക്കുമാത്രമേ പാടുള്ളുവെന്നു് തീർപ്പുകല്പിക്കയും ചെയ്തു. എന്നാൽ തിരഞ്ഞെടുപ്പുകാരുടെ സംഖ്യ പിന്നേയും ബഹുലമായതിനാൽ കൃത്യനിർവ്വഹണാർത്ഥം അവരിൽനിന്നു് ഭിന്നഭിന്നങ്ങളായ പല പുതിയ പദ്ധതികളും ആവിഷ്കൃതമായി. ഏതന്മൂലം 1179-ൽ മൂന്നാം അലക്സാണ്ടർ മാർപ്പാപ്പ സഭാദ്ധ്യക്ഷന്റെ തിരഞ്ഞെടുപ്പു് നടത്തുന്നവർ കർദ്ദിനാൾമാർ മാത്രമായിരിക്കണമെന്നും ആകെയുള്ളതിൽ മൂന്നിൽ രണ്ടുഭാഗം വോട്ടുകൾ തിരഞ്ഞെടുക്കപ്പെടുന്ന ആൾക്കു് ലഭിച്ചിരിക്കണമെന്നും ക്ലിപ്തപ്പെടുത്തി. അദ്ദേഹത്തിന്റെ അനുഗാമിയായി വാഴ്ചയേററ മൂന്നാം ലൂഷിയസ് ആയിരുന്നു ഈ തിരുമാനപ്രകാരം കർദ്ദിനാൾ സംഘത്താൽമാത്രം തിരഞ്ഞെടുക്കപ്പെട്ട ഒന്നാമത്തെ തിരുസിംഹാസനാരൂഢൻ. 1378-മുതൽ കർദ്ദിനാൾ അല്ലാത്ത ആരും പാപ്പാസ്ഥാനത്തു് അവരോധിക്കപ്പെടുകയും ഉണ്ടായിട്ടില്ല.

(തുടരും)




## തീനാക്കുകൾ

ഈശോ ഉത്തരമായി അവനോടു് അരുളിച്ചെയ്തു; എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം കാക്കുന്നു; അപ്പോൾ എന്റെ പിതാവു് അവനെ സ്നേഹിക്കുകയും, ഞങ്ങൾ അവന്റെ അടുക്കൽവന്നു് അവനോടുകൂടി വസിക്കയും ചെയ്യും. എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം കാക്കുന്നില്ല. നിങ്ങൾ കേൾക്കുന്ന ഈ വചനം എന്റേതല്ല, എന്നെ അയച്ച പിതാവിന്റേതു് ആകുന്നു. ഞാൻ നിങ്ങളുടെ അടുക്കൽ ആയിരിക്കുമ്പോൾ ഇവ നിങ്ങളോടു പറഞ്ഞിരിക്കുന്നു. എങ്കിലും എന്റെ പിതാവു് എന്റെ നാമത്തിൽ അയക്കുന്ന പരിശുദ്ധാത്മാവായ പാറക്ലേത്താതന്നെ നിങ്ങളെ സകലവും പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറയുന്നവയെല്ലാം നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും. സമാധാനം നിങ്ങൾക്കായി ഞാൻ വിട്ടിരിക്കുന്നു; എന്റെ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നതു്. നിങ്ങളുടെ ഹൃദയം കലങ്ങേണ്ട, ഭയപ്പെടുകയും വേണ്ട; ഞാൻ പോകുന്നു എന്നും പിന്നെ നിങ്ങളുടെ അടുക്കലേക്കു വരുമെന്നും ഞാൻ പറഞ്ഞതു് നിങ്ങൾ കേട്ടുവല്ലോ. നിങ്ങൾ എന്നെ സ്നേഹിച്ചിരുന്നുവെങ്കിൽ ഞാൻ എന്റെ പിതാവിന്റെ അടുക്കലേക്കു പോകുന്നതുകൊണ്ടു് നിങ്ങൾ സന്തോഷിക്കുമായിരുന്നു. എന്തെന്നാൽ എന്റെ പിതാവു് എന്നെക്കാൾ വലിയവൻ ആകുന്നു. അതു സംഭവിക്കുമ്പോൾ നിങ്ങൾ വിശ്വസിക്കേണ്ടതിനായി അതു സംഭവിക്കുന്നതിനു മുമ്പേ ഇതാ! ഇപ്പോൾ നിങ്ങളോടു ഞാൻ പറഞ്ഞിരിക്കുന്നു. ഞാൻ ഇനി നിങ്ങളോടു വളരെ സംസാരിക്കയില്ല; എന്തെന്നാൽ ലോകത്തിന്റെ പ്രമാണി വരുന്നു. എങ്കിലും അവനു് എന്നിൽ ഒന്നുമില്ല. എന്നാൽ ഞാൻ എന്റെ പിതാവിനെ സ്നേഹിക്കുന്നു എന്നും, എന്റെ പിതാവു് എന്നോടു കല്പിച്ചതുപോലെതന്നെ ഞാൻ ചെയ്യുന്നു എന്നും ലോകം അറിയേണ്ടതിനു്, എഴുന്നേല്പുവിൻ, നമുക്കു് ഇവിടെ നിന്നു പോകാം.

ഹിന്ദുമതസംസ്കർത്താവായ രാംമോഹൻ റോയി ഇപ്രകാരം പറഞ്ഞിട്ടുണ്ടു്: "മതതത്വങ്ങളെ സംബന്ധിച്ചു് ഞാൻ വളരെക്കാലം നിർവിഘ്നം നടത്തിയ ഗവേഷണങ്ങളുടെ ഫലം ഇതാണു്: ക്രിസ്തുവിന്റെ തത്വങ്ങളാണു് മററുള്ളവയെക്കാൾ സന്മാർഗ്ഗികജീവിതത്തിനു കൂടുതൽ അനുയോജ്യവും ബുദ്ധിജീവികളായ മനുഷ്യർക്കു കൂടുതൽ സ്വീകാര്യവും." കേശബ് ചന്ദ്രസേൻ ക്രിസ്തുവിനെക്കുറിച്ചു് വികാരാവേശത്തോടെ പലതും പ്രസ്താവിക്കുന്നുണ്ടു്: "കാൽശതാബ്ദത്തോളം ക്രിസ്തുവായിരുന്നു എന്റെ പാനവിഷയം... ...എന്റെ സ്ഥാനം ക്രിസ്തുവിന്റെ പാദാന്തികത്തിലാണു്. പൗലോസിനോടുകൂടി ഞാനും: എനിക്കു ജീവിക്കുക എന്നുള്ളതു ക്രിസ്തുവാകുന്നു, എന്നു നിലവിളിച്ചു പറയും...." ഇങ്ങനെ ക്രിസ്തുവിൽ സ്നേഹവിശ്വാസാദരങ്ങൾ സമർപ്പിച്ചിട്ടുള്ളവരും അങ്ങയുടെ വ്യക്തിമാഹാത്മ്യത്തേയും മതതത്വങ്ങളുടെ വൈശിഷ്ട്യത്തേയും വാനോളം പുകഴ്ത്തുന്നവരും ഇതരമതങ്ങളെ അപേക്ഷിച്ചു് ക്രിസ്തുമതത്തിനുള്ള മേന്മയും ഔന്നത്യവും സുതരാം ഗ്രഹിച്ചിട്ടുള്ളവരുമായ അഭ്യസ്തവിദ്യരായ ഹൈന്ദവർ ഭാരതത്തിൽ ധാരാളം ഉണ്ടായിട്ടുണ്ടു്, ഇന്നുമുണ്ടു്. വിവിധക്രൈസ്തവസഭകളിൽ പെട്ടവരിൽത്തന്നെ സത്യസഭ കത്തോലിക്കാസഭയാണെന്നു പൂർണ്ണവിശ്വാസമുള്ള പലരേയും നാം കണ്ടുമുട്ടാറുണ്ടു്. "നിങ്ങൾ വല്ലപ്പോഴും നമ്മുടെ സഭ വിട്ടുപോകയാണെങ്കിൽ തീർച്ചയായും കത്തോലിക്കാസഭയിൽ മാത്രമേ പ്രവേശിക്കാവൂ" എന്നു ഉപദേശിച്ചിട്ടുള്ള പല അകത്തോലിക്കാ മെത്രാന്മാരും ജനനേതാക്കന്മാരും ഈ കേരളത്തിൽപ്പോലും ഉണ്ടെന്നുള്ളതു പരസ്യമായ ഒരു രഹസ്യമാണു്. എന്നാൽ, സത്യം ഗ്രഹിച്ചിട്ടും ആ സത്യത്തിനനുസരിച്ചു് പ്രവർത്തിക്കുവാൻ—സത്യസഭയെ ആശ്ലേഷിക്കുവാൻ—വേണ്ട ഉൾവെളിച്ചവും ഉൾക്കരുത്തും ഇവർക്കു് എന്തുകൊണ്ടാണു് ലഭിക്കാത്തതു്? പരിശുദ്ധാരൂപിയുടെ പ്രകാശം അവർക്കില്ലാത്തതുകൊണ്ടുതന്നെ. അവർ വലിയ പണ്ഡിതന്മാരായിരിക്കാം; ശാസ്ത്രജ്ഞന്മാരായിരിക്കാം; മതോപദേശങ്ങൾ അവർ ധാരാളം ശ്രവിച്ചിട്ടുണ്ടായിരിക്കാം; വിശുദ്ധഗ്രന്ഥങ്ങൾ അവർ പാരായണം ചെയ്തിട്ടുണ്ടായിരിക്കാം; ക്രിസ്തുമതത്തിന്റെ അനവദ്യമായ ഭംഗിയും അവർ ഗ്രഹിച്ചിട്ടുണ്ടായിരിക്കാം; എങ്കിലും അവരുടെ അന്തരാത്മാവിൽ അന്ധകാരം കുടികൊള്ളുന്നുണ്ടായിരിക്കും. ആ അന്ധകാരത്തെ ദൂരീകരിക്കുവാൻ പരിശുദ്ധാരൂപിയുടെ പ്രകാശം ലഭിക്കേണ്ടിയിരിക്കുന്നു. അപ്പോൾമാത്രമേ സത്യസഭയെ ആശ്ലേഷിക്കുന്നതിനുള്ള വരം അവർക്കു സംസിദ്ധമാകയുള്ളു. പന്തക്കുസ്താദിവസത്തിൽ — കത്തോലിക്കാസഭയുടെ ഉൽഘാടനമഹാമഹത്തിൽ — പരിശുദ്ധാരൂപി ക്രിസ്തുശിഷ്യരുടേമേൽ ഇറങ്ങിയതു തീനാക്കുകളുടെ രൂപത്തിലായിരുന്നുവെന്നുള്ളതു അർത്ഥസംപുഷ്ടവും സൂചനാസമൃദ്ധവുമാണു്. അഗ്നി അന്ധകാരത്തെ ഇല്ലാതാക്കി പ്രകാശം നൽകുന്നു. ഇരുട്ടുള്ള മുറിയിൽ ഒരു തിരി കത്തിച്ചുവെച്ചാൽ ആ മുറി മുഴുവനും പ്രകാശപൂരിതമാകുന്നു. അന്ധകാരാവൃതമായ ഒരു രാത്രിയിൽ എവിടെയെങ്കിലും അഗ്നിബാധയുണ്ടാകുമ്പോൾ അതിന്റെ വെളിച്ചം വളരെനാഴിക ദൂരത്തേക്കു് ദൃശ്യമാകുന്നു. ഏററവും വലിയ അഗ്നിഗോളമായ സൂര്യനല്ലേ നമ്മുടെ ഭൂമിയേയും മററു ഗ്രഹങ്ങളേയും പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നതു്? ഇതുപോലെതന്നെ പരിശുദ്ധാരൂപിയും മനുഷ്യരുടെ ഹൃദയാന്തർഭാഗങ്ങളിലുള്ള അന്ധകാരത്തെ—അജ്ഞതയേയും അബദ്ധധാരണകളേയും—പാടേ വിപാടനം ചെയ്യുന്നു. ശ്ലീഹന്മാരുടെ കാര്യത്തിൽ ഇതു പ്രസ്പഷ്ടമാണു്. ദിവ്യരക്ഷകൻ മൂന്നു വർഷത്തോളം അവർക്കു ഉപദേശങ്ങൾ നൽകി. അവരുടെ ഭൗതികമനസ്ഥിതിയും, മുൻവിധികളും, അബദ്ധങ്ങളും മാററുവാനായി പരിശ്രമിച്ചു; ദൈവരാജ്യത്തെക്കുറിച്ചുണ്ടായിരുന്ന തെററിദ്ധാരണകൾ നീക്കുവാനും തന്റെ മനുഷ്യാവതാരത്തിന്റെ പരമോദ്ദേശ്യത്തെ അവരെ മനസ്സിലാക്കുവാനുംവേണ്ടി അക്ഷീണം യത്നിച്ചു; എങ്കിലും യാതൊരു ഫലവുമുണ്ടായില്ല. എന്നാൽ തീനാക്കുകളുടെ രൂപത്തിൽ പരിശുദ്ധാരൂപി അവരുടെമേൽ ആഗതനായപ്പോൾ മട്ടെല്ലാം മാറി. അവരുടെ ബുദ്ധിയും മനസ്സും പ്രകാശപൂരിതമായി; അവർ വിജ്ഞാനികളായി, നീണ്ട പഠനങ്ങൾകൊണ്ടോ അഗാധങ്ങളായ ഗവേഷണങ്ങൾകൊണ്ടോ അല്ല, പ്രത്യുത പരിശുദ്ധാരൂപിയുടെ പ്രകാശത്താൽ. ഒരിക്കൽപ്പോലും ഒരു സദസ്സിൽ പ്രസംഗിച്ചിട്ടില്ലാത്തവരിൽനിന്നു വാഗ്മിതാധോരണികൾ പ്രവഹിച്ചു. എവിടെ? വല്ല മുക്കിലോ, മൂലയിലോ, കുഗ്രാമങ്ങളിലോ ആണോ? അല്ല; വിജ്ഞാനത്തിന്റേയും പരിഷ്കാരത്തിന്റേയും താണ്ഡവരംഗങ്ങളായിരുന്ന റോമ, ആതൻസ്, കൊറിന്ത എന്നീ നഗരങ്ങളിൽ! അതും വിജ്ഞാനസാഗരം കടഞ്ഞെടുത്താൽമാത്രം കിട്ടുന്ന ചില പുതിയ തത്വങ്ങൾ!

അകത്തോലിക്കർ സത്യം ഗ്രഹിക്കുന്നതിനും സത്യസഭയെ ആശ്ലേഷിക്കുന്നതിനും മാത്രമല്ല. കത്തോലിക്കർ യഥാർത്ഥകത്തോലിക്കരായി ജീവിക്കുന്നതിനും പരിശുദ്ധാരൂപിയുടെ പ്രകാശം കൂടിയേകഴിയൂ. വിവാഹജീവിതത്തെക്കുറിച്ചുള്ള ചില തെററായ ധാരണകൾ പലരും വെച്ചുപുലർത്തുന്നതും, കരിഞ്ചന്തയും കൊട്ടാചതിയുമെല്ലാം ബിസ്നസ്സ് തന്ത്രങ്ങൾ മാത്രമാണെന്നു പറഞ്ഞു് മനസ്സാക്ഷിയിൽ വെണ്ണ പുരട്ടുന്നതും, സ്വരക്ഷയ്ക്കും സ്വാർത്ഥത്തിനും വേണ്ടി നുണയും ചതിയും—മററുള്ളവക്കെന്തു സംഭവിച്ചാലും വേണ്ടതില്ല—നീതീകരിക്കത്തക്കതാണെന്നു സ്വയം വിധിപാസ്സാക്കുന്നതുമെല്ലാം പരിശുദ്ധാരൂപിയുടെ വെളിച്ചം ഇല്ലാത്തതുകൊണ്ടാണു്. പഠിച്ചു് പഠിച്ചു് ചിലർ "തലതിരിഞ്ഞു" പോകുന്നതും ഇതുകൊണ്ടുതന്നെയാണു്. വിദ്യാർത്ഥികളും പണ്ഡിതന്മാരും പ്രത്യേകമായ വിധത്തിൽ പരിശുദ്ധാരൂപിയുടെ സഹായം അഭ്യർത്ഥിക്കണം.

അഗ്നിയുടെ മറെറാരു കൃത്യം പവിത്രീകരണമാണു്. ലോഹങ്ങൾ അഗ്നിയിലാണു് ശുദ്ധമാക്കപ്പെടുന്നതു്. ഇതുപോലെതന്നെ പരിശുദ്ധാരൂപിയും വലിയൊരു പവിത്രീകരണശക്തിയാണു്. പാപത്തിന്റെ പങ്കവും തുരുമ്പും ദുർവികാരങ്ങളുടെ മുഴപ്പുകളുമെല്ലാം ദഹിപ്പിച്ചുകളഞ്ഞു് ആദ്ധ്യാത്മികജീവിതം സംശുദ്ധമാക്കുവാൻ ആ ദിവ്യാഗ്നി ഉപകരിക്കുന്നു. സ്ഥാനമാനങ്ങൾക്കുള്ള അത്യാഗ്രഹം, കോപം, പ്രതികാരേച്ഛ, ഭീരുത്വം തുടങ്ങിയ ദുർഗ്ഗുണങ്ങളുടെ വിഹാരരംഗങ്ങളായിരുന്ന ശ്ലീഹന്മാർ പരിശുദ്ധാരൂപിയെ സ്വീകരിച്ചതിനുശേഷം എങ്ങനെ രൂപാന്തരം പ്രാപിച്ചു എന്നുള്ളതു് സുവിശേഷത്തിൽനിന്നു വ്യക്തമാണല്ലോ. നമ്മിലും ദുർവികാരങ്ങളുടെ വിജൃംഭണങ്ങളും വേലിയേററങ്ങളും പലപ്പോഴും ഉണ്ടാകുന്നില്ലേ? തദവസരങ്ങളിൽ നാം പരിശുദ്ധാരൂപിയുടെ സഹായം അഭ്യർത്ഥിക്കുന്നതായാൽ അങ്ങേ ദിവ്യാഗ്നി നമ്മെ പവിത്രമായി കാത്തുസംരക്ഷിക്കാതിരിക്കയില്ല. ഈ ദിവ്യാഗ്നിയില്ലെങ്കിൽ നാം ദുർവികാരങ്ങളുടെ ഒരു കളിപ്പാട്ടമായിത്തീരുന്നതാണു്.

അഗ്നിയുടെ മറെറാരു ധർമ്മം ചൂടുപിടിപ്പിക്കുകയെന്നതാണു്. തന്നെ സമീപിക്കുന്ന ഏതൊരു വസ്തുവിനേയും അഗ്നി ചൂടുപിടിപ്പിക്കുന്നു. ഒരു ഇരുമ്പിൻകഷണം അഗ്നിയിലിട്ടാൽ അതു ക്രമേണ അഗ്നിമയമായിത്തീരുകയും ഒരു അഗ്നിഖണ്ഡമായി രൂപാന്തരം പ്രാപിക്കയും ചെയ്യുന്നു. ഇതുതന്നെ പരിശുദ്ധാരൂപിയും നിർവ്വഹിക്കുന്നു. തണുത്ത ഹൃദയങ്ങളെ ചൂടുപിടിപ്പിക്കുവാനും, ദിവ്യസ്നേഹാഗ്നി അവയിൽ ആളിക്കത്തിക്കുവാനും പരിശുദ്ധാരൂപി സഹായിക്കുന്നു. പാപത്തെയൊഴിച്ചു് മററു യാതൊന്നിനേയും ഭയപ്പെടാതെയും, സ്വർഗ്ഗമാർഗ്ഗത്തിൽ നേരിടുന്ന പ്രതിബന്ധങ്ങളെ ക്ലേശലേശമെന്യേ തട്ടിമാററിക്കൊണ്ടും, ഭീഷണിയോ മർദ്ദനമോ നേരിട്ടാലും കർത്തവ്യമാർഗ്ഗത്തിൽനിന്നു അണുപോലും വ്യതിചലിക്കാതേയും ജീവിക്കുവാനും വേണ്ടിവന്നാൽ ക്രിസ്തുവിനുവേണ്ടി ജീവൻ പോലും ആഹുതിചെയ്യുന്നതിനുള്ള ആത്മധൈര്യം സംസിദ്ധമാകുവാനും പരിശുദ്ധാരൂപിയുടെ ദിവ്യാഗ്നി നമ്മിൽ കത്തിജ്വലിക്കണം. ശ്ലീഹന്മാരുടെ ചരിത്രം ഇതിനു് മകുടോദാഹരണമാണു്. ക്രിസ്തു ബന്ധനസ്ഥനാകുമെന്നു കണ്ടപ്പോൾ അങ്ങയെ ഉപേക്ഷിച്ചുകൊണ്ടു ഓടിപ്പോയവരും, യൂദന്മാരെ ഭയപ്പെട്ടുകൊണ്ടു ഒളിച്ചിരുന്നവരുമായ ശ്ലീഹന്മാർ പരിശുദ്ധാരൂപിയെ സ്വീകരിച്ചതിനുശേഷം എങ്ങനെയുള്ളവരായിത്തീർന്നു? "ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ നിന്നു് ആർ എന്നെ വേർതിരിക്കും? കഷ്ടാനുഭവങ്ങളോ? ... ... .........വാളോ?" എന്നു പൗലോസ് ചോദിക്കുന്നു. പരിശുദ്ധാരൂപിയുടെ ഈ ദിവ്യസ്നേഹാഗ്നി നമ്മിലും ആളിക്കത്തിക്കണം. അപ്പോൾ മാത്രമേ ഒരു യഥാർത്ഥ കത്തോലിക്കനെന്നു് പരസ്യമായി പ്രഖ്യാപിച്ചുകൊണ്ടു ജീവിക്കുവാനുള്ള ഉൾക്കരുത്തു നമുക്കു് ലഭിക്കയുള്ളു. കേരളീയ കത്തോലിക്കരിൽ ഈ ദിവ്യാഗ്നിയുടെ അഭാവം ധാരാളമില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സാമൂഹ്യവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽ ക്രിസ്തുവിനും സഭയ്ക്കും വേണ്ടി പോരാടുവാനുള്ള സന്നദ്ധതയില്ലാതെ ഒരു തണുത്ത മനസ്ഥിതിയല്ലേ നാം വെച്ചുപുലർത്തുന്നതു്? നാമെല്ലാവരുംതന്നെ ഹൃദയപൂർവ്വവും ഉള്ളുരുകിക്കൊണ്ടും പരിശുദ്ധാരൂപിയോടു പ്രാർത്ഥിക്കണം; നമ്മുടെ ഭരണാധിപന്മാർക്കും ജനനേതാക്കന്മാർക്കുംവേണ്ടി പ്രാർത്ഥിക്കണം: "ചൊവ്വുള്ളവയെ ഗ്രഹിപ്പാനും അങ്ങേ ആശ്വാസത്താൽ എപ്പോഴും ആനന്ദിപ്പാനും". പരിശുദ്ധാരൂപിയെപ്പററി കേട്ടിട്ടുപോലുമില്ലെന്നു ശ്ലീഹന്മാരോടു പറഞ്ഞ ആദിമക്രിസ്ത്യാനികളെക്കാൾ ഭേദമാണോ നാം എന്നു ആത്മശോധന ചെയ്യുന്നതും നന്നായിരിക്കും.

(ജെ. ചെമ്മണൂർ)

**TheCatholicSyrianBank, Ltd.**

HEAD OFFICE — TRICHUR

BRANCHES:— Cochin, Chalakudi, Chittur, Ernakulam, Erode, Irinjalakuda, Kodumudi, Karur, Kunnamkulam, Kandassankadavu, Palathode, Trichur, Trippunithura, Thoppumpadi, Trivandrum & Valanjambalam.

RECEIVES (For a very short period.)

SEASON DEPOSITS

For 6 months @ 4 % P. a.
For 4 to 5 months @ 3½ % P. a
For 3 months @ 3¼ % P. a.

GRANTS

LOANS & ADVANCES

on Gold, Goods & produce & other approved Securities at moderate rates of interest.

M. R. Ry. Chalissery Antony Pyloth Avl.
" Pallan Antony Devassy " B. A. } Managing Directors
" Chalissery Lonappen Joseph, "

Trichur
28—4—51 }

GENERAL MANAGER

സ്വർണ്ണപ്പണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്കു്
ബാങ്ക് ഓഫ്
കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലൻഡ്

## യാത്രയയപ്പ്

പോർട്ടുഗീസ് ഈസ്റ്റാഫ്രിക്കായിലെ നമ്പൂചാ രൂപതയിലേക്കു സ്ഥലംമാറിപ്പോകുന്ന മൈലാപ്പൂർ മെത്രാൻ റൈററ് റവ. ഡോം എം. ഗരെയിറൊ ഡി. ഡി. പിഎച്ച്. ഡി. തിരുമനസ്സിലേക്കു് മൈലാപ്പൂർ രൂപതയിലെ വൈദികരും അൽമേനികളും ചേർന്നു് ഏപ്രിൽ 15-ാംനു ഗംഭീരമായ ഒരു യാത്രയയപ്പു നല്കിയിരിക്കുന്നു.

# മക്കളുടെ കൂട്ടുകാർ

(തോമസ് സെബാസ്റ്റ്യൻ ബി. എ., എൽ. ററി)

ഒരു കേസ്സിൽ വാദിയായോ പ്രതിയായോ വാദിക്കുവാൻ നിങ്ങൾക്കിടയായിട്ടുണ്ടോ? ഉണ്ടെങ്കിൽ കോടതിയിൽ ആ കേസ്സു വിചാരണയിലിരുന്ന കാലം ഒന്നോർത്തുനോക്കുക. എപ്പോഴും ആ വിചാരം നിങ്ങളെ അലട്ടിയിരുന്നില്ലേ? പ്രതിയാണെങ്കിൽ ക്ലേശം വളരെ കൂടുതലല്ലേ? ക്രിമിനൽ കേസ്സാണെങ്കിലോ പറയാനുമില്ല.

ഇന്നു നിങ്ങൾ പ്രമാദമായ ഒരു കേസ്സിൽ പ്രതിയാണെന്നറിയാമോ? $5\frac{1}{2}$ ലക്ഷവും മററുമല്ല. അതിലൊക്കെ പ്രമാദമായ ഒരു കേസ്സ്. പിതാവു ഒന്നാംപ്രതി. മാതാവു രണ്ടാംപ്രതി. വാദിയോ സ്വർഗ്ഗീയസർക്കാരും. കളവുകൊണ്ടും കൈക്കൂലികൊണ്ടും മററും മറിക്കാമെന്നു വിചാരിക്കേണ്ടാ. കേസ്സെന്താണെന്നോ? സ്വർഗ്ഗീയരാജന്റെ ഒരു പുത്രനെ കാവലിനായി നിങ്ങളെ ഏല്പിച്ചു—പരിശുദ്ധമായ ആ കുഞ്ഞിനെ, ദൈവരാജന്റെ സുന്ദരച്ഛായയിലുള്ള ആ കുഞ്ഞിനെ. നിങ്ങളോ അതിന്റെ സൌന്ദര്യം നശിപ്പിച്ചു ശുദ്ധത നഷ്ടപ്പെടുത്തി, അതിനെ പ്രാകൃതമാക്കി. ഉടമസ്ഥൻ കുഞ്ഞിനെ തിരികെ ചോദിച്ചപ്പോൾ നിങ്ങൾ പറയുന്നു: കുഞ്ഞിനെ വളർത്താൻവേണ്ട സമയവും സൌകര്യവും ഞങ്ങൾക്കു കിട്ടിയില്ല. അതുകൊണ്ടു് മറെറാരാളെ ഏല്പിച്ചിരിക്കുകയാണു് വളർത്താനെന്നു്. ആരേ? പിശാചിനെ. കോഴി വളർത്താൻ കുറുക്കനെ ഏല്പിച്ചതുപോലെ. എന്നിട്ട്, നിങ്ങൾ എന്തുചെയ്യുന്നു? അതിന്റെ ലൗകികസുഖഭോഗങ്ങൾക്കുള്ള വകതേടിപ്പോകുന്നു. വളർത്തുന്നതിനു നിങ്ങൾക്കൊരു കൂലിയും പറഞ്ഞുറപ്പിച്ചിരുന്നു — നിത്യസൌഭാഗ്യം. അതു പോയതുമാത്രമോ? നിങ്ങൾ കാണിച്ച വഞ്ചനയ്ക്കുള്ള ശിക്ഷയുംകൂടി നിങ്ങളുടെ തലയിൽ!

ചില മനുഷ്യരുടെ പരക്കംപാച്ചിൽ കണ്ടാൽ അവരെപ്പററി സഹതാപംതോന്നും. അവർ ബദ്ധപ്പെടുകയാണു് മക്കളെ പണക്കാരാക്കാൻ, മുതലാളിമാരാക്കാൻ, വലിയ വലിയ എസ്റ്റേററുകൾ ഉണ്ടാക്കാൻ, കായൽ കുത്തിയെടുക്കാൻ. ഈ പരക്കംപാച്ചിലിനിടയിൽ അവർ ആർക്കുവേണ്ടി പ്രയത്നിക്കുന്നുവോ ആ കുഞ്ഞുങ്ങളുടെ കാര്യം മറന്നുപോകുന്നു. അവർ എങ്ങനെ വളരുന്നു? എന്തൊക്കെ കാട്ടിക്കൂട്ടുന്നു? എന്തൊക്കെ സംസാരിക്കുന്നു? ആരുടെ ഒക്കെ കൂടെ സഹവസിക്കുന്നു? ഇതൊന്നും ഈ കൃത്യാന്തരവ്യഗ്രതക്കാർ അറിയുന്നേയില്ല. അത്രേയുള്ളോ? എന്റെ ഒരു സ്നേഹിതനോടു ഞാൻ ചോദിച്ചു അങ്ങേക്കു് എത്ര മക്കളുണ്ടെന്നു്. പറഞ്ഞ മറുപടി—ഫലിതമായിട്ടായിരിക്കാം — "വീട്ടിൽചെന്നു ശാന്തമായിരുന്നുകഴിഞ്ഞാൽ പറയാം" എന്നായിരുന്നു.

ചില ആത്തിപിടിച്ച മനുഷ്യരുണ്ടു്. അവർക്കു അവരുടെ മക്കളെ ശരിയായ പരിചയംപോലുമില്ല. അതിരാവിലേ വീട്ടിൽനിന്നിറങ്ങും, രാത്രി കുഞ്ഞുങ്ങൾ ഉറക്കംപിടിച്ചേ തിരികെ വരികയുള്ളു. അടുത്ത ദിവസവും അടുത്ത ദിവസവും പരിപാടി ഇതുതന്നെ. ഞായറാഴ്ച ഒളിഞ്ഞുനിന്നു് അപ്പനെ ഒന്നു കാണാൻ മക്കൾക്കു സാധിച്ചേക്കും. പക്ഷേ അപ്പന്റെ അടുത്തൊന്നു ചെല്ലാൻ, മടിയിലൊന്നു കയറി ഇരിക്കാൻ, കവിളിൽ ഒരുമ്മവയ്ക്കാൻ, കുഞ്ഞിനവസരമില്ല. അത്രമാത്രം കാര്യവ്യഗ്രതയും സന്ദർശകരുടെ ബഹളവുമാണു് ഞായറാഴ്ചപോലും. നാട്ടുകാര്യം, സമുദായകാര്യം, രാഷ്ട്രീയകാര്യം, എന്നുവേണ്ട ലോകം മുഴുവൻ അയാളുടെ തലയിലാണു്!

ഞാൻ ഒരു മലമ്പ്രദേശത്തുകൂടി കാൽനടയായി പോകുകയായിരുന്നു യാത്രാമദ്ധ്യേ പരിചയപ്പെട്ട ഒരു സഹയാത്രക്കാരനോടു് ആ വഴിവക്കിലുള്ള തോട്ടങ്ങൾ ആരുടെ വകയാണെന്നു ചോദിച്ചു. "മുതലാളിടെ" എന്നായിരുന്നു മറുപടി. എന്റെ ജിജ്ഞാസ അടക്കി ഒരു മൈൽകൂടെ നടന്നു. ഞാൻ ആ ചോദ്യം ആവർത്തിച്ചു. അപ്പോഴും കിട്ടി "മുതലാളിടെ" എന്ന മറുപടി കുറെ ദൂരംകൂടെ നടന്നപ്പോൾ കണ്ട ബംഗ്ലാവു് ആരുടേതാണെന്നു ചോദിച്ചപ്പോൾ "ഇതെന്തു ചോദ്യമാണു്; പറഞ്ഞില്ലേ ഇതെല്ലാം മുതലാളിടെ വകയാണെന്നു്." "ഏതു മുതലാളി" എന്ന എന്റെ അടുത്ത ചോദ്യത്തിനു് "നിങ്ങൾ ഏതു നാട്ടുകാരനാണു്?.... ... ...ത്തെ ... ....ച്ചൻ മുതലാളിയെ അറിയാത്തവരുണ്ടോ?" എന്നു എന്നോടു ചോദിച്ചു. അടുത്തുതന്നെ ... ...ആ......ച്ചൻ മുതലാളിയുടെ സ്വദേശത്തുള്ള സ്കൂൾവാർഷികാഘോഷങ്ങളിൽ സംബന്ധിക്കുവാൻ എനിക്കിടയായി. കുശലപ്രശ്നങ്ങൾക്കിടയിൽ മുതലാളിയോടു് മക്കൾ ഏതെല്ലാം ക്ലാസ്സുകളിൽ പഠിക്കുന്നു എന്നു ഞാൻ ചോദിച്ചുപോയി. ഉത്തരം കിട്ടാതെയുള്ള പരുങ്ങലിൽനിന്നു മുതലാളിയെ രക്ഷിച്ചതു് ആ സ്കൂളിലെ ഒരു മാസ്റ്ററാണു്. പോരേ മക്കളെപ്പററിയുള്ള ചിന്തയും ശ്രദ്ധയും.

നിങ്ങൾ തിരുക്കുടുംബരൂപം പല വിധത്തിൽ കണ്ടുകാണുമല്ലോ. ഉണ്ണിയുടെ സ്ഥാനം ഒന്നു നോക്കുക. മാതൃഹസ്തങ്ങളിൽ, അല്ലെങ്കിൽ പിതൃഹസ്തങ്ങളിൽ, അതുമല്ലെങ്കിൽ ഇരുവരുടേയും മദ്ധ്യത്തിൽ. പണിയെടുക്കുമ്പോഴും പള്ളിയിൽ പോകുമ്പോഴും. 12-ാംവയസ്സിൽ പള്ളിയിൽവച്ചു മാതാപിതാക്കളിൽനിന്നു ഒന്നു വേർപെട്ടപ്പോഴത്തെ അവരുടെ സംഭ്രമം അറിഞ്ഞുകൂടേ? നിങ്ങളുടെ കുഞ്ഞുങ്ങൾ 12 വയസ്സിലും നിങ്ങളുടെ കൂടെയാണോ പള്ളിയിൽ പോകുന്നതു്? ആൺകുട്ടികൾ പിതാവിന്റെ കൂടെയും പെൺകുട്ടികൾ മാതാവിന്റെ കൂടെയും പള്ളിയിൽ പോകണമെന്നു എന്തുകൊണ്ടു് നിഷ്കർഷിച്ചുകൂടാ? മക്കളുടെ ഏററവും വലിയ കൂട്ടുകാർ മാതാപിതാക്കളായിരുന്നാൽ എന്തു ന്യൂനതയാണുള്ളതു്? പക്ഷെ വഴിയിൽ കാണുന്ന കണ്ടവരുടെ കശുമാവെല്ലാം അവനു സർവ്വേ ചെയ്യാൻ അവസരമില്ലായിരിക്കും. മററു പല സൗകര്യക്കുറവുകളും അവനുണ്ടായേക്കും. നിങ്ങൾക്കും സമവയസ്കരുമായി "സൊള്ളി"ക്കൊണ്ടുള്ള പോക്കുവരവിനു സ്വാതന്ത്ര്യമില്ലാതായേക്കും. "അഞ്ചുവയസ്സു കഴിഞ്ഞാൽ അമ്മയും വേണ്ടാ" എന്നല്ലേ പഴഞ്ചൊല്ലു്.

തനിയേ പള്ളിയിൽ പോകുന്ന നിങ്ങളുടെ മകനു ചിലസ്വാതന്ത്ര്യങ്ങളെല്ലാമുണ്ടു്. കുട്ടികളുടെ ഇടയിൽ ഇരിക്കാം. അവരുടെ മുണ്ടു തമ്മിൽ കൂട്ടികെട്ടാം. നഖംകൊണ്ടു് ഭിത്തിയിൽ ചിത്രംവരയ്ക്കാം. കുട്ടികളുടെ ഇടയിൽ കല്ലെറിയാം. ഇതെല്ലാം നിങ്ങളുടെകൂടെ പള്ളിയിൽ പോയാൽ അവനു നഷ്ടപ്പെടും.

ഒരു പള്ളിയിൽനിന്നു കുർബാന കഴിഞ്ഞു ഞാൻ മടങ്ങുകയായിരുന്നു. എന്റെ അടുത്തു ഒരു കുട്ടിയും നടക്കുന്നു. വഴിവക്കിൽ ഒരു പശുവിനെ കെട്ടിയിരിക്കുന്നു. അവൻ ആ പശുവിനെ "ബെഹ്ളി"കൂട്ടി. പശു കയറുപൊട്ടിച്ചു ഓട്ടമായി. അവൻ പിന്നാലേയും. ടാറിട്ട റോഡായിരുന്നു. 100 വാര പോയില്ല, പശു കാലുതെററി വീണു. റോഡിൽ 10 വാരയോളം അതു തെന്നിപ്പോയി, ഒരു വലിയ "കൊക്ക"യിൽ വീണു. അയൽക്കാർവന്നു പശുവിനെ പൊക്കിനിർത്താൻ ശ്രമിച്ചപ്പോഴാണു് അതിന്റെ രണ്ടു കാൽ ഒടിഞ്ഞിരിക്കുന്നതു കണ്ടതു്. രണ്ടു ദിവസം കഴിഞ്ഞു് അതിനെ കശാപ്പുകാരൻ ചാക്കോച്ചേട്ടൻ മാംസവിലയ്ക്കു വാങ്ങി. കേവലമൊരു തെണ്ടിച്ചെറുക്കനല്ല. ഒരു കൊള്ളാവുന്ന വീട്ടിലെ കുഞ്ഞുതന്നെയായിരുന്നു അവൻ. പക്ഷെ.......അതെ അതുതന്നെയാണു് ചിന്തിക്കേണ്ടതു്.

കുട്ടികളുടെ ഏററവും വലിയ സഖാക്കൾ മാതാപിതാക്കളായിരിക്കണമെന്നാണു് ഞാൻ പറയുന്നതു്. മററാരുടെകൂടെ സമയം ചെലവഴിക്കുന്നതിനെക്കാൾ അവർക്കാനന്ദപ്രദമായിരിക്കണം മാതാപിതാക്കളുടെകൂടെ ചെലവഴിക്കുന്ന സമയം. മകൾക്കു കല്ലു കളിക്കണമോ? അമ്മ കൂടെ കളിക്കട്ടെ. മകനു ചീട്ടുകളിക്കണമോ? അപ്പൻകൂടെ ഇരുന്നു കളിക്കട്ടെ. പുഴയിൽ നീക്കാൻകുഴി ഇടണമോ. അമ്മയോ അപ്പനോ ആ ഉല്ലാസത്തിൽ പങ്കാളിയാകട്ടെ. ഞാൻ ജോലിചെയ്തിരുന്ന ഒരു നാട്ടിൽ പല വീടുകളിലും ബാററും നെററും ബോളുമുണ്ടു് 4 മണിക്കുശേഷം കൊച്ചുപിച്ച അടക്കം ആൺ പെൺ വ്യത്യാസം കൂടാതെ എല്ലാവരും വീട്ടുമുററത്തു കളിക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്. ഹാ എത്ര ആനന്ദം. എത്ര ആഹ്ലാദം. പക്ഷേ തെറിപ്പാട്ടിനു് അവിടെ സൗകര്യമില്ല.

കുഞ്ഞുങ്ങളുടെ ഏററവും, വലിയ സ്നേഹിതർ മാതാവും പിതാവുമായിരിക്കട്ടേ, കാണാം 10 വർഷത്തിനുള്ളിൽ ഭൂമുഖത്തു വിപ്ലവകരമായ ഒരു മാററം!

### അടിയന്തിരശ്രദ്ധ പതിയേണ്ട

# ആ മഹാവിപത്ത്

(ഡേവിഡ് മഹാപിള്ള)

രാഷ്ട്രീയമായും മററും കേരളീയകത്തോലിക്കർ പലവിധ അവശതകൾക്കു വിധേയരാണു്. വിദ്യാഭ്യാസം, പബ്ളിക്കുസർവ്വീസ്, ഭൂവുടമ തുടങ്ങിയ പല പ്രശ്നങ്ങളും നമ്മേ അലട്ടുന്നുണ്ടു്. ഇതൊക്കെ ഏതാണ്ടു ജീവൽപ്രശ്നങ്ങളുമായിത്തന്നെ സമുദായനേതാക്കൾ പരിഗണിക്കുന്നുമുണ്ടു്. എന്നാൽ ഇതിലുപരി ഗൗരവാവഹങ്ങളായ മററു പല പ്രശ്നങ്ങളും നമുക്കുണ്ടു്. മദ്യപാനം, വ്യവഹാരം, അലങ്കാരഭ്രമം ആദിയായ പലതും നമ്മുടെ സമുദായത്തെ സാരതരമായി ബാധിക്കുകയും അധ:പതിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഇതിലും ഗർഹണീയവും ആപൽക്കരവുമായ മററു ചില പ്രശ്നങ്ങളും നമ്മേ തുറിച്ചുനോക്കുന്നുണ്ടു്.

"ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവു നശിച്ചാൽ എന്തുഫലം?" ഒരു കത്തോലിക്കൻ ഒരിക്കലും വിസ്മരിച്ചുകൂടാത്ത ഈ മഹാതത്വം ഇന്നു സാർവ്വത്രികമായി അവഗണിക്കപ്പെട്ടിരിക്കുന്നു എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മതം മനുഷ്യന്റെ നിത്യരക്ഷയ്ക്കു ആവശ്യമാണല്ലോ. ഈ മതം മനുഷ്യനെ ദൈവത്തിങ്കലേക്കു് അടുപ്പിക്കുന്നു. എന്നാൽ തികഞ്ഞ ഭൗതികവാദികളായ നിർമ്മതപ്രസ്ഥാനക്കാരാകട്ടെ മനുഷ്യനെ ദൈവത്തിലും ദൈവാശ്രയത്തിലും നിന്നകററി, മനുഷ്യശക്തിയിലും മനുഷ്യന്റെ സഹായങ്ങളിലും മാത്രമാശ്രയിക്കുവാൻ പഠിപ്പിക്കുന്നു. ഇതിനു ഇക്കൂട്ടരുടെ ഫലപ്രദമായ പദ്ധതി സകലവിധ സാന്മാർഗ്ഗിക ധാർമ്മികാദർശങ്ങളേയും ആചാരങ്ങളേയും തകിടംമറിക്കുകയത്രെ. മനുഷ്യന്റെ പൊതുവായ അഭിവൃദ്ധിക്കും സമാധാനത്തിനും ഒഴിച്ചുകൂടാത്തതായ സത്യസന്ധത, പരസ്പരവിശ്വാസം, പരസ്നേഹം ആദിയായ ഗുണവിശേഷങ്ങളെ നശിപ്പിക്കുകയാണു് ഇക്കൂട്ടരുടെ മുന്നണിപ്രസ്ഥാനം.

ഈ മുന്നണിപ്രസ്ഥാനത്തിലെ ഇന്നത്തെ സുശക്തവും ഫലപ്രദവുമായ ആയുധങ്ങൾ സിനിമായും സാഹിത്യവുമാണു്. ഇതിൽ സിനിമായാണു് കൂടുതൽ ഫലപ്രദവും വ്യാപകവുമെന്നു നിസ്സന്ദേഹം പറയാം. ഏററം കുറച്ചു പ്രതിരോധിക്കപ്പെടുന്നതും ഈ സിനിമാതന്നെയാണു്. ഏതൊന്നിന്റെ പ്രചരണത്തിനും ഏററം ഫലപ്രദമായ ഒരുപാധിയാണു സിനിമായെന്നു യുക്തിയും അനുഭവവും തെളിയിക്കുന്നു.

മനുഷ്യഹൃദയത്തെ, വിശിഷ്യ അപക്വമായ യുവഹൃദയങ്ങളെ, അവഗാഢം സ്പർശിക്കുന്നതിനു സിനിമായ്ക്കുള്ള ശക്തി അപാരമാണു്. മനസ്സു് ശാന്തവും ആയാസരഹിതവുമായിരിക്കുമ്പോൾ ഏതൊന്നും അനായാസേന അതിൽ പതിയുന്നു. ഒരു സിനിമാശാലയിലെ അന്തരീക്ഷം ഇതിനു ഏററം പററിയതുതന്നെ. ഇരുളടഞ്ഞ ഒരു "ഹോൾ." നിശ്ശബ്ദതയും അച്ചടക്കവും നിറഞ്ഞ അന്തരീക്ഷം. മനസ്സും ബുദ്ധിയും ഇന്ദ്രിയങ്ങളും ഏകാഗ്രതയെ പ്രാപിച്ചു പ്രവർത്തനസന്നദ്ധമായി നിലകൊള്ളുന്നു. ആ ശാലയിലെ അവസാനദീപവുമണഞ്ഞു. ഏകപ്രകാശവസ്തുവായ വെള്ളിത്തിര ദൃശ്യമാകുന്നു. സകലരുടേയും സർവ്വവിധസജ്ജീകൃതമായ മനസ്സും ദൃഷ്ടിയും ബോധവും ഉൽകണ്ഠാപൂർവ്വം ആ വെള്ളിത്തിരയിലുറപ്പിക്കുന്നു. ജീവിതസംഭവങ്ങളെന്നു കരുതപ്പെടുന്ന സംഭവബഹുലമായ കഥാവസ്തുതകൾ അവിടെ ഒന്നൊന്നായി കണ്ണിനും കാതിനും അനുഭവസിദ്ധമാകുന്നു. ഇങ്ങനെ അവിടെ ദൃശ്യമാകുന്നചിത്രം അതിന്റെ ഗുണാഗുണങ്ങൾക്കനുസരണമായ ഫലം ഏകാഗ്രമായി നിലകൊള്ളുന്ന മനസ്സിലും ബുദ്ധിയിലും ഹൃദയത്തിലും ഉളവാക്കുന്നു. നന്മയെക്കാൾ തിന്മയെ സ്വീകരിക്കുന്നതിനാണല്ലോ മനുഷ്യവാസനയും ചാഞ്ചല്യവും. മനുഷ്യന്റെ മൃഗീയസ്വഭാവപ്രകൃതികളേയും വികാരങ്ങളേയും തട്ടിയുണർത്തി മനസ്സിലും ബുദ്ധിയിലും മായാത്ത മുദ്രപതിക്കുവാൻ ഇതിലും പററിയ സന്ദർഭം വേറെയെന്തുണ്ടു്? പ്രകൃതിരമണീയവും മനോമോഹനവുമായ കാഴ്ചകൾ, തികഞ്ഞ സൌന്ദര്യം, അഭിനയകലാചാതുര്യം, മധുരതരസംഗീതം സരസസംഭാഷണങ്ങളാദിയായി മനുഷ്യന്റെ വിവിധവികാരങ്ങളെ സംതൃപ്തമാക്കുന്ന നാനാവിധസംവിധാനങ്ങളോടുചേർന്നുള്ള ചലച്ചിത്രത്തിന്റെ വശ്യശക്തി അളവററതുതന്നെ.


നിർഭാഗ്യവശാൽ ഇന്നത്തെ ചലച്ചിത്രങ്ങളധികവും അശ്ലീലങ്ങളും ദുർമ്മാർഗ്ഗപ്രേരിതങ്ങളുമാണെന്നുള്ളതു അനിഷേദ്ധ്യമായ ഒരു യാഥാർത്ഥ്യമാണു്. മോഷണം, വ്യഭിചാരം, വിദ്വേഷം, വിപ്ലവം ആദിയായ തിന്മകൾക്കു സമർത്ഥമായി മാർഗ്ഗം കാട്ടിക്കൊടുക്കുകയും പ്രചോദനം നൽകുകയും ചെയ്യുന്ന ഈ ചിത്രങ്ങൾ കാണുവാൻ, അഗ്നിജ്വാലയിൽ പറന്നെത്തിനശിക്കുന്ന ഈയൽകണക്കെ, ഉല്ലാസത്തിന്റെ പേരിൽ എത്ര എത്ര ജനങ്ങളാണു ഓടിക്കൂടുന്നതു്!! വെന്തിങ്ങയും കൊന്തയും ധരിച്ചിട്ടുള്ള വൃദ്ധകളും, പിഞ്ചുകുഞ്ഞുങ്ങളെ കൈയിലേന്തിയ മാതാക്കളും, ഗർഭിണികളായ യുവതികളും മററും തത്രപ്പെട്ടു സിനിമാശാലകളിലേക്കു പോകുന്നകാഴ്ച എന്തൊരുവിചിത്രം!! ഞായറാഴ്ച സായാഹ്നത്തിൽ പരിശുദ്ധകുർബാനയുടെ വാഴ്വുനേരത്തു് ദേവാലയങ്ങളിൽ സന്നിഹിതരാകുന്നവരുടെ എണ്ണം തീരെ തുച്ഛമെങ്കിലും സിനിമാശാലകളിൽ അതേസമയം "മാററിനിക്കു"പോകുന്നവർ അഞ്ഞൂറും ആയിരവുമാണു്. ഇതിലധികവും "ന്യൂനപക്ഷക്കാരാ"യ കത്തോലിക്കരുമാണു്. ഉൽകൃഷ്ടകുടുംബജരെന്നും ഭക്തരെന്നും അഭ്യസ്തവിദ്യരെന്നും മററും അഭിമാനിക്കുന്നവരും പരിഷ്കൃതരീതിയനുസരിച്ചു കുടുംബസമേതം—വിവാഹപ്രായരായ മക്കളും സഹോദരികളും മററുമായി—സിനിമാശാലയിലിരുന്നു്, അർദ്ധനഗ്നകളായി വിശേഷവിധിയായി ചമഞ്ഞണിഞ്ഞ യുവതികളുടെ നൃത്തങ്ങളും "പച്ചശൃംഗാരങ്ങളും" ആ വെള്ളിത്തിരയിൽ പ്രദർശിപ്പിക്കുമ്പോൾ ലജ്ജിച്ചു തലകുനിക്കുന്ന, അഥവാ ലജ്ജയില്ലാതെ ഞെളിഞ്ഞിരിക്കുന്ന കാഴ്ചയും എത്ര വിചിത്രം!!!

സന്മാർഗ്ഗപരമായി മഹത്തായ പാരമ്പര്യങ്ങളും അത്യുൽകൃഷ്ടങ്ങളായ പ്രമാണങ്ങളും ആചാരങ്ങളുമുള്ളവരാണു കത്തോലിക്കർ. എങ്കിലും നാനാവിധ ദുഷ്ഫലങ്ങൾക്കിടയാക്കുന്ന ഇന്നത്തെ ദുഷിച്ച ചലച്ചിത്രങ്ങളുടെ ദോഷഫലങ്ങളെ പ്രതിരോധിക്കുവാൻ ആരും ഒന്നും ചെയ്തു കാണാത്തതു ആശ്ചര്യാവഹമായിരിക്കുന്നു. അമേരിക്കയിലും ഐർലണ്ടിലും മററും കത്തോലിക്കർ ദുഷിച്ച ചലച്ചിത്രങ്ങളെ സുസംഘടിതമായി ബഹിഷ്കരിച്ചുവരുന്നുണ്ടു്. ഇതുമൂലം അവിടത്തെ ചലച്ചിത്രവ്യവസായത്തിൽ കാര്യമായ പരിവർത്തനം വന്നിട്ടുമുണ്ടു്. പരിശുദ്ധ സിംഹാസനത്തിൽനിന്നു ഈ വിഷയത്തിൽ കത്തോലിക്കാവിശ്വാസികളുടേയും വൈദികാധികാരികളുടേയും പ്രത്യേകചുമതലയെ അനുസ്മരിപ്പിച്ചും ഉൽബോധിപ്പിച്ചും തിരുവെഴുത്തുകൾ പുറപ്പെടുവിച്ചിട്ടുണ്ടു്. ഇതെല്ലാം കേരളകത്തോലിക്കരെ സംബന്ധിച്ചിടത്തോളം കേവലം വനരോദനങ്ങളായി അവശേഷിക്കുന്നതു നിർഭാഗ്യകരമായിരിക്കുന്നു.

നമ്മുടെ യുവജനങ്ങളുടെ പുരോഗതിക്കായി ലക്ഷക്കണക്കിനു പണം ചെലവാക്കി കത്തോലിക്കർ സ്കൂളുകളും കോളെജുകളും നടത്തുന്നു. എന്നാൽ ഇന്നത്തെ പൗരസഞ്ചയത്തെമാത്രമല്ല ഭാവിതലമുറയെപ്പോലും സാന്മാർഗ്ഗികമായും ആദ്ധ്യാത്മികമായും അധ:പതിപ്പിച്ചു നശിപ്പിക്കുന്ന ഇന്നത്തെ സിനിമായുടെ ദുഷ്ഫലങ്ങളെ തടയുവാൻ സമുദായനേതാക്കൾ ചിന്തിക്കപോലും ചെയ്യാത്തതു അത്യത്ഭുതംതന്നെ. 11-ാം പീയൂസുമാ

ഷ്പ്പാ "Vigilanti Cura" എന്ന ചാക്രികലേഖനത്തിൽ പറയുന്നു: "നമ്മുടെ വിദ്യാലയങ്ങളുടേയും കത്തോലിക്കാ സഖ്യങ്ങളുടേയും, എന്നുവേണ്ട ദേവാലയങ്ങളുടെയും പ്രയോജനങ്ങളെ ഈ ദുഷിച്ച സിനിമായുടെദുരന്തഫലങ്ങൾ ഹനിക്കുകയും അപകടപ്പെടുത്തുകയുംചെയ്യുന്നു" എന്നു്. ദുഷിച്ച സിനിമായെ പ്രതിരോധിക്കുന്നതിൽ നേതൃത്വം എടുക്കുന്നതിനു കത്തോലിക്കാലോകത്തിലെ എല്ലാം മെത്രാന്മാരെയും വൈദികരെയും ആഹ്വാനംചെയ്തുകൊണ്ടു ആ തിരുമേനി പറയുന്നു: "ജനങ്ങളുടെ ശോഭിമാനത്തിനും സന്മാർഗ്ഗബോധത്തിനും ഹാനിവരുത്തുന്ന ഏതൊന്നിനേയും എതിർക്കുന്നതിൽ യാതൊരു ദാക്ഷിണ്യവും ഉണ്ടാകരുതു്." അവിടുന്നു തുടരുന്നു: "ഇതു മെത്രാന്മാരെമാത്രം ബന്ധിക്കുന്ന ഒരു കർത്തവ്യമല്ല, കുടുംബത്തിന്റെയും, ജനതയുടെയും, പൊതുവേ മനുഷ്യകുലത്തിന്റെയും നന്മയും സാന്മാർഗ്ഗികസുസ്ഥിതിയും അഭിലഷിക്കുന്ന ഏതു സത്യവിശ്വാസികളുടെയും കടമയാണു്."

ഈ നാട്ടിലെ ജനങ്ങളുടെ, വിശിഷ്യ യുവജനങ്ങളുടെ, സന്മാർഗ്ഗത്തെയും വിശ്വാസത്തേയും മതാചാരങ്ങളേയും പാടേ ക്ഷയിപ്പിക്കുന്നതിനും നശിപ്പിക്കുന്നതിനും തികച്ചും പര്യാപ്തമായ ഇന്നത്തെ ദുഷിച്ച സിനിമായെ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകതയേയും അതിൽ തങ്ങൾക്കുള്ള അപാരമായ ചുമതലയേയുംപററി കത്തോലിക്കാസമുദായനേതാക്കൾ പരിഗണിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. കേരളത്തിൽ ഏതാണ്ടു 240-ൽപ്പരം സിനിമാശാലകൾ ഉണ്ടെന്നു ചില കണക്കുകൾകൊണ്ടറിയുന്നു. ഒരു ശാലയിൽ പ്രതിദിനം രണ്ടുംമൂന്നും പ്രദർശനങ്ങളുണ്ടു്. ഒരു സിനിമാശാലയിൽ പ്രതിദിനം എത്ര കുറഞ്ഞാലും ശരാശരി 300 പേരെങ്കിലും പോകുമെന്നു കണക്കാക്കാം. അപ്പോൾ പ്രതിദിനം എഴുപതിനായിരത്തിലധികംപേർ സിനിമാപ്രദർശനത്തിനു പോകുന്നുണ്ടെന്നു ന്യായമായി അനുമാനിക്കാം. ഒരുവനു് വായനയിൽനിന്നു സിദ്ധിക്കുന്നതിലും എത്രയോ ദൃഢവും ആഴവുമായ ധാരണയാണു നേരിട്ടുകാണുകയും കേൾക്കുകയും ചെയ്യുന്നതിൽനിന്നു സിദ്ധിക്കുന്നതു്? ഇങ്ങനെ നോക്കുമ്പോൾ ഇന്നത്തെ ദുഷിച്ച ഗ്രന്ഥങ്ങളിൽ (സാഹിത്യംമൂലം) നിന്നുണ്ടാകുന്നതിലും എത്രയോ മടങ്ങു നാശകരമാണു സിനിമായെന്നു സ്വയം സ്പഷ്ടമല്ലേ? സമുദായനേതാക്കളുടേയും കത്തോലിക്കാസഖ്യങ്ങളുടേയും കത്തോലിക്കാ കോൺഗ്രസ്സിന്റെയും സത്വരശ്രദ്ധ ഈ അടിയന്തിരവും ആപല്ക്കരവുമായ വിഷയത്തിലേക്കു സാദരം ക്ഷണിച്ചുകൊള്ളട്ടെ.




കോതമംഗലം ഫൊറോനായിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിന്റെ രജതജൂബിലി മേയ് 4, 5, 6 എന്നി തിയതികളിൽ വിവിധപരിപാടികളോടുകൂടി ആഘോഷിച്ചിരിക്കുന്നു. തത്സംബന്ധമായി നടത്തിയ പൊതുയോഗത്തിൽ റവ. ഫാ. ജോസഫ് പാറേക്കാട്ടിൽ അദ്ധ്യക്ഷതവഹിക്കുകയും ശ്രീമതി മേരിക്കുട്ടി ആന്റണി ബി. എ., ശ്രീ ടി. ജെ. സെബാസ്റ്റ്യൻ ബി. എ. ഓണേഴ്സ് എന്നിവർ പ്രസംഗിക്കുകയുംചെയ്തു. യോഗാനന്തരം "രക്തം" എന്ന സംഗീതനാടകം സൊഡാലിററിയംഗങ്ങൾ തന്മയത്വത്തോടുകൂടി അഭിനയിക്കുകയുണ്ടായി.

—ആളൂർ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന വിവിധ സംഘടനകളുടെ സംയുക്തവാർഷികം ഏപ്രിൽ 28-ാംനു തൃശൂർ മെത്രാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടിരിക്കുന്നു. റവ. ഫാ. തോമസ് ചെട്ടുങ്കല്ലേൽ എം. എ. ഒരു പ്രസംഗംചെയ്കയുണ്ടായി.

—അയ്മുറി: സൊഡാലിററിവാർഷികം റവ. ഫാ. ജോൺ മണിയംകോട്ടു് അവർകളുടെ അദ്ധ്യക്ഷതയിൽ മേയ് 6-ാംനു കൊണ്ടാടുകയുണ്ടായി. റവ. ബ്രദർ ജോസഫ് ഇഞ്ചിപ്പറമ്പിൽ, ശ്രീ തൊമ്മൻ മത്തായി കണ്ടിരിക്കൽ എന്നിവർ പ്രസംഗിച്ചു.

—അമ്പാറനിരപ്പേൽ: ചെറുപുഷ്പമിഷൻലീഗിന്റെ ഒരു യോഗം പ്രസിഡണ്ടു് ശ്രീ ഇ. വി. ദേവസ്യായുടെ അദ്ധ്യക്ഷതയിൽക്കൂടി ഇക്കൊല്ലംമുതൽ മിഷൻ പ്രശ്നത്തിൽ ഒന്നാംസമ്മാനാർഹനു് "ഫാ. മാത്യു ചേന്നാട്ടു മെമ്മോറിയൽ പ്രൈസ്" നല്കുവാൻ തീരുമാനിച്ചിരിക്കുന്നു.

—കാഞ്ഞിരത്താനം സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററിയുടെ ആഭിമുഖ്യത്തിൽ കളത്തൂർ ഹോളിക്രോസ് സ്കൂളിൽ സൺഡേക്ലാസ് ആരംഭിച്ചിരിക്കുന്നു.

—ഭരണങ്ങാനത്തുവച്ചു് മേയ് 27-ാംനു നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന ചെറുപുഷ്പമിഷൻലീഗിന്റെ 113 ശാഖകളുടെ സംയുക്തസമ്മേളനത്തിൽ പാലാ മെത്രാൻ തിരുമനസ്സുകൊണ്ടു് ആദ്ധ്യക്ഷം വഹിക്കുന്നതാണെന്നറിയുന്നു. സമ്മേളനത്തോടനുബന്ധിച്ചു് മിഷൻ പ്രശ്നവും സിനിമാപ്രശ്നവും ഉണ്ടായിരിക്കുന്നതാണു്.

—ചിററാട്ടുകര: സി. വൈ. എം. എ. യുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 29-ാംനു ഫാത്തിമാമൈതാനത്തിൽവച്ചു് ഒരു പൊതുയോഗം കൂടുകയുണ്ടായി. യോഗത്തിൽ വെരി റവ. ഫാ. പ്ലാസിഡ് പി എച്ച്. ഡി. ഡി. ഡി. അദ്ധ്യക്ഷതവഹിക്കുകയും ശ്രീ വി. കെ. ആന്റണി പ്രസംഗിക്കുകയുംചെയ്തു.

## കാർമ്മൽ റിട്രീറ്റ്

യുവാക്കന്മാർക്കായുള്ള ഏകാന്തധ്യാനം

എറണാകുളം ചിററൂർ റോഡ്, "കാർമൽ റിട്രീററു" മന്ദിരത്തിൽവച്ചു യുവാക്കന്മാർക്കായിട്ടു ഒരു ഏകാന്തധ്യാനം നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ധ്യാനം മേയ് 16-ാംനു വൈകിട്ടു തുടങ്ങി 20-ാംനു കാലത്തു അവസാനിക്കുന്നതാണു്. ഓരോരുത്തർ സ്വന്തം കിടക്ക കൊണ്ടുവരണം. ബോർഡിങ്ങ്ഫീസ് ആളൊന്നിനു് 9 ക. മാത്രം. ധ്യാനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കാണുന്ന മേൽവിലാസത്തിൽ മേയ് 14-ാംനുക്കുമുമ്പായി അറിയിക്കേണ്ടതാണു്.

Rev. Director. Carmel Retreat
Chittoor Road, Ernakulam.

—ആരക്കുളം: ഏപ്രിൽ 27-ാംനു റവ. ഫാ. ജോസഫ് തുങ്കുഴി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ചു് 120-ൽപ്പരം അംഗങ്ങളടങ്ങിയ ഒരു മരിയാസഖ്യശാഖ ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

—കോടിക്കുളം: അ. കേ. ക. കോൺഗ്രസ് ശാഖ, മിഷൻലീഗ്, സൊഡാലിററി എന്നിവയുടെ സംയുക്തവാർഷികം ഏപ്രിൽ 29-ാംനു റവ. ഫാ. ജോർജ്ജ് മണിയാട്ടു് അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കുകയുണ്ടായി. ശ്രീ ഡി. ദേവസ്യ ബി. എ. ബി. ടി., കുമാരി ഏലിസബത്തു് എ. തോമസ് ബി. എസ് സി. എന്നിവർ ഓരോ പ്രസംഗം ചെയ്തു.

—നെല്ലിമററം മരിയാസഖ്യത്തിന്റെ 13-ാം വാർഷികം ഏപ്രിൽ 29-ാംനു റവ. ഫാ. സക്കറിയാസ് വേരനാനിക്കൽ ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. ശ്രീമതി ത്രേസ്യാമ്മ തോമസ് പഞ്ഞിക്കാരൻ ബി. എ., മി. എ. ജെ. ജോസഫ് അമ്പാർകുടി ബി. എ. എന്നിവർ പ്രസംഗിച്ചു.

## വിവാഹം

കാഞ്ഞിരപ്പള്ളി, കരിശുമൂട്ടിൽ മാത്യു ഡൊമിനിക് അവർകളുടെ പുത്രൻ മി. കുഞ്ഞച്ചനും, വളവി & കമ്പനി പ്രൊപ്രൈററർ പി. ജോർജ്ജ് വളവി അവർകളുടെ പുത്രി മിസ് മറിയക്കുട്ടിയും തമ്മിലുള്ള വിവാഹം മേയ് 7-ാംനു എറണാകുളം മെത്രാപ്പോലീത്തൻപള്ളിയിൽവച്ചു് നടത്തപ്പെട്ടിരിക്കുന്നു. വികാരി ജനറാൾ റൈററു് റവ. മോൺ. മാത്യു പോത്തനാമൂഴിയാണു് വിവാഹം ആശിർവദിച്ചതു്.


## പെൺകുട്ടികൾക്കുള്ള ഇംഗ്ലീഷ് ഹൈസ്കൂൾ

മുതലക്കോടം

ജൂൺ 4-ാംനു തുറക്കുന്നു. ദൂരെനിന്നും വരുന്നവരെ ഉദ്ദേശിച്ചു കന്യാസ്ത്രീകളുടെ മേൽനോട്ടത്തിൽ ബോർഡിങ്ങും ഉണ്ടായിരിക്കുന്നതാണു്.


—റിട്ടയേഡ് ചീഫ് ജസ്റ്റിസ് ഷെവ. ജോസഫ് തളിയത്തിന്റെ പുത്രി മിസ് ഏലിക്കുട്ടിയും വൈക്കം വാഴ്ചംപറമ്പിൽ ശ്രീ വക്കന്റെ പുത്രൻ മി. ആന്റണിയും തമ്മിലുള്ള വിവാഹം ഏപ്രിൽ 30-ാംനു പാളയം സെൻറ് ജോസഫ്സ് കത്തീദ്രലിൽവച്ചു് നടത്തപ്പെട്ടിരിക്കുന്നു.

—പുത്തമ്പള്ളി ഇടവക മി. പുതുശ്ശേരി ലോനപ്പൻ ദേവസ്സിയും തൃശൂർ ലൂർദ്ദുപള്ളി ഇടവക പടിക്കല ലോനപ്പൻ അവർകളുടെ പുത്രി മിസ് കത്രീനയും തമ്മിലുള്ള വിവാഹം പുത്തൻപള്ളി സെൻറ് ജോർജ്ജ് പള്ളിയിൽവച്ചു നടന്നിരിക്കുന്നു.

—കണ്ണമാലി: ശ്രീ ആലുങ്കൽ തോമസും പാടശ്ശേരി ശ്രീ ഫ്രാൻസിസിന്റെ മകൾ മിസ് എലിസബത്തും തമ്മിലുള്ള വിവാഹം ഏപ്രിൽ 30-ാംനു സെൻറ് ആന്റണീസ് പള്ളിയിൽവച്ചു് നടന്നിരിക്കുന്നു.

## ചരമം

കൊടുങ്ങല്ലൂർ: റവ. ഫാ. ജേക്കബ് കല്ലറയ്ക്കൽ അവർകളുടെ പിതാവു് ശ്രീ ചിക്കു കല്ലറയ്ക്കൽ ഏപ്രിൽ 30-ാംനു 91-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

—അമ്പാറനിരപ്പേൽ: വില്ലന്താനത്തു് ശ്രീ ഔസേപ്പു് അവർകൾ മേയ് 3-ാംതിയതി 93-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. R. I. P.

## സൗജന്യവിതരണ ഫണ്ട്

ഗേൾസ് സൊഡാലിററി,
പുത്തമ്പീടിക ക. 6—0—0

## ശ്രീ പി. സി വക്കി നിര്യാതനായി

"സത്യനാദം" പത്രാധിപർ ശ്രീ പി. സി. വക്കി അവർകൾ ഹൃദയസ്തംഭനംമൂലം മേയ് 3-ാംനു രാത്രി 10-30-നു് എറണാകുളത്തെ തന്റെ വസതിയിൽവച്ചു് നിര്യാതനായിരിക്കുന്നു. പിറേറദിവസം സായാഹ്നത്തിൽ പരേതന്റെ വസതിയിൽവച്ചു് സുറിയാനിറീത്തിലും ലത്തീൻ റീത്തിലും ഒപ്പീസുകൾ നടത്തപ്പെട്ടു. സംസ്കാരച്ചടങ്ങുകളിൽ വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സ് പ്രധാനകാർമ്മികത്വം വഹിക്കുകയും 60-ൽപ്പരം വൈദികർ സഹകരിക്കുകയുമുണ്ടായി. പരേതനു് 76 വയസ്സു പ്രായമുണ്ടായിരുന്നു.

## ആഫ്രിക്ക

ഒരു കത്തോലിക്കാരാജ്യമാകുമോ?

ഈയിടെ ആഫ്രിക്കായിലെ കത്തോലിക്കാധികാരികൾ എടുത്ത കാനേഷുമാരി കണക്കനുസരിച്ചു്, 1900-ൽ അവിടെ 12,00,000 മാത്രം കത്തോലിക്കരുണ്ടായിരുന്നതു് ഇപ്പോൾ 1,40,00,000 ആയി വർദ്ധിച്ചിരിക്കുന്നു. 1900-ൽ അവിടെയുണ്ടായിരുന്ന കത്തോലിക്കർ ഭൂരിഭാഗവും മെഡിററേനിയൻ പ്രദേശങ്ങളിൽ താമസമാക്കിയിരുന്ന യൂറോപ്യൻ സഞ്ചാരികളായിരുന്നു. എന്നാൽ ഇന്നാകട്ടെ അവിടത്തെ ഭൂരിഭാഗം കത്തോലിക്കർ മദ്ധ്യാഫ്രിക്കനിവാസികളായ യഥാർത്ഥ ആഫ്രിക്കാക്കാർ തന്നെയാണു്. 1900-ൽ അവിടെ പുരോഹിതന്മാരുടെ സംഖ്യ 1,735 ആയിരുന്നു. ഇന്നു് അവരുടെ സംഖ്യ 7,402 ആണു്. ഈ യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ "ആഫ്രിക്ക ഒരു കത്തോലിക്കാരാജ്യമാകാൻ പോകയാണോ" എന്ന അകത്തോലിക്കരുടെ ഉൽകണ്ഠ അസ്ഥാനത്തല്ലതന്നെ.

## ശിശുസംരക്ഷണം ശിക്ഷാർഹമോ?

ഉഗ്രമായ ദാരിദ്ര്യവും മററു ജീവിതസൗകര്യങ്ങളുംനിമിത്തം ചൈനയിലെ ചില ഭാഗങ്ങളിൽ ശിശുക്കൾ, പ്രത്യേകിച്ചു് പെൺകുട്ടികളും അംഗഭംഗമുള്ളവരും, ജനിച്ചു ഉടനെ പരിത്യജിക്കപ്പെടുന്നു. ഇങ്ങനെ നിരാധാരരാക്കപ്പെടുന്ന ആയിരക്കണക്കിനു പിഞ്ചുപൈതങ്ങളെ തേടിക്കൊണ്ടുവന്നു വളർത്തുന്നതിനായി അമേരിക്കക്കാരായ മേരിനോൾ മിഷനറിമാർ ചൈനയുടെ വിവിധഭാഗങ്ങളിൽ അനാഥശിശുഭവനങ്ങൾ ആരംഭിച്ചിട്ടുണ്ടു്. ഇവയിലൊന്നിന്റെ സ്ഥാപകനായ ഫാ. ഡാനിയേൽ മക്ഷെയിർ ശിശുക്കളുടെഇടയിൽ ഉത്ഭവിച്ച മസൂരിരോഗം പകർന്നു മൃതിയടയുകയാണുണ്ടായതു്. തന്റെ ശിശുഭവനം അഭയമരുളിയ 2483-ാമത്തെ പൈതലിനെ കണ്ടുകൊണ്ടു് അന്ത്യശ്വാസംവലിക്കുവാൻ ആ വന്ദ്യവൈദികനു ഭാഗ്യമുണ്ടായി. ശിശുമരണത്തോതു് വളരെ ഉയർന്നിരിക്കുന്നതിനാൽ ചൈനയിലെ ഗവർമ്മെൻറാസ്പത്രികൾ ഇങ്ങനെയുള്ള ശിശുക്കളെ സ്വീകരിക്കാറില്ല. എന്നാൽ പ്രസ്തുത ശിശുഭവനത്തിന്റെ ഇപ്പോഴത്തെ മേലധികാരിയായ ഫാ. റോബർട്ടു് കെന്നെല്ലിയാകട്ടെ, ഇപ്രകാരം ഉപേക്ഷിതരായ ശിശുക്കളെ തേടിക്കൊണ്ടുവന്നു് ഭവനത്തിൽ ചേർക്കുന്നതിനു് ശമ്പളംകൊടുത്തു് സ്ത്രീകളെ ഏർപ്പെടുത്തിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ പരിശ്രമഫലമായി ശിശുഭവനം കൂടുതൽ വിപുലവും ശിശുക്കൾ വളർന്നുവരുന്നതനുസരിച്ചു് അവർക്കുവേണ്ട പരിശീലനങ്ങളും ജീവിതസൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നതിനു പര്യാപ്തവുമായിത്തീർന്നിരിക്കുന്നു. ഈയിടെ കമ്മ്യൂണിസ്റ്റുകാർ ഫാ. കെന്നെല്ലിയെ അറസ്റ്റുചെയ്തു് ശിശുഭവനം കൈവശപ്പെടുത്തുകയുണ്ടായി. ഭവനത്തിലെ ശിശുക്കളുടെ മരണത്തിനു കാരണം അദ്ദേഹമാണെന്നാണു് അവരുടെ ആരോപണം. ഏതാദൃശകാരണങ്ങൾ പറഞ്ഞു് വേറെ അഞ്ചു ശിശുഭവനങ്ങൾകൂടി കമ്മ്യൂണിസ്റ്റുകാർ കൈവശപ്പെടുത്തിയിട്ടുണ്ടു്.

## ചാരിത്രതാരം

വി. മരിയാ ഗൊരേത്തിയുടെ ജീവിതകഥ അടിസ്ഥാനമാക്കിയുള്ള ഒരു നവീനഗദ്യനാടകം.

ഗ്രന്ഥകർത്താ: ജയിംസ് കെ. സി., മണിമല. വില 10 ണ.

അപേക്ഷിക്കേണ്ടും മേൽവിലാസം:
എ. വി. ജോൺ,
സെൻറ് ജോസഫ്സ് ഏജൻസീസ്,
മണിമല

## പാദ്രി ക്രൂസ്

രണ്ടുവർഷംമുമ്പു് മൃതിയടഞ്ഞ, പോർട്ടുഗലിലെ പ്രസിദ്ധ സാധുജനസേവകനായ പാദ്രിക്രൂസ്—ഫാദർ ഫ്രാൻസിസ്കോ ഡാ ക്രൂസ് എസ്. ജെ.—എന്ന വന്ദ്യവൈദികനെ സിദ്ധനെന്നു നാമകരണം ചെയ്യുവാൻ വേണ്ട ഔദ്യോഗിക നടപടികൾ ആരംഭിച്ചിരിക്കുന്നു. പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടുതന്നെ പ്രസ്തുതവൈദികനെ "പോർട്ടുഗലിലെ വിശുദ്ധൻ" എന്നു സംബോധന ചെയ്കയുണ്ടായിട്ടുണ്ടു്. ഫാദർ ക്രൂസ് പോർട്ടുഗലിലെ ദീനബന്ധു എന്ന നിലയിൽ പ്രസിദ്ധനായിരുന്നു. അദ്ദേഹത്തിനു തീവണ്ടികളിൽ സൗജന്യമായി സഞ്ചരിക്കുന്നതിനു് ഗവർമ്മെൻറിൽനിന്നും അനുമതി നൽകിയിരുന്നു. ഫാ. ക്രൂസ് എവിടെ യാത്രചെയ്യുമ്പോഴും കൈയിൽ ഒരു കറുത്ത തുണിസഞ്ചി ഭിക്ഷാപാത്രമായി കൊണ്ടുനടക്കുമായിരുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 24 ‖ ERNAKULAM, MAY 9, 1951 ‖ No. 36


# പ്രതിമാസഗ്രന്ഥ പ്രസിദ്ധീകരണപ്രസ്ഥാനം

മാസംതോറും ഓരോ കത്തോലിക്കാ പുസ്തകം പ്രസിദ്ധീകരിക്കുകയും, നിശ്ചിതരായ വരിക്കാർക്കു നിയമേന അയച്ചുകൊടുക്കുകയും ചെയ്യുന്ന പ്രസ്ഥാനം (Catholic Book-A-Mouth Club) ഇംഗ്ലണ്ട്, അമേരിക്കാ മുതലായ രാജ്യങ്ങളിൽ നടന്നുപോരുന്നുണ്ട്. കാലോചിതങ്ങളായ പ്രശ്നങ്ങളെക്കുറിച്ചു ശരിയായ ജ്ഞാനം കത്തോലിക്കർക്കു ഇതരമതസ്ഥർക്കുതന്നെയും തുടരെ നല്കിക്കൊണ്ടിരിക്കുവാൻ ഈ പ്രസ്ഥാനം വളരെയധികം സഹായിക്കുന്നുണ്ടെന്നു് അനുഭവം തെളിയിക്കുന്നു. ഈ പ്രസിദ്ധീകരണ പ്രസ്ഥാന സംഘടനയിൽ അംഗങ്ങളായിരിക്കുകയും, ഓരോ വർഷത്തിലും പ്രസിദ്ധം ചെയ്യുന്ന പ്രതിമാസ ഗ്രന്ഥത്തിന്റെ കുറഞ്ഞ തോതിലുള്ള വില വർഷാരംഭത്തിൽ മുൻകൂട്ടി അടയ്ക്കുകയും, മാസംതോറും അയച്ചുകിട്ടുന്ന പുസ്തകങ്ങൾ വായിച്ചു ജ്ഞാനസമ്പാദനത്തിൽ പുരോഗമിക്കുകയും ചെയ്യുന്ന ഇന്നാട്ടിലെ പല വൈദികരേയും അൽമേനികളേയും ഞങ്ങൾക്കറിയാം. ഇംഗ്ലീഷുഭാഷയിൽ നടത്തപ്പെടുന്ന ഈ പ്രസിദ്ധീകരണപ്രസ്ഥാനത്തിന്റെ മാതൃകയിൽ മലയാളഭാഷയിലും ഒരു പ്രസിദ്ധീകരണപ്രസ്ഥാനം നടത്തേണ്ടകാലം അതിക്രമിച്ചിരിക്കുകയാണ്. ഇന്ത്യക്കു സ്വയംഭരണം കൈവന്നതോടുകൂടി നാട്ടുഭാഷകൾക്കു കൂടുതൽ പ്രാമാണ്യവും പ്രചാരവും സിദ്ധിച്ചുകൊണ്ടിരിക്കുകയാണല്ലോ. വിദ്യാലയങ്ങളിൽ, ഹൈസ്കൂൾക്ലാസുകളിൽപ്പോലും, ഇതുവരെ ഇംഗ്ലീഷ് ഭാഷയ്ക്കുണ്ടായിരുന്ന സ്ഥാനം നാട്ടുഭാഷകൾ ഏറെറടുത്തുവരുന്നു. ചരിത്രം, ഭൂമിശാസ്ത്രം, സയൻസ് മുതലായി ഇംഗ്ലീഷ് ഭാഷയിൽ ഇതേവരെ പഠിപ്പിച്ചുപോന്ന പ്രധാനപ്പെട്ട വിഷയങ്ങൾ ഇപ്പോൾ മലയാളത്തിലാണു പഠിപ്പിച്ചുവരുന്നതു്. ആധുനികപ്രശ്നങ്ങളെപ്പററി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ മിക്കതും ഏതാനും വർഷങ്ങൾക്കുള്ളിൽ മലയാളഭാഷയിലായിരിക്കും ഇന്നാട്ടിൽ പ്രത്യക്ഷപ്പെടുക. തന്മൂലം ജനാഭിപ്രായത്തെ രൂപീകരിക്കുവാനും ജനഹിതത്തെ നിയന്ത്രിക്കുവാനും ഉള്ള ശക്തി നമ്മുടെയിടയിൽ മലയാളഭാഷാഗ്രന്ഥങ്ങളിലേക്കു തിരിച്ചുപോകും കൈമാറും. ഈ പുതിയ പരിതസ്ഥിതിയിൽ കത്തോലിക്കരുടെ അനുപേക്ഷണീയമായ കർത്തവ്യമെന്തെന്നു് സ്പഷ്ടമാകുന്നുണ്ട്.

### കത്തോലിക്കരുടെ കർത്തവ്യം

ഇന്നു് മലയാളഭാഷയിൽ ആധുനികപ്രശ്നങ്ങളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ അനുദിനമെന്നോണം പുറപ്പെട്ടുകൊണ്ടിരിക്കുന്നു. രാഷ്ട്രീയവും സാമ്പത്തികവും സാമുദായികവും ശാസ്ത്രീയവും മററുമായ ആശയങ്ങളെ സാഹിത്യത്തിന്റെ നാനാവശങ്ങളിൽക്കൂടി ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കുവാനുള്ള ലക്ഷ്യമാണു് ഈ ഗ്രന്ഥങ്ങൾക്കുള്ളതു്. പുരോഗമനസാഹിത്യം എന്ന ഏററവും ആകർഷകമായ നാമം വഹിക്കുന്നവയാണു് അവയിൽ പലതും. ഇവവഴിയായി പ്രചരിപ്പിക്കപ്പെടുന്ന ആശയങ്ങൾ പലപ്പോഴും സത്യത്തിന്റെയും നീതിയുടേയും സമാധാനത്തിന്റെയും ദൃഷ്ടിയിൽ സ്വീകാര്യങ്ങളല്ലെന്നു നമുക്കറിയാം ജനഹൃദയങ്ങളെ പിടിച്ചടക്കുവാൻ വെമ്പൽകൊള്ളുന്ന ലൗകായതികരായ പ്രസ്ഥാനക്കാരുടെ ആശയങ്ങളാണു് അവയിലധികവും. സോവ്യററുഷ്യയുടെ നേതൃത്വത്തിൽ ലോകമാസകലം നടത്തപ്പെടുന്ന കമ്മ്യൂണിസപ്രചരണം ഇവവഴിക്കു മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. വായനശ്ശീലരുചിയുള്ളവരും വായിക്കുവാൻ ഗ്രന്ഥങ്ങളന്വേഷിക്കുന്നവരും ഈ പ്രസിദ്ധീകരണങ്ങളുടെ വലയിൽ ചെന്നു വീഴുന്നതു കേവലം സ്വാഭാവികമാണ്. കത്തോലിക്കാ യുവതീയുവാക്കന്മാർപോലും ഇതിൽനിന്നു വ്യത്യസ്തരല്ല. ഈ ദുരവസ്ഥയ്ക്കു ഏകപരിഹാരം കത്തോലിക്കാഗ്രന്ഥങ്ങളാകുന്നു. ആധുനികകാലത്തു് അവശ്യം അറിയേണ്ടതും അകത്തോലിക്കാഗ്രന്ഥങ്ങളിൽനിന്നു തെററായിമാത്രം അറിയാൻകഴിയുന്നതുമായ വിഷയങ്ങളെപ്പററി ആകർഷകവും പ്രൗഢവുമായ ഭാഷയിൽ പ്രതിപാദിക്കുന്ന കത്തോലിക്കാഗ്രന്ഥങ്ങളാണ് ഇതിനുള്ള പ്രതിവിധി. മംഗലപ്പുഴ സെമ്മിനാരിയിൽനിന്നും മററും നല്ല നല്ല ഗ്രന്ഥങ്ങൾ കൊല്ലംതോറും പുറപ്പെടുന്നുണ്ടെന്നുള്ളതു് ചാരിതാർത്ഥ്യജനകംതന്നെ. എന്നാൽ അതുമാത്രം മതിയാകുന്നതല്ല. വൈദികരും അൽമേനിപ്രധാനന്മാരും ഒത്തൊരുമിച്ചു പരിശ്രമിച്ചെങ്കിൽമാത്രമേ പ്രസിദ്ധീകരണപ്രസ്ഥാനം സ്ഥിരമായും കാര്യക്ഷമമായും നടക്കുകയുള്ളൂ. ഇതിലേക്കു് ഇപ്പോൾ ചെയ്യാവുന്നതും അടിയന്തിരമായി ചെയ്യേണ്ടതും ഞങ്ങൾ താഴെ കുറിക്കുന്നു.

### പ്രതിമാസഗ്രന്ഥം

മാസംതോറും ഓരോ കത്തോലിക്കാ ഗ്രന്ഥം മുടങ്ങാതെ പ്രസിദ്ധം ചെയ്യുന്നതിനുള്ള ഒരു സംഘടന രൂപീകരിക്കണം. ഏതാനും വൈദികരും അൽമേനിപ്രധാനന്മാരും അതിന്റെ നേതൃത്വം ഏറെറടുക്കണം. സംഘടനയ്ക്കു കുറഞ്ഞതു് 3,000 സ്ഥിരവരിക്കാരുണ്ടായിരിക്കുകയും, ഓരോരുത്തരും വാർഷികവരിപ്പണമായി കുറഞ്ഞതു് 24 ഉറുപ്പിക മുൻകൂർ അടയ്ക്കുകയും ചെയ്താൽ ഏകദേശം 300 പക്ഷങ്ങളുള്ള ഒന്നാംതരം പുസ്തകം ഓരോ മാസത്തിലും പ്രസിദ്ധം ചെയ്യാൻ സാധിക്കും. ഗ്രന്ഥങ്ങളുടെ സാഹിത്യവശത്തിന്റെ മേൽനോട്ടം വഹിക്കുവാൻ ഒരു പത്രാധിപസമിതിയുണ്ടായിരിക്കണം. അവർ മിക്കവാറും ഏകാഭിപ്രായമായി അംഗീകരിക്കുന്ന ഗ്രന്ഥങ്ങൾ മാത്രമേ പ്രസിദ്ധീകരിക്കാവൂ. സ്ഥിരവരിക്കാർക്കു മാസംതോറും ലഭിക്കുന്നഗ്രന്ഥം സാധാരണമാക്കാറിൽനിന്നു ലഭിക്കാവുന്നതിനെക്കാൾ ആദായകരമായിരിക്കണം. സ്ഥിരവരിക്കാരായ അംഗങ്ങളെ ഡയറക്ടറന്മാർ, സ്ഥാപകന്മാർ, പ്രോത്സാഹകന്മാർ, സാധാരണക്കാർ എന്നിങ്ങനെ തരംതിരിക്കാം. കൊല്ലംതോറും ലഭിക്കുന്ന 12 പുസ്തകങ്ങളുടെ വില മുൻകൂട്ടി അടയ്ക്കുന്നവരായിരിക്കണം സാധാരണ അംഗങ്ങൾ. പ്രോത്സാഹകന്മാരായ അംഗങ്ങൾ സാധാരണ അംഗങ്ങളെ കൂടുതൽ കൂടുതൽ ചേർക്കുവാൻ വിശേഷാൽ പരിശ്രമിക്കേണ്ടിവരും. സ്ഥാപകന്മാരായ അംഗങ്ങൾ ഒരു ഗണ്യമായ തുക ഒന്നായി സംഭാവനചെയ്യുന്നവരും സാധാരണ അംഗത്തിന്റെ അവകാശങ്ങളെല്ലാം ആയുഷ്കാലം മുഴുവൻ ലഭിക്കുന്നവരുമായിരിക്കും. ഡയറക്ടർമാരായ അംഗങ്ങളുടെ സംഭാവന കുറെക്കൂടി മെച്ചമായിരിക്കണം. ഒരു സാധാരണ അംഗത്തിന്റെ സകല അവകാശങ്ങളും ആയുഷ്കാലം മുഴുവൻ ഉണ്ടായിരിക്കുന്നതിനുപുറമെ പ്രസിദ്ധീകരണപ്രസ്ഥാനത്തിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും അവർക്കു പങ്കുണ്ടായിരിക്കുകയുംചെയ്യും. ഗ്രന്ഥങ്ങൾ അച്ചടിക്കുന്നതിനു് തൽക്കാലം കത്തോലിക്കരുടെ വകയായി ഇപ്പോൾ തന്നെ സ്വാധീനത്തിലുള്ള അച്ചടിശാലകൾ പ്രയോജനപ്പെടുത്തിയാൽ മതിയാകും. സകല ഏർപ്പാടും ബിസിനസ്സുരീതിയിൽ നടന്നിട്ടെങ്കിൽമാത്രമേ പ്രസ്ഥാനം നീണ്ടുനില്ക്കുകയുള്ളൂ. തിരു-കൊച്ചി സംസ്ഥാനത്തുള്ള കത്തോലിക്കാ ഇടവകകളിൽനിന്നു പ്രസ്ഥാനത്തിനാവശ്യകമായ സ്ഥിരവരിക്കാരെ ലഭിക്കുവാൻ അല്പമൊന്നു ശ്രമിക്കുന്നപക്ഷം വലിയ പ്രയാസമുണ്ടാകയില്ലെന്നു സ്പഷ്ടമാണല്ലോ. ആലുവായിൽ അടുത്തു സമ്മേളിക്കുന്ന അഖിലകേരളകത്തോലിക്കാ കോൺഗ്രസ്സ് വാർഷികത്തിൽ സംബന്ധിക്കുവാൻ കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും അനേകം വൈദികരും അൽമേനി പ്രധാനന്മാരും സന്നിഹിതരായിരിക്കുമെന്നു് തീർച്ചയാണ്. തദവസരത്തിൽ അവരിൽ പലരേയും നേരിട്ടുകണ്ടു് ഈ പ്രസ്ഥാനത്തെപ്പററി കാര്യമായി സംസാരിക്കുകയും അവരുമായിവേണ്ട ആലോചനകൾ നടത്തുകയും ചെയ്യുന്നപക്ഷം ഡയറക്ടറന്മാരും സ്ഥാപകന്മാരും പ്രോത്സാഹകന്മാരും സാധാരണക്കാരുമായ അംഗങ്ങളെ ലഭിക്കുവാൻ പ്രയാസമുണ്ടാവുകയില്ല. എന്നാലതിനുതന്നെയും മുന്നിട്ടുനിന്നു പ്രവർത്തിക്കുവാൻ കുറെ വൈദികരും അൽമേനിപ്രധാനന്മാരും സന്നദ്ധരാകേണ്ടിയിരിക്കുന്നു. നമ്മുടെ സഭയുടേയും സമുദായത്തിന്റേയും എന്നല്ല നമ്മുടെ സംസ്ഥാനത്തിന്റെ തന്നെയും ക്ഷേമത്തിനും സമാധാനത്തിനും ഏററവും ആവശ്യകമായിരിക്കുന്ന ഈ പ്രസ്ഥാനത്തിൽ മുൻകൈയെടുത്തു പ്രവർത്തിക്കുവാൻ ആളുകൾ ഉണ്ടാകാതിരിക്കുകയില്ലെന്നാണു പ്രതീക്ഷിക്കേണ്ടതു്. "പ്രതിമാസഗ്രന്ഥക്ലബ്ബ്" എന്ന തലക്കെട്ടിൽ ഞങ്ങൾ അന്യത്ര ചേർത്തിരിക്കുന്ന പ്രസ്താവനയിൽനിന്നുതന്നെ ഇതു വ്യക്തമാകുന്നുണ്ട്. ഈ പ്രസ്ഥാനത്തിന്റെ വിജയത്തിനായി എല്ലാവരും അകമഴിഞ്ഞു സഹകരിക്കണമെന്നുള്ള ഞങ്ങളുടെ ആഗ്രഹം രേഖപ്പെടുത്തുകയും അതിനുവേണ്ട അനുഗ്രഹം ദൈവം പ്രദാനംചെയ്യുമാറാകട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.


# പരേതനായ ശ്രീ പി. സി. വക്കി

പരിചയസമ്പന്നനായ ഒരു പത്രപ്രവർത്തകൻ, പരിപക്വമതിയായ ഒരു സമുദായനേതാവു്, അചഞ്ചലചിത്തനായ ഒരു രാഷ്ട്രീയപ്രവർത്തകൻ, സർവ്വോപരി മാതൃകായോഗ്യനായ ഒരു കത്തോലിക്കൻ എന്നിങ്ങനെ വിവിധനിലകളിൽ ബഹുജനങ്ങളുടെ സ്നേഹബഹുമാനങ്ങൾ ആർജ്ജിച്ചിരുന്ന ഒരു പ്രശസ്തവ്യക്തിയെയാണ് ശ്രീ പി. സി. വക്കിയുടെ നിര്യാണംനിമിത്തം കേരളത്തിനു നഷ്ടപ്പെട്ടിരിക്കുന്നതു്. 23-ാമത്തെ വയസ്സിൽ, 1899 സെപ്റ്റംബർ 10 ാംനു "സത്യനാദം" സഹപത്രാധിപർ എന്ന നിലയിൽ ജോലിയിൽ പ്രവേശിച്ച അദ്ദേഹം അധികകാലവിളംബമെന്യേ പ്രസ്തുതപത്രത്തിന്റെ പ്രധാന പത്രാധിപരായി ഉ[illegible]കയും മരണംവരെ ആ ഉദ്യോഗം സ്തുത്യർഹമായി വഹിക്കുകയും ചെയ്തുവന്നു. പത്രപ്രവർത്തനത്തിനിടയ്ക്കു രാജ്യസേവനത്തിനും സമുദായസേവനത്തിനും ലഭിച്ച യാതൊരവസരവും ശ്രീ വക്കി പാഴാക്കിയില്ല. മൂന്നുപ്രാവശ്യം എറണാകുളം നഗരസഭയിലെ തിരഞ്ഞെടുക്കപ്പെട്ട ഒരു മെമ്പറായും, മൂന്നുതവണ കൊച്ചി നിയമസഭയിലെ നോമിനേററു് ചെയ്യപ്പെട്ട ഒരു മെമ്പറായും ഒരുപ്രാവശ്യം പ്രസ്തുതസഭയിലെ തിരഞ്ഞെടുക്കപ്പെട്ട മെമ്പറായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അഖിലകേരളകത്തോലിക്കാ കോൺഗ്രസ്സിന്റെ വൈസ്പ്രസിഡണ്ട്, കൊച്ചി ലാററിൻക്രിസ്ത്യൻ കോൺഗ്രസിന്റെ പ്രസിഡണ്ട് എന്നീ നിലകളിൽ ശ്രീ വക്കി നിർവ്വഹിച്ചിട്ടുള്ള സമുദായസേവനവും സ്മരണാർഹമത്രെ. തിരു-കൊച്ചി ഗവൺമെൻറ് അടുത്തകാലത്തു ആവിഷ്കരിച്ച വിദ്യാഭ്യാസപദ്ധതിയിൽ, കത്തോലിക്കരുടെ അവകാശങ്ങൾക്കും താല്പര്യങ്ങൾക്കും എതിരായുള്ള വ്യവസ്ഥകൾ മാററിക്കിട്ടുന്നതിനു ആത്മാർത്ഥമായി ആഗ്രഹിക്കുകയും തദർത്ഥം പരിശ്രമിക്കുകയും ചെയ്തിട്ടുള്ള വ്യക്തികളിൽ ഒരാളാണു് ശ്രീ വക്കി. കൊച്ചി പത്രപ്രവർത്തകസംഘത്തിന്റെ ആരംഭംമുതൽ അദ്ദേഹംതന്നെയായിരുന്നു അതിന്റെ പ്രസിഡൻറു്. ഏവംവിധം വിവിധരംഗങ്ങളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിട്ടുള്ള ശ്രീ വക്കിയുടെ നിര്യാണം സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും ഒരു തീരാനഷ്ടമാണെന്നതിനു സംശയമില്ല. പരേതന്റെ വേർപാടുനിമിത്തം സന്തപ്തരായിരിക്കുന്ന ഏവരോടും അനുശോചിക്കയും അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നേരുകയും ചെയ്തുകൊള്ളുന്നു.

R. I. P.

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |



## പുസ്തകാഭിപ്രായം

### ധർമ്മരശ്മികൾ

(ഗദ്യകവിത)

(സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം. പക്ഷം 14 + 2.)

ഗ്രന്ഥകാരനായ ചാരുംമൂട്ടു പി. ജി. എം. ദാസിനെ സാഹിതീഭക്തരുമായി പരിചയപ്പെടുത്തേണ്ട കാര്യമശേഷം കാണുന്നില്ല; പ്രേമസമ്രാട്ടായ ക്രിസ്തു, കാവ്യമഞ്ജുഷ, കത്തോലിക്കാപ്രവർത്തനം, ജീവജലം, എസ്തേർ, സഭയും സഭകളും എന്നീ കൃതികളെല്ലാം അദ്ദേഹത്തിന്റെ സാഹിത്യാഭിരുചിയെ സുവ്യക്തമാക്കുന്നുണ്ട്. ഇതാ ഒരു ഗദ്യകവിതാകുസുമംകൂടി ആ തൂലികാലതികയിൽ ഉൽഫുല്ലമായിരിക്കുന്നു. "ധർമ്മരശ്മികൾ" അതാണ് പേരു്. ഈ മനോഹരതാരിലുള്ള പത്തു് ഇതളുകൾ അടർത്തി ആസ്വദിക്കുന്നതിനു് അനുവാചകർ വെമ്പൽകൊള്ളും, തീർച്ച. "ദീപാവലി"യിൽ പ്രശോഭിക്കുന്ന "ധർമ്മരശ്മികൾ" സാഹിത്യനഭസ്സിനെ ധാർമ്മികാന്തരീക്ഷത്താൽ മുദനാജ്ഞമാകട്ടെ.

അദ്ദേഹത്തിന്റെശൈലിയെപ്പററിയോ? പുസ്തകം ഒരാവർത്തി വായിച്ചു വിധിച്ചുകൊള്ളുക; ഒരുദാഹരണം കാണിച്ചേക്കാം: "പുലരിപ്പെൺകിടാവിന്റെ തിരുനെററിക്കിട്ട പൊട്ടുപോലെ, രവികുമാരന്റെ മുൻപിൽ ആചാരത്തിനുപിടിച്ച ദീപംപോലെ, സുപ്രഭാതപെൺകുഞ്ഞിന്റെ ഉച്ചിയിൽ തിരുകിയ പുഷ്പംപോലെ, വെള്ളിനക്ഷത്രം ഉദിച്ചുയന്നപ്പോൾ"

അവതാരികാകാരനായ സി. കെ. മററത്തോടു ചേർന്നു് ഈയുള്ളവനും ആശംസിക്കുന്നു, ധർമ്മരശ്മികൾക്കു പ്രചുരപ്രചാരവും കവിക്കു് ഹൃദയംഗമമായ അനുമോദനവും.

(V. P.)

---

## ലിപ്പാദർശനങ്ങൾ

### അതിസ്വാഭാവികങ്ങളല്ല

1948-ൽ, ലിപ്പായിലെ കർമ്മലിത്താമഠത്തിലെ ഒരർത്ഥിനിക്കു മാതാവു് പലപ്രാവശ്യം കാണപ്പെട്ടുവെന്നും ആ പരിസരങ്ങളിൽ റോസാപുഷ്പങ്ങളുടെ ദളങ്ങൾ വർഷിക്കപ്പെട്ടുവെന്നും മററുമുള്ള ഒരു വാർത്ത പരക്കുകയുണ്ടായല്ലോ. പക്ഷെ അവയിൽ അതിസ്വാഭാവികമായ യാതൊന്നും ഉള്ളതായി തങ്ങൾക്കു ബോദ്ധ്യമില്ലെന്നു, ഏതത്സംബന്ധമായി അന്വേഷണം നടത്തിയ വൈദികാദ്ധ്യക്ഷസമിതി പ്രഖ്യാപിച്ചിരിക്കുന്നു. മനിലായിലെ മെത്രാപ്പോലീത്തായും മററു അഞ്ചു മെത്രാന്മാരുമായിരുന്നു സമിതിയംഗങ്ങൾ. അമേരിക്കയിൽനിന്നു പുറപ്പെടുന്ന Scapular മാസിക നിമിത്തമാണു് ഈ വാർത്തയ്ക്കു് ഇത്രയധികം പ്രചാരം ലഭിച്ചതെന്നു തോന്നുന്നു.



# വീട്ടപകടങ്ങൾ

(ശിവറാം)

## നമ്മുടെ വീട്

അസാധാരണങ്ങളായ ചില വീട്ടപകടങ്ങളെക്കുറിച്ച് നാം പലതും കേട്ടിരിക്കും. അവയിൽ ചിലതു സുഖപര്യവസാനമുള്ളതും ചിലതു ദുഃഖപര്യവസാനത്തോടുകൂടിയതുമായിരിക്കും.

കാൻസാസ് എന്ന സ്ഥലത്തു രണ്ടു വയസ്സായ ഒരു കുട്ടിയുടെ ശ്വാസകോശത്തിൽ ഒരു സൂര്യകാന്തിപ്പുഷ്പം വളരുകയുണ്ടായത്രെ. എന്നാൽ അമേരിക്കൻ ഡോക്ടർമാരുടെ ബുദ്ധിശക്തി ഈ അസാധാരണ സംഭവത്തിന്റെ മൂലകാരണമറിയുകയും എക്സ്റേയിൽക്കൂടി അതിന്റെ സ്ഥാനം കണ്ടുപിടിക്കയും, അതിനെ ശ്വാസകോശത്തിൽനിന്നും നീക്കം ചെയ്കയും ചെയ്തു.

ഏഴു വയസ്സുള്ള വേറൊരു കുട്ടി ഒരു വിസിൽ യാദൃച്ഛികമായി വിഴുങ്ങുവാനിടയായി. അതും ഡോക്ടർമാരുടെ സാമർത്ഥ്യത്താൽ പുറത്തെടുക്കുവാൻ സാധിച്ചു.

ഈയിടെ ഒരു ചെറിയ കുട്ടി മണ്ണെണ്ണ കുടിച്ചു മരിച്ചെന്നും വേറൊരു കുട്ടിയുടെ പാവാടയ്ക്കു തീപിടിച്ചു പൊള്ളി മരിച്ചെന്നും നാം വായിക്കുകയുണ്ടായല്ലോ. കാറ്, ബസ്സ്, സൈക്കിൾ മുതലായ വാഹനങ്ങളിൽ മുട്ടി മുറിവേൽക്കുന്നവരും മററ് അപകടങ്ങളാൽ അപമൃത്യുവിന് ഇരയാകുന്നവരും നമ്മുടെ നാട്ടിൽ അപൂർവ്വമല്ല.




ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിന് കൃതജ്ഞത.
അഗസ്റ്റിൻ ഫ്റാൻസിസ് അക്കർ
പനങ്കുററിച്ചിറ, ഒല്ലൂർ

ഏതൊരു മനുഷ്യനും ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ അവന്റെ സുഖത്തിനുവേണ്ടിയാണ് പ്രവർത്തിക്കുന്നതു്. ഇഹത്തിൽ യഥാർത്ഥസുഖം നമുക്ക് ലഭ്യമാകുന്നതു് നമ്മുടെ വീട്ടിൽനിന്നുമാണ്. അങ്ങനെയിരിക്കെ നമ്മുടെ വീട്ടിൽ സാധാരണയായി ഉണ്ടാകുന്ന അപകടങ്ങളെ തടയുക എന്നതു് ഓരോരുത്തരുടേയും ആവശ്യമാകുന്നു.

ഒരു ചെറിയ സൂക്ഷക്കുറവു് ഒരു വീട്ടിലെ എല്ലാ അംഗങ്ങളേയും നിത്യദരിദ്രത്തിലാക്കുവാൻ മതിയാകുന്നതാണ്. ഒരു വീട്ടിലെ രക്ഷാകർത്താവു് കടയിൽ പോകുന്നവഴി ഒരു വണ്ടിക്ക് കുറുകെ ചാടി എന്നു വിചാരിക്കുക. പെട്ടെന്നു് ആശുപത്രിയിലാക്കപ്പെടുന്ന ആ മനുഷ്യൻ പരുക്കിന്റെ കാഠിന്യത്താൽ അകാലമൃത്യുവിന് ഇരയായാൽ, ആ വ്യക്തിയുടെ മാത്രം പ്രയത്നത്തെ ആശ്രയിച്ചു കഴിയുന്ന കുടുംബാംഗങ്ങൾ മുഴുവൻ നിത്യദുഃഖത്തിലാകുന്നില്ലേ? സൂക്ഷമില്ലാതെ പലരും അംഗഹീനരായി പരാശ്രയത്തിൽ കഴിഞ്ഞുവരുന്നതു് നാം കണ്ടിട്ടില്ലേ? കൈയില്ലാത്തവരും കാലില്ലാത്തവരും വിരലുകൾ പോയവരും നമ്മുടെ ചുററുംതന്നെ ധാരാളമുണ്ട്. അവരോടു് അതെങ്ങനെ സംഭവിച്ചെന്നു നീങ്ങൾ ചോദിച്ചുനോക്കുക. അതെല്ലാം അവരുടെതല്ലെങ്കിൽ മററുള്ളവരുടെ അശ്രദ്ധയാലോ സൂക്ഷക്കുറവിനാലോ സംഭവിച്ചതാണെന്നു് മനസ്സിലാക്കാൻ പ്രയാസമില്ല.

മേൽകാണിച്ചിരിക്കുന്ന കാരണങ്ങൾ വീട്ടപകടങ്ങളെ പാടേ ഒഴിക്കേണ്ട ആവശ്യകതയെ സ്പഷ്ടമാക്കുന്നു.

സാധാരണ ഒരു വീട്ടിൽ ഉണ്ടാകാവുന്ന അപകടങ്ങളും അവ ഓരോന്നും എങ്ങനെ അകററാമെന്നും ഈ പംക്തികളിൽക്കൂടി വായനക്കാരെ മനസ്സിലാക്കാമെന്നാണ് ഉദ്ദേശിക്കുന്നതു്.



## മുറിവുകൾ

"ഓ! എന്റമ്മച്ചീ—എന്റെ കൈ മുറിഞ്ഞേ—ഓ—എന്റപ്പച്ചോ—ചോര വരുന്നേ—അപ്പോ—ഹാവൂ—" ഒരു മാമ്പഴം പൂളിക്കൊണ്ടിരുന്ന ആറു വയസ്സുള്ള ഔസേപ്പച്ചന്റെ നിലവിളിയാണ് കേൾക്കുന്നതു്.

അടുത്ത പ്രദേശത്തുണ്ടായിരുന്നവരെല്ലാം അവിടെ ഓടിയെത്തി. പലരും പലതരത്തിലുള്ള മരുന്നുകൾ നിർദ്ദേശിച്ചു. ഔസേപ്പച്ചന്റെ അമ്മ കുറെ പഴംതുണി കൊണ്ടുവന്നു് മുറിവു് വച്ചുകെട്ടി. മുറിവു് അത്ര സാരമാക്കാതെ ഔസേപ്പച്ചനും അവന്റെ കുസൃതികൾ തുടർന്നുകൊണ്ടിരുന്നു. 4 ദിവസമായപ്പോഴെക്കും വിരലിൽ വിക്കവും വേദനയുംകൂടി. ആശുപത്രിയിൽ പോകണമെന്ന നിലവന്നു.

ഔസേപ്പച്ചൻ ഓപ്പറേഷൻ റൂമിൽ കിടന്നു കൂകിവിളിച്ചു പത്തം ചുററിയതുപോലെ നല്ല വെള്ളത്തുണി കൈവിരലിൽ കെട്ടിക്കൊണ്ടു് കുട്ടി വീട്ടിലേക്കു പോന്നു.

ഇന്നു് കൂട്ടുകാർ "നാലുവിരലൻ" എന്നു് ഔസേപ്പച്ചനെ കളിയാക്കും.

ഏതു നിസ്സാരമായ മുറിവുകളായാലും അതിനെ അവഗണിക്കരുതു്. ഉടൻ പ്രഥമശുശ്രൂഷ നടത്തണം. അല്ലെങ്കിൽ ഔസേപ്പച്ചനു പററിയതുപോലെയോ അതിൽ കൂടുതലോ ആയ ആപത്തു് നിങ്ങൾക്കും വന്നുചേരാവുന്നതാണ്.

കുട്ടികൾ മൂർച്ചയുള്ള ആയുധങ്ങൾ എടുത്തു് പെരുമാറുന്നതു് ഒരിക്കലും അനുവദിക്കാവുന്നതല്ല. ഈ വിഷയത്തിൽ പ്രായമായവർ വേണ്ടത്ര മുൻകരുതൽ ചെയ്യണം.

പ്രായമായവരിൽത്തന്നെ പലരും അവരുടെ അശ്രദ്ധകൊണ്ടോ, ധൃതഗതികൊണ്ടോ, സൂക്ഷക്കുറവിനാലോ മൂർച്ചയുള്ള ആയുധങ്ങളാൽ പരുക്കു് ഏല്ക്കുന്നുണ്ടു്. നമ്മുടെ കുടുംബസുഖത്തിനു ഹാനിവരാതിരിക്കാനും ജീവിതം നരകമായിത്തീരാതിരിക്കാനുംവേണ്ടി ഓരോരുത്തരും മുറിവുകളും ചതവുകളുംപററാതെ സൂക്ഷിക്കണം. ഏതെങ്കിലും മൂർച്ചയുള്ള സാധനങ്ങൾ കുട്ടികൾക്കു് എളുപ്പം എടുക്കാവുന്ന സ്ഥാനങ്ങളിൽ വെക്കാതിരിക്കയും, അലക്ഷ്യമായി പേനാക്കത്തി, കത്രിക, തുന്നൽസൂചി മുതലായവ കസേരകളിലോ കിടക്കകളിലോ ഇട്ടിട്ടു പോകാതിരിക്കയും ചെയ്യേണ്ടതാണ്.

——

(തുടരും)

# 60-ാം വാർഷികം

ഭാഗ്യസ്മരണാർഹനായ 13-ാം ലെയോൺ മാർപ്പാപ്പാ, തൊഴിലാളികളുടെ സ്വാതന്ത്ര്യപ്പട്ടയം എന്ന അപരനാമത്താൽ അറിയപ്പെടുന്ന "റേരും നൊവാരും" പ്രസിദ്ധപ്പെടുത്തിയതിന്റെ 60-ാം വാർഷികമാണ് അടുത്ത ഞായറാഴ്ച (മേയ് 13-ാംനു). അന്നേദിനം ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നുമുള്ള 10000 കത്തോലിക്കാ തൊഴിലാളികൾ റോമിൽ സമ്മേളിക്കുന്നതാണ്. ത ദവസരത്തിൽ മാർപ്പാപ്പാ തിരുമേനി സെൻറു് പീറേറഴ്സ് ദേവാലയത്തിൽ ദിവ്യബലിയർപ്പിക്കുന്നതായിരിക്കും.

സേക്രഡ് ഹാർട്ട് ഹൈസ്കൂൾ ബോർഡിങ്ങ്
തേവര
മദ്ധ്യവേനൽ അവധി കഴിഞ്ഞു് സ്കൂൾ ജൂൺ 4-ാംനു- തുറക്കുന്നതും സ്കൂളിലേക്കും ബോർഡിങ്ങിലേക്കും ഉള്ള അഡ്മിഷൻ മേയ് 21-ാംനു- ആരംഭിക്കുന്നതുമാണ. ബോർഡിങ്ങിൽ താമസിച്ചു പഠിക്കുവാനാഗ്രഹിക്കുന്നവർ കാലേക്കൂട്ടി അപേക്ഷ അയക്കേണ്ടതാണു.
ഫാ. ജെരാർദ് ടി. ഒ. സി. ഡി., റെക്ടർ

# പ്രതിമാസഗ്രന്ഥക്ലബ്ബ്

രാജ്യത്തിന്റെ നായകത്വം ഇംഗ്ലീഷ്‌വിദ്യാഭ്യാസം സിദ്ധിച്ചവരോ പണക്കാരോ ആയ ചുരുക്കം ചിലരിൽനിന്നു മലയാളം മാത്രമറിയാവുന്ന അനേകം ചെറുമിടുക്കന്മാരിലേക്ക് പകർന്നുകഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു സമുദായത്തിന്റെയും പ്രത്യേകിച്ചു കത്തോലിക്കരുടേയും സുരക്ഷിതത്വത്തിനു സാധാരണക്കാരന്റെ അഭിപ്രായങ്ങളെ രൂപവൽക്കരിക്കുന്നതിനു പ്രാപ്തിയുള്ള അനേകം ചെറുനേതാക്കന്മാരെ സൃഷ്ടിക്കേണ്ട ഭാരപ്പെട്ട ചുമതല ക്രിസ്ത്യാനികളുടെ പ്രത്യേകിച്ചു കത്തോലിക്കരുടെ ചുമലിൽ വന്നുചേന്നിരിക്കുന്നു.

സാമാന്യമായിപ്പറഞ്ഞാൽ ചരിത്രം, സാമൂഹ്യശാസ്ത്രം, രാഷ്ട്രമീമാംസ മുതലായ അവശ്യവിഷയങ്ങളിൽ ഈ രാജ്യത്തിലെ കത്തോലിക്കർ കേവലം അജ്ഞന്മാരാണ്. അതാണ് രാഷ്ട്രീയവും സാമുദായികവുമായി അവർക്കു വന്നുഭവിക്കുന്ന മിക്ക തോൽവിയുടെയും പ്രധാനകാരണം.

ഇതു വർത്തമാനപ്പത്രംവഴിയോ, ലഘുഗ്രന്ഥങ്ങൾവഴിയോ പരിഹരിക്കാവുന്ന ഒന്നല്ല. ഇതിലേക്കു വിജ്ഞാനപ്രദങ്ങളും

FIXED DEPOSITS
2 years $4\frac{1}{2}\%$
6 months & above 4%
The Bank of Cochin Ltd.
ERNAKULAM
*Branches:*
CHALAKUDY, TRICHUR,
MATTANCHERY,
WILLINGDON ISLAND

പണ്ഡിതോചിതങ്ങളുമായ ഉത്തമഗ്രന്ഥങ്ങൾതന്നെ പ്രചരിപ്പിക്കണം.

ഇന്നു മലയാളത്തിൽ ഈ വിഷയങ്ങളിൽ പ്രചരിക്കുന്ന പുസ്തകങ്ങൾ എല്ലാംതന്നെ കമ്മ്യൂണിസ്റ്റുബീജങ്ങൾ നിറഞ്ഞവയാണ്. മുക്കിലും കോണിലും ദിനംതോറും വളർന്നുവരുന്ന പുസ്തകശാലകളിൽനിന്നും ഈവക ഗ്രന്ഥങ്ങൾ ധാരാളം ജനതാമദ്ധ്യത്തിൽ പ്രചരിക്കുന്നുണ്ടു്. കൂടാതെ നോവൽസാഹിത്യത്തിനു സമുദായാഭിപ്രായങ്ങളെ രൂപവൽക്കരിപ്പാനുള്ള സാദ്ധ്യത ശക്തിമത്താണ്. ഇതുവഴിയാണ് പല രാജ്യങ്ങളിലും കമ്മ്യൂണിസം പ്രചരിച്ചിട്ടുള്ളതു്.

ഈദൃശസാഹിത്യം വരുത്തിക്കൂട്ടുന്ന നാശത്തെ തടയാൻ കത്തോലിക്കർക്കുള്ള ചുമതല പ്രത്യക്ഷമാണ്. ചരിത്രം, സാമൂഹ്യശാസ്ത്രം, രാഷ്ട്രമീമാംസ, നോവലുകൾ ഇവയെ വിഷയമാക്കിയുള്ള ഉത്തമഗ്രന്ഥങ്ങൾ കുറെ നഷ്ടം സഹിച്ചെങ്കിലും ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കണം.

ഇതു വ്യക്തികളെക്കൊണ്ടോ ഇപ്പോൾ നിലവിലുള്ള സ്ഥാപനങ്ങളെക്കൊണ്ടോ മാത്രം ചെയ്യാവുന്ന ഒന്നല്ല. ആകയാൽ കൂലങ്കഷമായ പര്യാലോചനയ്ക്കുശേഷം വൈദികമേലദ്ധ്യക്ഷന്മാരുടേയും സന്ന്യാസസഭാശ്രേഷ്ഠന്മാരുടേയും പ്രോത്സാഹനത്തോടുകൂടി ഇപ്പോൾ എറണാകുളത്തു ഒരു പ്രതിമാസബുക്ക്ക്ലബ്ബ് ആരംഭിച്ചിരിക്കുന്നു.

ഷെവലിയർ ജോസഫ് പെട്ട എം. എ. അവർകൾ പ്രധാന എഡിററായും, വെരി റവ. മോൺ. നടുവത്തുശേരി, റവ. ഫാ. തിയഡോഷ്യസ് എം. എ. തുടങ്ങിയ പല വൈദികപ്രമുഖരും, പ്രൊഫസർ കെ. ജെ. അഗസ്റ്റിൻ എം. എ. എൽ. ററി. തുടങ്ങിയ പല അൽമായ പണ്ഡിതരും പ്രസാധകസമിതിയംഗങ്ങളായും ചേർന്നിട്ടുള്ളതുകൊണ്ടു് ഗ്രന്ഥങ്ങൾ എല്ലായ്പോഴും ഉത്തമവും പണ്ഡിതോചിതവുമായിരിക്കുമെന്നു പ്രതീക്ഷിക്കാവുന്നതാണ്.

ആണ്ടിൽ 24 രൂപാ മാത്രം കൊടുത്തു ഈ ക്ലബ്ബിൽ ചേരുന്നവർക്കു എല്ലാമാസവും ഒന്നാം തിയതി സ്വഭവനങ്ങളിൽ പണ്ഡിതോചിതമായ ഒരു ഗ്രന്ഥം സ്വന്തമായി ലഭിക്കത്തക്കവിധത്തിലാണ് ക്ലബ്ബ് രൂപവൽക്കരിച്ചിരിക്കുന്നതു്. പല ഉത്തമനോവലുകളും ക്ലബ്ബ് പ്രസിദ്ധീകരിക്കുന്നതായിരിക്കും.

ക്ലബ്ബിൽ ഇതിനകം ധാരാളം മെമ്പർമാർ ചേർന്നുതുടങ്ങിയിട്ടുണ്ടു്. എല്ലാ സന്ന്യാസാശ്രമങ്ങളും ക്ലബ്ബുമെമ്പർമാരായി ചേരുവാൻ സമ്മതിച്ചിട്ടുണ്ടു്. അതു തന്നെ ക്ലബ്ബിന്റെ സ്ഥിതിയുടെ ലക്ഷണമായി കരുതാവുന്നതാണ്.

ക്ലബ്ബ് മേമാസം അവസാനത്തോടുകൂടി ഉൽഘാടനം ചെയ്യുവാൻ തക്കവിധം ഭാരവാഹികൾ ശ്രമംചെയ്യുവരുന്നു.

ഇതിലേക്കു എല്ലാ കത്തോലിക്കരുടേയും പ്രത്യേകിച്ചു വൈദികരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

കെ. പി. ഇട്ടിര ബി. എ. ബി. എൽ.
എറണാകുളം

——

# ഡൽഹി-സിംലാ മെത്രാപ്പോലീത്താ

കൽക്കട്ടായിലെ സഹായമെത്രാനായ റൈററു് റവ. ഡോ. ജോസഫ് ഫെർണാണ്ടസ് തിരുമേനിയെ ഡൽഹി സിംലാ മെത്രാപ്പോലീത്തായായി നിയമിച്ചിരിക്കുന്നു. ഇദ്ദേഹത്തിന്റെ ജനനം ബാങ്ക്ളൂരിലാണെങ്കിലും മംഗലാപുരം ദേശിയനാണ്. കാണ്ടിയിലാണ് വൈദികവിദ്യാഭ്യാസം നടത്തിയതു്. കൽക്കട്ടാമെത്രാന്റെ സെക്രട്ടറി, വികാരി ജനറൽ, സഹായമെത്രാൻ എന്നീ നിലകളിൽ കഴിഞ്ഞ 30 കൊല്ലക്കാലമായി ഇദ്ദേഹം കൽക്കട്ടായിൽതന്നെയായിരുന്നു

# രാഷ്ട്രത്തിന്റെ അടിമയല്ല

"കത്തോലിക്കാസഭ യാതൊരു രാഷ്ട്രത്തിന്റെയും അടിമയാക്കപ്പെടുവാൻ പാടില്ല" എന്നത്രേ, യൂഗോസ്ലാവിയൻ കമ്മ്യൂണിസ്റ്റുകാർ 1946 മുതൽ കാരാഗൃഹത്തിലടച്ചിരിക്കുന്ന സ്റ്റെപ്പിനാക്ക് മെത്രാപ്പോലീത്താ ഈയിടെ അസോസിയേറ്റഡ് പ്രസ്സ് പ്രതിനിധിയുമായി നടത്തിയ സംഭാഷണത്തിനിടയിൽ പ്രസ്താവിച്ചതു്. തിരുമേനി തുടർന്നു: "സഭയ്ക്കു് ആദ്ധ്യാത്മികമായ കർത്തവ്യങ്ങളുള്ളപ്പോൾ രാഷ്ട്രത്തിനു് ഭൗതികമായ ചുമതലകളുണ്ടായിരിക്കും. എന്നാൽ രണ്ടുംതമ്മിൽ സംഘട്ടനമുണ്ടാകുന്നതു് ശുഭകരമല്ല. സഭയെ പരാജയപ്പെടുത്തുവാൻ യാതൊരു സാദ്ധ്യതയുമില്ല. അങ്ങനെയുള്ള വ്യാമോഹങ്ങൾ എന്നെങ്കിലും ശിഥിലീഭവിക്കാതിരിക്കയുമില്ല."

# കാശ്മീർ മദ്ധ്യസ്ഥൻ

നോർത്തു കരോളിനായുണിവേഴ്സിററി പ്രസിഡണ്ടായ മി. ഫ്റാങ്ക് ഗ്രഹാമിനെ കാശ്മീർ മദ്ധ്യസ്ഥനായി ഐക്യരാഷ്ട്രസമിതി നിയമിച്ചിരിക്കുന്നു. ഒരമേരിക്കൻപൗരനായ ഇദ്ദേഹത്തെ നിയമിച്ചതിൽ റഷ്യൻപ്രതിനിധി പ്രതിഷേധിക്കുകയുണ്ടായി. വോട്ടിംഗിൽ ഇൻഡ്യ നിഷ്പക്ഷതയവലംബിക്കയാണുണ്ടായതു്.

# ക: കോ: വാർഷികം

ആലുവാ ഫാത്തിമാനഗറിൽ മേയ് 13, 14, 15, തീയതികളിൽ നടത്തപ്പെടുന്ന അഖിലകേരളകത്തോലിക്കാകോൺഗ്രസ് വാർഷികാഘോഷങ്ങളുടെ പരിപാടി താഴെ ചേർക്കുന്നു.

മേയ് 12-ാംനു- ശനി

വൈകുന്നേരം 6മണിക്കു വർക്കിംഗ് കമ്മിററി യോഗം.

1-ാം ദിവസം—മേയ് 13

കാലത്തു് 7- 30. ആഘോഷമായ സ്തപസ്സു കുർബാന. (സെൻറ് ഡോമിനിക്സ് ചർച്ചു്).

10. പതാക ഉയർത്തൽ.

10- 30. വിഷയനിർണ്ണയക്കമ്മിററി യോഗം.

ഉച്ചകഴിഞ്ഞു് 3. ഉൽഘാടനസമ്മേളനം.

കാര്യപരിപാടി:

1) സ്വാഗതപ്രസംഗം.
2) ഉൽഘാടനപ്രസംഗം.
3) അദ്ധ്യക്ഷപ്രസംഗം.
4) സന്ദേശപാരായണം.
5) കൃതജ്ഞതാപ്രകാശനം.

രാത്രി 7. ഭക്തസംഘ്യസമ്മേളനം.

2-ാം ദിവസം—മേയ് 14

കാലത്തു് 6- 30. പരേതരായ കോൺഗ്രസ് അംഗങ്ങൾക്കുവേണ്ടിയുള്ള കുർബാന. (സെൻറ് ആൻറണീസ് കാർമ്മലൈററ് മൊണാസ്റ്ററി ചർച്ചു്).

8. കോൺഗ്രസ് കാര്യാലോചനായോഗം.

കാര്യപരിപാടി:

1) പ്രശ്നോത്തരങ്ങൾ.
2) മിനിററ്സ്.
3) വാർഷികറിപ്പോർട്ടു്.
4) വാർഷിക വരവു ചെലവു കണക്കു്, ബാക്കിപത്രം, ആഡിററു റിപ്പോർട്ടു്.
5) 1951 ലെ ലക്ഷ്യവാക്യ പ്രഖ്യാപനം.
6) നിയമഭേദഗതികൾ.
7) വർക്കിംഗ് കമ്മിററിയുടെ പ്രസ്താവന.

കാലത്തു് 10. വനിതാസമ്മേളനം.

ഉച്ചകഴിഞ്ഞു് 3. വിദ്യാഭ്യാസസമ്മേളനം.

രാത്രി 7. വിൻസെൻറു ഡി പോൾ സമ്മേളനം.

3-ാം ദിവസം—മേയ് 15

കാലത്തു് 7. കൃതജ്ഞതാസ്തോത്രബലി (സെൻറ് ഫ്രാൻസിസ് സേവ്യേഴ്സ് ചർച്ചു്).

9- 30. പൗരാവകാശ ക്രൈസ്തവ സമ്മേളനം.

ഉച്ചകഴിഞ്ഞു് 3-നു് ഉപസംഹാര സമ്മേളനം.

കാര്യപരിപാടി:

1) പ്രമേയാവതരണങ്ങൾ.
2) ഉപസംഹാരപ്രസംഗം.
3) കൃതജ്ഞതാപ്രകാശനം.

പ്രവേശന ടിക്കററു നിരക്കു:-

25ക. 15ക. 10ക 5ക. 1 ക.

——

വലിയ കുടുംബങ്ങളോടുള്ള

## കയ്യേററം

ഇംഗ്ലണ്ടിലെ ജനസംഖ്യാവർദ്ധനവു സംബന്ധിച്ചു് അന്വേഷണം നടത്തുന്നതിനായി നിയോഗിക്കപ്പെട്ട റോയൽ കമ്മീഷൻ, രാജ്യത്തെ കുടുംബങ്ങളിലെ അംഗസംഖ്യ കൃത്രിമോപാധികളുപയോഗിച്ചു നിയന്ത്രിക്കണമെന്ന ഒരഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി. ഈ അഭിപ്രായത്തെ പ്രതിഷേധിച്ചുകൊണ്ടു് ഇംഗ്ലണ്ടിലേയും വെയിൽസിലേയും ഹൈരാർക്കി ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു. കമ്മീഷൻറെ അഭിപ്രായം പ്രായോഗികമാക്കുന്നതിനെ നീതിപൂർവ്വമായ എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ചു് ശക്തിയുക്തം എതിർക്കുവാൻ രാജ്യത്തെ കത്തോലിക്കരോടു് ഹൈരാർക്കി ആഹ്വാനം ചെയ്തിരിക്കുന്നു. കമ്മീഷൻറെ പ്രസ്തുതാഭിപ്രായം രാഷ്ട്രത്തിൻറെ അതിരുകടന്ന അധികാരപ്രയോഗത്തെയാണു് പ്രകടമാക്കുന്നതെന്നും അബദ്ധവും നാസ്തികവുമായ ആദർശങ്ങളിൽ അധിഷ്ഠിതമായ ഈ പദ്ധതി വലിയ കുടുംബങ്ങളുടെ നേരെയുള്ള കയ്യേററവും കുടുംബസ്വാതന്ത്ര്യത്തോടുള്ള ഒരു വെല്ലുവിളിയുമാണെന്നും സഭാധികാരികൾ മേൽപ്പറഞ്ഞ പ്രസ്താവനയിൽ ഊന്നിപ്പറഞ്ഞിരിക്കുന്നു.




പൊതുരക്ഷാനടപടിനിയമമനുസരിച്ചു് ഗവമ്മെൻറിൽനിന്നും "കയർ സ്റ്റിൻഡിൽ ലൈസൻസിംഗ് ഓർഡർ", "തൊണ്ടുനിയന്ത്രണം" എന്നിങ്ങനെ രണ്ടുത്തരവുകൾ പുറപ്പെടുവിച്ചിരിക്കുന്നു. കയർസ്റ്റിൻഡിൽ ഓർഡറനുസരിച്ചു് കയർപിരിക്കുന്നതിനുള്ള ഓരോ തറിയും രജിസ്റ്റർചെയ്യേണ്ടതും ഒരാൾ മൂന്നു തറിയിൽക്കൂടുതൽ കൈവശം വച്ചുകൊണ്ടിരിക്കുവാൻ ലൈസൻസ് വാങ്ങേണ്ടതുമാണു്. അധികാരിയുടെ നിർദ്ദേശമനുസരിച്ചും നിശ്ചിതവിലയ്ക്കും മാത്രമേ ലൈസൻസുകാർ ചകിരിയും കയറും വില്പന നടത്തുവാൻ പാടുള്ളു. തൊണ്ടുനിയന്ത്രണോത്തരവനുസരിച്ചു് ലൈസൻസോടുകൂടിയും അധികാരിയുടെ നിർദ്ദേശമനുസരിച്ചുമല്ലാതെ യാതൊരാൾക്കും തൊണ്ടു വാങ്ങുവാനോ വില്ക്കുവാനോ സ്റ്റോക്കുചെയ്യുവാനോ പാടുള്ളതല്ല. എന്നാൽ വീട്ടാവശ്യത്തിനുമാത്രം തൊണ്ടുകൈവശംവയ്ക്കുന്നതിനേയും വർഷത്തിൽ50,000-ൽ താഴെമാത്രം തൊണ്ടുകൾ ഉപയോഗിച്ചു വ്യാപാരം നടത്തുന്നതിനേയും ഈ നിയന്ത്രണം ബാധിക്കുന്നതല്ല.

—ആലപ്പുഴയ്ക്കും ചങ്ങനാശേരിക്കും മദ്ധ്യേ 35ലക്ഷം ക. ചെലവുചെയ്തു് 15 മൈൽ നീളത്തിൽ ഒരു റോഡും 19മൈൽനീളത്തിൽ ഒരു തോടും നിർമ്മിക്കുവാൻ ഗവമ്മെൻറ് അനുവദിച്ചിരിക്കുന്നു. ഈ നൂതനമാർഗ്ഗങ്ങൾക്കു് വാണിജ്യപരമായി വളരെ പ്രാധാന്യമുണ്ടായിരിക്കുമെന്നു പറയപ്പെടുന്നു.

—തിരു-കൊച്ചി സംസ്ഥാനത്തു 4978 വിദ്യാലയങ്ങളുണ്ടെന്നും അവയിൽ2546 എണ്ണം സർക്കാർസ്കൂളുകളും ബാക്കി2432 എണ്ണം പ്രൈവററു സ്കൂളുകളുമാണെന്നും, എല്ലാസ്കൂളുകളിലുംകൂടി1467091 വിദ്യാർത്ഥികൾ പഠിച്ചിരുന്നെന്നും, അവരിൽ 842140 ഹിന്ദുക്കളും 555254 ക്രിസ്ത്യാനികളും 69070 മുസ്ലിമിങ്ങളും 627 പേർ യഹൂദരുമായിരുന്നുവെന്നും എഡ്യുക്കേഷൻ ഡിപ്പാർട്ടുമെൻറിൻറെ 1949 ആഗസ്റ്റ്മുതൽ 1950 മാർച്ചു് അവസാനംവരെയുള്ള ഭരണറിപ്പോർട്ടിൽ പറയുന്നു. റിപ്പോർട്ടുവർഷത്തിൽ മി. ഐ. എൻ. മേനോൻ വിദ്യാഭ്യാസഡയറക്ടറായിരുന്നു.

386 ഹൈസ്കൂളുകളിലായി 156893 വിദ്യാർത്ഥികളും കൊച്ചിവിഭാഗത്തിൽ മാത്രമുള്ള 209 ലോവർ സെക്കണ്ടറി സ്കൂളുകളിലായി 40237 വിദ്യാർത്ഥികളും പഠനം നടത്തിപ്പോന്നു. തിരുവിതാംകൂർ വിഭാഗത്തിലുണ്ടായിരുന്ന 574 മിഡിൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സംഖ്യ 94363 ആയിരുന്നു.

കൂടാതെ 2198 സർക്കാർ പ്രൈമറിസ്കൂളുകളിലും 1775 മാനേജ്മെൻറ് പ്രൈമറിസ്കൂളുകളിലുംകൂടെ632808ആൺകുട്ടികളും 531887 പെൺകുട്ടികളും ഉൾപ്പെടെ 1164495 വിദ്യാർത്ഥികൾ പഠിച്ചിരുന്നു.

—തൃശ്ശൂർ ഒരു ടെക്നോളജിക്കൽ ട്രെയിനിംഗ്കോളെജ് സ്ഥാപിക്കുവാൻ ഗവമ്മെൻറിൽനിന്നും 75000 ക. അനുവദിച്ചിരിക്കുന്നു. അതിൻറെ പ്രിൻസിപ്പാളായി എറണാകുളം മഹാരാജാസ് കോളെജ് പ്രഫസർ ശ്രീ കെ. ജെ. അഗസ്റ്റിൻ എം. എ. എൽ. ടി. യാണു് നിയമിതനായിരിക്കുന്നതു്.

—തിരു-കൊച്ചി സൈന്യത്തിൽനിന്നും പിരിച്ചുവിട്ടവർക്കായി 1500 ഏക്കർ ഭൂമി പതിച്ചുകൊടുക്കുവാൻ ഗവമ്മെൻറു് അനുവദിച്ചിരിക്കുന്നതായി ഒരു പ്രസ്നോട്ടിൽ പറഞ്ഞിരിക്കുന്നു. ഒരാൾക്കു് 3 ഏക്കറിൽ കുറയാതെ ലഭിക്കുന്നതാണെന്നറിയുന്നു. ഭൂമി കൃഷിയോഗ്യമാക്കുക, വീടു പണിയുക മുതലായവയ്ക്കുവേണ്ട സാമ്പത്തിക സഹായങ്ങളും ഗവമ്മെൻറുചെയ്തുകൊടുക്കുന്നതാണത്രെ.

——

## രോഗികളുടെ മിഷൻഞായറാഴ്ച

പെന്തക്കോസ്തു തിരുനാൾദിനമായ അടുത്ത ഞായറാഴ്ച "രോഗികളുടെ മിഷൻഞായറാഴ്ച"യാണല്ലൊ. അന്നേദിനം കത്തോലിക്കാലോകമാസകലമുള്ള സകല രോഗികളും അവരുടെ പീഡാനുഭവങ്ങൾ മാർപ്പാപ്പായ്ക്കും മിഷനുംവേണ്ടി സമർപ്പിക്കണമെന്നാണു് പരിശുദ്ധപിതാവിൻറെ ആഗ്രഹം.

## വത്തിക്കാനിലെ ബ്രിട്ടീഷ് പ്രതിനിധി

പരേതനായ സർ വിക്ടർ ബ്രൗണിക്കു പകരം വത്തിക്കാനിലെ ബ്രിട്ടീഷ് പ്രതിനിധിയായി മി. വാൾട്ടർ റോബർട്ട്സ് നിയമിതനായിരിക്കുന്നു.

## ഉപകാരസ്മരണ

ബ: കുര്യാളശ്ശേരി മെത്രാനച്ചൻറെ മദ്ധ്യസ്ഥതയാൽ അനുഗ്രഹം ലഭിച്ചതിനു് ഉപകാരസ്മരണ.

പി. ജെ. ജോൺ, വലവൂർ




അഖിലേന്ത്യാ കോൺഗ്രസ് പാർട്ടിയിൽ ശ്രീ ആചാര്യകൃപലാനിയുടെ നേതൃത്വത്തിൽ രൂപീകൃതമായ കോൺഗ്രസ് ഡെമോക്രാററിക് ഫ്രണ്ടു് എന്ന ഗ്രൂപ്പ് കോൺഗ്രസ് നേതാക്കന്മാരുടെ നിർദ്ദേശമനുസരിച്ചു് പിരിച്ചുവിടപ്പെട്ടിരിക്കുന്നു. പ്രസ്തുതഗ്രൂപ്പുകാർ കോൺഗ്രസിൽനിന്നും പുറത്തുപോകുന്നതിനും അഖിലേന്ത്യാടിസ്ഥാനത്തിൽ ഒരു പ്രത്യേകപാർട്ടി സൃഷ്ടിക്കുന്നതിനും ഇപ്പോൾ തീരുമാനിച്ചിരിക്കുന്നതായറിയുന്നു.

—ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുവാൻ അടുത്ത 5 കൊല്ലംകൊണ്ടു 16കോടി ക. ചെലവുവരുന്ന ഒരു പദ്ധതി മദ്രാസ്ഗവമ്മെൻറ് ആസൂത്രണം ചെയ്തിരിക്കുന്നു.

—ഇൻഡ്യൻ റിപ്പബ്ലിക്കു് പ്രസിഡണ്ടു് റിട്ടയർ ചെയ്യുമ്പോൾ അദ്ദേഹത്തിനു് പ്രതിവർഷം 15000 ക. പെൻഷൻ അനുവദിക്കുന്ന ഒരു ബിൽ കേന്ദ്ര പാർലമെൻറു പാസാക്കിയിരിക്കുന്നു. ഈ തുക ആദായനികുതിക്കു് വിധേയമായിരിക്കുന്നതാണു്. എന്നാൽ ശ്രീ രാജഗോപാലാചാരിയാകട്ടെ പെൻഷനോ മന്ത്രിയെന്നനിലയിൽ ഇപ്പോഴുള്ള ശമ്പളമോ സ്വീകരിക്കുന്നില്ല.

—ബി വിഭാഗത്തിൽപ്പെട്ട സ്റ്റേററുകളിൽ (മുൻനാട്ടുരാജ്യങ്ങളിൽ) ചീഫ് സെക്രട്ടറിമാർ, ധനകാര്യസെക്രട്ടറിമാർ, റവന്യൂബോർഡ് സീനിയർമെമ്പർമാർ, പോലീസ് ഇൻസ്പെക്ടർ ജനറൽ, പബ്ലിക് സർവ്വീസ് കമ്മീഷൻ ഇവരുടെ നിയമനങ്ങൾസംബന്ധിച്ചു് കേന്ദ്രഗവമ്മെൻറിനോടു് ആലോചിക്കേണ്ടതാണെന്നു് പ്രസ്തുത സ്റ്റേററുകളോടു് ആവശ്യപ്പെട്ടിരിക്കുന്നതായി നാട്ടുരാജ്യമന്ത്രി പ്രസ്താവിച്ചിരിക്കുന്നു.

—കാശ്മീർപ്രശ്നം സംബന്ധിച്ചു് ഒരു മദ്ധ്യസ്ഥനെ അയക്കുവാനുള്ള ഐക്യരാഷ്ട്രസമിതിയുടെ ഇപ്പോഴത്തെ തീരുമാനം അനീതിപരമാണെന്നും കാശ്മീരിൻറെ ഭാവിയെക്കുറിച്ചും സംയോജനത്തെക്കുറിച്ചും ചിന്തിക്കുവാൻ ഒരു ജനപ്രതിനിധിസഭ വിളിച്ചുകൂട്ടുവാനാണു് തങ്ങൾ തീരുമാനിച്ചിരിക്കുന്നതെന്നും കാശ്മീർ പ്രധാനമന്ത്രി ഷേക്ക് അബ്ദുള്ള പ്രസ്താവിച്ചിരിക്കുന്നു.

—ഇൻഡ്യയിലെ ക്ഷാമബാധിതരായ ജനങ്ങൾക്കു് സംഭാവനയായി നല്കുന്നതിനു് ബർമ്മയിലെ ഇൻഡ്യൻ പൗരന്മാർ 350 ടൺ ബർമ്മാ അരി ഇൻഡ്യൻ ഭക്ഷ്യമന്ത്രി ശ്രീ കെ. എം. മുൻഷിയെ ഏല്പിച്ചിരിക്കുന്നു.

—20 ലക്ഷംടൺ ഭക്ഷ്യധാന്യം ഇൻഡ്യക്കു നല്കുന്നതുസംബന്ധിച്ചുള്ള ബിൽ അമേരിക്കൻ പാർലമെൻറു മാററിവച്ചിരിക്കുന്നതിനാൽ ഇൻഡ്യയുടെ സുഹൃത്തുക്കളായ അമേരിക്കയിലെ സ്വകാര്യ വ്യക്തികൾ ചേർന്നു് വേണ്ടത്ര ഭക്ഷ്യധാന്യം ശേഖരിച്ചു് ഇൻഡ്യയിലേക്കയക്കുവാൻ സംരംഭങ്ങൾ ആരംഭിച്ചിരിക്കുന്നു. അറുപതു് അമേരിക്കൻ സംഘടനകൾ ഈ ധാന്യസംഭരണത്തിൽ സഹകരിക്കുന്നതാണത്രെ.

—കാശ്മീർതർക്കം സംബന്ധിച്ച നിർബന്ധംചെലുത്തുന്നതിനെയോ മദ്ധ്യസ്ഥവിധി പ്രസ്താവിക്കുന്നതിനെയോ ഇൻഡ്യ സ്വീകരിക്കുന്നതല്ല എന്ന ഇൻഡ്യാഗവമ്മെൻറിൻറെ നില അഖിലേന്ത്യാ കോൺഗ്രസ് കമ്മിററി അംഗീകരിച്ചിരിക്കുന്നു.

## ലോകാരോഗ്യ സംഘടന

ലോകാരോഗ്യസംഘടനയുടെ നാലാം വാർഷികം മേയ് 7-ാംനു- ജനിവായിൽ ആരംഭിച്ചിരിക്കുന്നു. ഇൻഡ്യയുടെ ആരോഗ്യമന്ത്രിണി രാജകുമാരി അമൃത് കോറാണു് സമ്മേളനം ഉൽഘാടനം ചെയ്തതു്.

സാമ്പത്തികരോഗങ്ങൾ

## സുഖപ്പെടുത്താൻ കമ്മ്യൂണിസം പോരാ

വ്യാവസായിക സംഘടനാ കോൺഗ്രസിൻറെ (സി. ഐ. ഒ.) അന്താരാഷ്ട്രീയ കമ്മിററിയുടെ അദ്ധ്യക്ഷനായ ജേക്കബ് പോട്ടോഫ്സ്കി തയ്യാറാക്കിയ മേയ്ദിന പ്രഖ്യാപനത്തിൽ, കമ്മ്യൂണിസത്തിനു ലോകത്തിലെ സാമുദായിക സാമ്പത്തികക്കുഴപ്പങ്ങളിൽനിന്നും മുതലെടുക്കാനേ സാധിക്കുവെന്നും അവയെ പരിഹരിക്കാൻ അറിഞ്ഞുകൂടെന്നും പറഞ്ഞിരിക്കുന്നു. അദ്ദേഹം ഇപ്രകാരം തുടർന്നു:

"ലോകസമാധാനപാലനം രാഷ്ട്രതന്ത്രജ്ഞന്മാർക്കുമാത്രം വിട്ടുകൊടുക്കാവുന്ന ഒരു വിഷയമല്ലെന്നു "സി. ഐ. ഒ." വിശ്വസിക്കുന്നു. നാം സാധിക്കേണ്ട മഹത്തായ ഒരു കാര്യമുണ്ടു്: തൊഴിലാളികൾക്കു മെച്ചപ്പെട്ട ഒരു ജീവിതം വാഗ്ദാനം ചെയ്ക മാത്രമല്ല, ആ വാഗ്ദാനം നിവർത്തിക്കുവാനും കെല്പുള്ള ഏകശക്തി ജനാധിപത്യമാണു്. സാമ്പത്തികസാമൂഹ്യരോഗങ്ങൾക്കു്, ആശയററവർ തേടുന്ന മറുമരുന്നാണു് കമ്മ്യൂണിസം. സ്വാതന്ത്ര്യത്തിൻറെ കുറവുകൊണ്ടല്ല; കൂടുതൽകൊണ്ടുമാത്രം പരിഹരിക്കാവുന്ന രോഗങ്ങളാണവ."

ക. പ്രിൻസിപ്പാൾമാരുടെ

## സമ്മേളനം ആരംഭിച്ചു

മുൻപരിപാടിയനുസരിച്ചു് ഇൻഡ്യയിലെ കത്തോലിക്കാ കോളെജ് പ്രിൻസിപ്പാൾമാരുടെ കോൺഫറൻസ് മേയ് 1-ാംനു- ബാംഗളൂർ ആരംഭിച്ചിരിക്കുന്നു. 23പുരുഷന്മാരും 19 സ്ത്രീകളുമുൾപ്പെടെ 42 കത്തോലിക്കാ പ്രിൻസിപ്പാളന്മാരും ഷെവലിയർ സി. ജെ. വർക്കി, റവ. ഫാ. ജെറോം ഡിസൂസ മുതലായ പ്രശസ്തവിദ്യാഭ്യാസപ്രവർത്തകരും ബാംഗളൂർ മെത്രാൻ, അലഹബാദു് മെത്രാൻ എന്നി തിരുമേനിമാരും കോൺഫറൻസിൽ സംബന്ധിച്ചുവരുന്നു. റാഞ്ചി മെത്രാൻ തിരുമേനിയാണു് കോൺഫറൻസ് ഉൽഘാടനം ചെയ്തതു്. ചർച്ചകൾ രഹസ്യമായി സൂക്ഷിക്കപ്പെട്ടുവരുന്നു.

## മെത്രാൻ പട്ടാഭിഷേക രജതജൂബിലി

മാർ ഈവാനിയോസ് മെത്രാപ്പോലിത്താ തിരുമനസ്സിലെ മെത്രാൻ പട്ടാഭിഷേക രജതജൂബിലി മേയ് 7-ാംനു- ആഘോഷിച്ചിരിക്കുന്നു. തത്സംബന്ധമായ ചടങ്ങുകളിൽ ചങ്ങനാശേരി, പാലരൂപതാദ്ധ്യക്ഷന്മാരും സംബന്ധിക്കുകയുണ്ടായി.

ഫാത്തിമാബാലസമിതി

# വളർച്ചയുടെ നിയമം

പ്രിയ കുഞ്ഞുങ്ങളേ,

ഈശോയുടെ വളർച്ചയെക്കുറിച്ച് സാമാന്യമായി അറിയേണ്ട കാര്യങ്ങളാണ് ഈ ലേഖനത്തിന്റെ വിഷയം.

മനുഷ്യനായി അവതാരംചെയ്ത പുത്രൻതമ്പുരാനെയാണ് ഈശോമിശിഹാ എന്നു നാം വിളിക്കുന്നത്. വേദോപദേശത്തിൽനിന്ന് നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ ഈശോയിൽ ആൾ ഒന്നേയുള്ളുവെന്ന്. അത് ദൈവികയാൾ ആണ്. ആൾ ഒന്നേയുള്ളു എങ്കിലും അവിടുന്ന് മനുഷ്യസ്വഭാവം സ്വയം സ്വീകരിച്ചിട്ടുള്ളതുകൊണ്ട് അങ്ങയിൽ സ്വഭാവം രണ്ടുണ്ട്. അവിടുത്തെ സ്വന്തമായ ദൈവസ്വഭാവവും അവിടുന്നു സ്വീകരിച്ച മനുഷ്യസ്വഭാവവും. ഇപ്രകാരം ഈശോയിൽ രണ്ടുസ്വഭാവമുള്ളതുകൊണ്ട് അവിടുന്ന് പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാണ്. ദൈവമായതുകൊണ്ട് ദൈവത്തിന്റെ ഗുണവിശേഷങ്ങളെല്ലാം അങ്ങേക്കുണ്ട്. മനുഷ്യനായതുകൊണ്ട് മനുഷ്യപ്രകൃതിയും അവിടുത്തേക്കുണ്ട്.

ദൈവമെന്ന നിലയിൽ ഈശോ പരിപൂർണ്ണനും സർവ്വജ്ഞാനിയും സകലഗുണങ്ങളോടുകൂടിയവനും മറ്റൊന്നിന് അധീനനാകുവാൻ പാടില്ലാത്തവനുമാണ്. അതുകൊണ്ട് "ഈശോ വളർന്നുവന്നു" എന്നു പറയുമ്പോൾ അഥവാ ഈശോയുടെ വളർച്ചയെക്കുറിച്ചു പറയുമ്പോൾ അങ്ങയുടെ ദൈവസ്വഭാവത്തെ സംബന്ധിച്ചല്ല നാം പറയുന്നത് എന്ന് പ്രത്യേകം മനസ്സിലാക്കേണ്ടതാണ്.

മനുഷ്യനെന്ന നിലയിൽ സകല സംഗതികളിലും—പാപമൊഴിച്ച് എല്ലാ കാര്യങ്ങളിലും—ഈശോ നമ്മോടു തുല്യനാണ്. മനുഷ്യന് ശരീരവും ആത്മാവുമാണല്ലോ ഉള്ളത്. പുത്രൻതമ്പുരാൻ മനുഷ്യാവതാരം ചെയ്തപ്പോൾ നമുക്കുള്ളതുപോലെ ഒരു ശരീരവും ആത്മാവും അവിടുന്നു തന്റേതായി സ്വീകരിച്ചു. പ്രായപൂർത്തിവന്ന, അഥവാ വളർച്ച പ്രാപിച്ച ഒരാളിന്റേതുപോലെയുള്ള ഒരു ശരീരവും ആത്മാവും ദൈവപുത്രന് സ്വീകരിക്കാമായിരുന്നു. എന്നാൽ അവിടുന്ന് അപ്രകാരം ചെയ്തില്ല. എന്തുകൊണ്ടെന്നാൽ അങ്ങനെ ചെയ്തിരുന്നെങ്കിൽ നമ്മുടെ "സഹോദരൻ" എന്ന നാമം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ അവിടുത്തേക്ക് അന്വർത്ഥമായിത്തീരുകയില്ലായിരുന്നു. എല്ലാ സംഗതികളിലും നമ്മെപ്പോലെയാകുവാനാണ് അവിടുന്ന് തിരുമനസ്സായത്. അതുകൊണ്ട് ആദത്തിന്റെ സന്തതികൾ എല്ലാവരും ജനിക്കുന്നതുപോലെ ജനിക്കുന്നതിനുവേണ്ടി ഒരു മാതാവിന്റെ ഉദരം തനിക്കായി തെരഞ്ഞെടുക്കുകയും അവിടെ മനുഷ്യനായി ഉത്ഭവിക്കുകയും ചെയ്യുക എന്നതായിരുന്നു അവിടുന്ന് ആദ്യമായി ചെയ്തത്. മനുഷ്യനായിത്തീർന്ന പ്രസ്തുത ക്ഷണംമുതൽ പ്രകൃതിയുടെ നിയമങ്ങൾക്കെല്ലാം അവിടുന്നു സ്വയം വിധേയനാകുന്നു. പ്രകൃതിനിയമങ്ങളെല്ലാം താൻ നിർമ്മിച്ചിട്ടുള്ളവയാണെങ്കിലും നമ്മുടെ സ്നേഹം ആർജ്ജിക്കുന്നതിനും നമുക്ക് ശരിയായ ഒരു മാതൃക നല്കുന്നതിനും വേണ്ടിയാണ് അവിടുന്ന് അവയെ അന്യൂനമായി പാലിക്കുവാൻ നിശ്ചയിച്ചത്.

പ്രകൃതിയിൽ ദൈവം വച്ചിരിക്കുന്ന ഒരു നിയമമാണ് ജീവനുള്ളവയെല്ലാം "വളരണ"മെന്നുള്ളത്. മണ്ണിൽ മൂടിക്കിടക്കുന്ന വിത്തിൽനിന്നും ചെടി മുളയ്ക്കുകയും അതിന്റെ മൃദുവായ തണ്ട് ആദ്യത്തെ രണ്ടിലയോടുകൂടി മണ്ണിനുമീതെ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. അതിനുശേഷം അതു ക്രമേണ വളർന്ന് ഒരു ചെറിയ മരമായിത്തീരുന്നു. സാവധാനത്തിലുള്ള തുടർച്ചയായ വളർച്ചയ്ക്കുശേഷം ആ ചെറിയ മരം ഒരു വൻമരമായിത്തീരുകയും പലവർണ്ണത്തിലുള്ള പുഷ്പങ്ങളും ഫലങ്ങളുംകൊണ്ട് പ്രകൃതിയെ മോടിപിടിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നു. മുട്ടയിൽനിന്നും വിരിയുന്ന പക്ഷിക്കുഞ്ഞുങ്ങൾക്കും തള്ളമൃഗങ്ങളിൽനിന്നു ജനിക്കുന്ന മൃഗക്കുട്ടികൾക്കും "വളർച്ച"യെന്ന ഇതേ അനുഭവംതന്നെയാണുണ്ടാകുന്നത്. അവ സാവധാനത്തിൽ വളർന്നുവന്നു വലിയ പക്ഷികളും വലിയ മൃഗങ്ങളുമായിത്തീരുന്നു.

മനുഷ്യന്റെ ജീവിതമാർഗ്ഗവും ഇതുപോലെതന്നെയാണ്. അവന്റെ ശരീരം ബലഹീനമായ ശൈശവാവസ്ഥയിൽനിന്നു നിഷ്കളങ്കവും ആകർഷകവുമായ കുട്ടിക്കാലത്തേക്ക് പ്രവേശിക്കുന്നു. അവിടെനിന്ന് ആനന്ദപ്രദമായ കുട്ടിക്കാലത്തേക്കും അതുകഴിഞ്ഞ് പ്രസരിപ്പുനിറഞ്ഞ യൗവ്വനത്തിലേക്കും അത് കാലെടുത്തു വയ്ക്കുന്നു. അതിനുശേഷം മനുഷ്യത്വത്തിന്റെ ശക്തിയും ഓജസ്സും അതിന്റെ പരിപൂർണ്ണതയിൽ ഉള്ളതായ പൂർണ്ണമനുഷ്യന്റെ സ്ഥിതിയിൽ അതു വന്നെത്തുന്നു.

ശരീരത്തെപ്പോലെതന്നെ മനുഷ്യന്റെ ബുദ്ധിയും വളർച്ചാനിയമത്തിന് അധീനമാണ്. ശൈശവം കഴിയുന്നതോടുകൂടി ഒരുവന്റെ ബുദ്ധി സംഗതികൾ ഗ്രഹിക്കുവാൻ ആരംഭിക്കുന്നു. ബാല്യകാലത്തിലേക്ക് പ്രവേശിക്കുമ്പോൾ അവന്റെ ബുദ്ധി സംഗതികൾ വിവേചിക്കുവാൻ തുടങ്ങുന്നു. പ്രായപൂർത്തിയാകുന്നതോടുകൂടി ശരിയായി ചിന്തിക്കുക എന്ന അത്ഭുതാവഹമായ പ്രവൃത്തിക്ക് അവന്റെ ബുദ്ധി പ്രാപ്തമാകുന്നു. അത് ഒരു സത്യത്തെക്കുറിച്ച് ചിന്തിക്കുകയും തൽഫലമായി മറ്റൊരു സത്യത്തിലേക്ക് കടക്കുകയും ചെയ്യുന്നു. പ്രകൃതിയുടെ രഹസ്യങ്ങൾ ആലോചിച്ചു കണ്ടുപിടിക്കുന്നു. തനിക്കു ചുറ്റുമുള്ള പ്രകൃതിയിലെ മഹാശക്തികളെ മനസ്സിലാക്കി അവയെ സ്വന്ത അധീനതയിലാക്കുവാൻ പരിശ്രമിക്കുന്നു. ഇങ്ങനെ ശൈശവംമുതൽ മനുഷ്യബുദ്ധി വികസിച്ചു വരുന്നു അഥവാ വളർന്നുവരുന്നു.

ബുദ്ധിയെപ്പോലെതന്നെ മനുഷ്യമനസ്സിനും, പ്രായംകൂടുംതോറും, അഭിവൃദ്ധി പ്രാപിക്കുവാൻ സാധിക്കുന്നു. തിരിച്ചറിവുണ്ടാകുന്നതോടുകൂടി അല്ലെങ്കിൽ വിവേചനാശക്തി പ്രാപിക്കുന്നതോടുകൂടി നന്മയേത്? തിന്മയേത്? താൻ ചെയ്യേണ്ടത് എന്ത്? ചെയ്തുകൂടാത്തതെന്ത്? എന്നെല്ലാമുള്ള അറിവു ബുദ്ധിക്കുണ്ടാകുന്നു. ഈ അറിവിനനുസരിച്ചു ചെയ്യേണ്ട ചുമതല മനസ്സിന്റേതാണ്. എന്നാൽ എല്ലായ്പ്പോഴും നന്മയായിട്ടുള്ളവയെ സമ്പാദിക്കുവാനും, തിന്മയായിട്ടുള്ളവയെ ദ്വേഷിക്കുവാനും, ചെയ്യേണ്ടവ ചെയ്യുവാനും, ചെയ്തുകൂടാത്തവ ചെയ്യാതിരിക്കുവാനുമുള്ള പ്രാപ്തി ചെറുപ്പത്തിൽ ഒരാളിന്റെ മനസ്സിന് ഉണ്ടായി എന്നു വരുന്നതല്ല. പരിശ്രമവും പരിശീലനവുംകൊണ്ടു വേണം ഇതു സാധിക്കുവാൻ. ഇതിനുവേണ്ടി ആത്മാർത്ഥമായും നിരന്തരമായും പരിശ്രമിക്കുന്ന ഒരുവന്റെ മനസ്സിന്, കുറെനാൾ കഴിയുമ്പോൾ, ചെയ്യേണ്ട നന്മ ചെയ്യുവാനും ചെയ്തുകൂടാത്ത തിന്മ ചെയ്യാതിരിക്കുവാനുമുള്ള കരുത്ത് ലഭ്യമാകുന്നു. ഇങ്ങനെ ഒരുവന്റെ മനസ്സ് കൂടുതൽ കൂടുതൽ ശക്തിയുള്ളതായി, അതായത് വികാസം അഥവാ വളർച്ചയുള്ളതായി, തീരുന്നു.

മനുഷ്യാത്മാവിനു മറ്റൊരു വളർച്ചയുണ്ട്; ആദ്ധ്യാത്മികജീവിതത്തിൽ വരപ്രസാദം വഴിയായുള്ള വളർച്ചയാണ് അത്. ഈ വളർച്ചയെക്കുറിച്ച് ഇവിടെ യാതൊന്നും പറയുവാനുദ്ദേശിക്കുന്നില്ല.

സാധാരണ മനുഷ്യർ എല്ലാവരും അനുസരിക്കേണ്ടതായ മേൽപ്പറഞ്ഞ വളർച്ചയുടെ നിയമത്തിനു അനുരൂപമായ പദ്ധതിയിൽ ഏറ്റം ഉത്തമമായി വർത്തിച്ചുകൊണ്ടാണ് ഈശോ നമുക്ക് മാതൃക നൽകിയിരിക്കുന്നത്. ഈശോയുടെ ശരീരത്തിലും ബുദ്ധിയിലും മനസ്സിലും പ്രത്യക്ഷപ്പെട്ട വളർച്ചയെക്കുറിച്ച് തുടർന്നു പ്രതിപാദിക്കാം.

"നിഷ്ഫലം രൂപലാവണ്യം
വ്യർത്ഥം സൗന്ദര്യമൊക്കയും
കർത്താവിൻ ഭയമേറുന്ന
മാനിനിക്കാണു മാന്യത."

(സുഭാഷിതങ്ങൾ XXXI, 30)

എന്ന് സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

ഇൻഡ്യയിലെ പ്രധാനപ്പെട്ട രാഷ്ട്രീയകക്ഷികൾ ഏവയെല്ലാം?

ഉത്തരം

1) ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സ്.
2) സോഷ്യലിസ്റ്റു പാർട്ടി.
3) കമ്മ്യൂണിസ്റ്റു പാർട്ടി.
4) ഹിന്ദുമഹാസഭ.
5) മുസ്ലിംലീഗ്.
6) ഫോർവേർഡ് ബ്ളോക്ക്.
7) സോഷ്യലിസ്റ്റ് റിപ്പബ്ളിക്കൻ പാർട്ടി.
8) റാഡിക്കൽ ഡെമോക്രാറ്റിക് പാർട്ടി.
9) രാഷ്ട്രീയ സ്വയം സേവക് സംഘ് (ആർ. എസ്. എസ്.)
10) പട്ടികജാതിസംഘടന (Scheduled Caste Federation)
11) ഷിയ പൊളിറ്റിക്കൽ കോൺഫറൻസ്




### പ്രസംഗത്തെക്കാൾ ഭേദം

മാതൃക

ജപ്പാൻരാജ്യത്ത് "യാമഗുച്ചി" എന്ന സ്ഥലമാണ് വി. ഫ്രാൻസിസ് ശൗര്യാരും ശിഷ്യരും തങ്ങളുടെ പ്രസംഗവേദിയായി തെരഞ്ഞെടുത്തത്. അവിടെവച്ച് "ജുവാൻ" എന്ന ശിഷ്യൻ "ഏകസത്യദൈവത്തെ"പ്പറ്റി ജനക്കൂട്ടത്തോട് പ്രസംഗിക്കയായിരുന്നു. ശ്രോതാക്കളിൽ ഒരുവൻ ഇതുകേട്ടു കുപിതനായി പ്രാസംഗികന്റെ മുമ്പിൽവന്നുകൊണ്ടു ഇപ്രകാരം ആക്രോശിച്ചു: "വിദേശികളായ പിശാചുക്കളേ! ഇവിടെവന്നു ഞങ്ങളെ പഠിപ്പിക്കുവാൻ നിങ്ങളെ ആരാണ് ഇങ്ങോട്ടു ക്ഷണിച്ചത്." ഇപ്രകാരം പറഞ്ഞുകൊണ്ടു അയാൾ ആ യുവപ്രേഷിതന്റെ മുഖത്ത് നിന്ദ്യമായി തുപ്പുകയുംചെയ്തു. തൽക്ഷണം ജുവാന്റെ മുഖം വിവർണ്ണമായി. അയാളുടെ കരങ്ങൾ താനറിയാതെതന്നെ പ്രതിയോഗിയുടെ മേൽ ഉയർന്നു പായി. എന്നാൽ ഉത്തരക്ഷണത്തിൽ അടുത്തുനിന്നിരുന്ന വിശുദ്ധ ഫ്രാൻസിസ്, ജുവാന്റെ കർണ്ണങ്ങളിൽ ഇപ്രകാരം മന്ത്രിച്ചു: "ജുവാൻ, മറ്റേ കവിളും കാണിച്ചുകൊടുക്കൂ; നാം ക്രൂശിതനായ ക്രിസ്തുവിനെയാണു പ്രസംഗിക്കുന്നത്."

ജുവാന് എല്ലാം മനസ്സിലായി. തൂവാലയെടുത്തു സന്തുഷ്ടിയോടെ മുഖം തുടച്ച ശേഷം ജനതതിയുടെ നേരെതിരിഞ്ഞു പുഞ്ചിരിപൊഴിച്ചുകൊണ്ട് ശാന്തമായി ആ പ്രേഷിതൻ പ്രസംഗം തുടർന്നു.

പ്രസംഗം കഴിഞ്ഞു തിരിച്ചുപോയപ്പോൾ അവരെ അഭിവാദ്യംചെയ്തുകൊണ്ടു മാന്യനായ ഒരാൾ ഇപ്രകാരം പറഞ്ഞു: "നിങ്ങളാണു സാക്ഷാൽ സന്യാസികൾ; ഞാനോ വെറും ഒരു വ്യാപാരിമാത്രം. എന്നാൽ പുണ്യസമ്പാദനത്തിനായി വിനീതശ്രമം ചെയ്യുന്ന ഒരാളാണു ഞാൻ. ഇക്കാലമത്രയും ഞാൻ അതന്വേഷിച്ചു. എന്നാൽ അതെനിക്കു കണ്ടുകിട്ടിയില്ല. ആകയാൽ ഇന്നു പ്രഭാതംവരെ, നിരാശാഗർത്തത്തിലേക്കു ക്രമശഃ നിപതിക്കയായിരുന്നു ഞാൻ. ഇന്നു ഞാൻ ദർശിച്ചവിധത്തിലുള്ള വിശുദ്ധിയുടെ ഒരു യഥാർത്ഥമാതൃക എന്റെ അൻപതുവർഷത്തെ ജീവിതത്തിനിടയ്ക്കു ഞാൻ കണ്ടിട്ടില്ല. ആകയാൽ നിങ്ങളുടെ മതതത്വങ്ങൾ ഗ്രഹിക്കുവാൻ ഞാൻ അത്യധികം ആഗ്രഹിക്കുന്നു."

ജപ്പാനിലെ ആദ്യക്രിസ്ത്യാനികളിൽ ഒരുവനായിത്തീർന്നു അയാൾ.

സന്മാതൃക

തികഞ്ഞ്തനിറഞ്ഞ ഒരു കത്തോലിക്കന് ഒരകത്തോലിക്കായുവതിയെ വിവാഹം കഴിക്കേണ്ടിവന്നു. അയാൾ ദിവസംതോറും രണ്ടുനേരവും പ്രാർത്ഥനകൾ മുട്ടിന്മേൽനിന്നുകൊണ്ടുതന്നെ ഭക്തിപൂർവ്വം ജപിക്കുക പതിവായിരുന്നു. സുദീർഘമായ ഇരുപതു സംവത്സരത്തിനു ശേഷം ഭാര്യ, ഭർത്താവിന്റെ മതത്തെ തന്നെ ആശ്ലേഷിച്ചു. അവൾ അതിനുള്ള കാരണം പറഞ്ഞത് ഇപ്രകാരമാണ്: "എന്റെ ഭർത്താവിന്റെ മാതൃകയാണ് എന്നെ വിശ്വാസത്തിലേക്കാനയിച്ചത്. ഒരു ദിവസം രണ്ടുപ്രാവശ്യംവിതം ഒരു പുരുഷനെ മുട്ടിന്മേൽനിർത്തി പ്രാർത്ഥിപ്പിക്കുന്നതിനു പ്രേരിപ്പിക്കുന്ന ഒരു മതത്തിൽ, എനിക്ക് ഊഹിക്കുവാൻ കഴിയാത്ത പല മാഹാത്മ്യങ്ങളും ഉണ്ടെന്ന് എനിക്കു മനസ്സിലായി."

ദുർമ്മാതൃക

അഞ്ചാം പിയൂസ്മാർപ്പാപ്പാ ഒരു പ്രോട്ടസ്റ്റൻറുകാരനെ മാനസാന്തരത്തിനായി ഒരുക്കുകയായിരുന്നു. ഒരു ദിവസം അയാൾ വി. ബലിയിൽ സംബന്ധിച്ചിരുന്നപ്പോൾ, അതിൽ സംബന്ധിച്ചിരുന്ന ചില വിശ്വാസികളുടെ അനാചാരമായ പെരുമാറ്റം കാണുവാൻ ഇടയായി. ഇതുകണ്ടു കോപിഷ്ടനായ അയാൾ "കത്തോലിക്കർക്ക് വി. കുർബാനയിൽ അശേഷം വിശ്വാസമില്ല. അവർ വി. കുർബാനയിൽ ദൈവത്തിന്റെ യഥാർത്ഥസാന്നിദ്ധ്യം വിശ്വസിക്കുന്നില്ല" എന്നു പറഞ്ഞ് തന്റെ ഉദ്യമത്തിൽനിന്നും പിന്തിരിഞ്ഞ് പ്രോട്ടസ്റ്റൻറു വിശ്വാസത്തിൽ തന്നെ ജീവിതം തുടർന്നു. ദുർമ്മാതൃക വരുത്തിക്കൂട്ടുന്ന നാശഫലങ്ങൾ നോക്കുക!

——


## വിനോദവീഥി




"കൊച്ചൗസേപ്പേ! ഇനി നമ്മളെങ്ങനെ കഴിയുമെടാ. വിഡ്ഢിക്കു വില കൂടിയിരിക്കുന്നു!"

"ഇനി വേണ്ടെന്നു വയ്ക്കുകയേ നിവൃത്തിയുള്ളു."

* * *



അച്ഛൻ: എന്തുപടമാ മോനേ വരയ്ക്കുന്നേ?"

മകൻ: "നരകത്തിന്റെയും സ്വർഗ്ഗത്തിന്റെയും ഒക്കെ..."

അച്ഛൻ: "എടാ അതെങ്ങനെയാണെന്ന് ഇതുവരെയും ആർക്കും അറിഞ്ഞുകൂടല്ലോ."

മകൻ: "ഞാൻ വരച്ചുകഴിയുമ്പോൾ അവരറിയുമച്ഛാ."

* * *

ടീച്ചർ: ജോണി, നിങ്ങളുടെ വീട്ടിൽ 10 പശുക്കളുണ്ടെന്നിരിക്കട്ടെ. അവയിൽ അഞ്ചെണ്ണത്തിനു 2കുപ്പി പാൽ വിതവും, ശേഷമുള്ളതിനു 1കുപ്പി പാൽ വിതവും ഉണ്ടാകയാണെങ്കിൽ ആകെ എത്ര കുപ്പി ഒരു ദിവസം വില്ക്കാൻ സാധിക്കും?

ജോണി: കുറഞ്ഞതു 20കുപ്പി.

ടീച്ചർ: എന്റെ ജോണി, നിനക്കു കണക്കിനെപ്പറ്റി ഒരു ഗന്ധവുമില്ല.

ജോണി: ടീച്ചറിനു പാൽക്കച്ചവടത്തെപ്പറ്റിയും ഒരു ഗന്ധവുമില്ല.

**WANTED**

Sci nce Graduates and Hindi Pandits, both men and women. Preference will be given to trained hands.

Apply to:

The Diocesan Inspector of Schools,
Vijayapuram Bishop's House,
Good Shepherd, Kottayam

ചെറുകഥ

# *റിക്ഷാക്കാരൻ

(ജയിംസ് കെ. സി. മണിമല)

റയിൽവേസ്റ്റേഷനിലെ തിക്കുംതിരക്കും ഒന്നും പറയാനില്ല. ശതക്കണക്കിനു ജനങ്ങൾ ടിക്കററുവാങ്ങി കാത്തുനില്ക്കുകയാണു്. പലരും പ്ലാററ്ഫാറത്തിൽ അങ്ങോട്ടുമിങ്ങോട്ടും അക്ഷമരായി നടക്കുന്നു.

വണ്ടി വന്നു. എല്ലാവരും ബദ്ധപ്പെട്ടു കയറിത്തുടങ്ങി. സൗകര്യമുള്ള കമ്പാർട്ടുമെൻറുനോക്കി പിൻവശത്തേക്കു കുറെ നടന്നു. ഒടുവിൽ എങ്ങനെയോ ഒരു മുറിയിൽ കയറിപ്പററി. നിമിഷങ്ങൾ നാലഞ്ചു കഴിഞ്ഞു. ഞാൻ പോക്കററിൽ നോക്കി. മണിപ്പേഴ്സു കണ്ടില്ല. ഒന്നുകൂടെ ശരിയായി പരിശോധിച്ചു. ഇല്ല: നഷ്ടപ്പെട്ടതുതന്നെ.

"സർ," ഞാൻ ഒരു ട്രാഫിക്കു് പോലിസിനെ വിളിച്ചു. "എൻെറ പേഴ്സ് ആരോ പോക്കററടിച്ചല്ലോ."

"നിങ്ങൾക്കു വല്ലവരെയും സംശയമുണ്ടോ?"

"ഇല്ല."

"പിന്നെ ഞങ്ങൾ എന്തുചെയ്യാനാണു്? നിങ്ങൾ സ്റ്റേഷൻമാസ്റ്ററോടു പറയൂ."

വണ്ടി പുറപ്പെടാനുള്ള വിസിൽ മുഴങ്ങിക്കഴിഞ്ഞു. ഞാൻ ചിന്താമൂകനായി അവിടെത്തന്നെയിരുന്നുപോയി. കോൺഗ്രസ്സ് രൂപായുടെ സൈഡുപോക്കററ് എത്ര അരക്ഷിതമാണെന്നു് അപ്പോഴാണു് ഒന്നു ചിന്തിക്കുക. ആ മണിപ്പേഴ്സു് എൻെറ സൂട്ട്കേസിൽവച്ചു പൂട്ടിയിരുന്നെങ്കിൽ!! പിടിപ്പുകേടിൻെറ വ്യർത്ഥചിന്തകൾ എൻെറ അന്തരംഗത്തിൽ അലതല്ലിക്കൊണ്ടിരുന്നു.

വണ്ടി സ്ഥലംവിട്ടു. സഹയാത്രക്കാരിൽ പലരും എൻെറ നോട്ടക്കുറവിനെപ്പററി പലതും പറയാനുണ്ടായിരുന്നു.

* * *

"എറണാകുളം നോർത്തുസ്റ്റേഷൻ"— അടുത്തിരുന്ന ആരോ വിളിച്ചുപറഞ്ഞു. ഞാനും ഇറങ്ങി. സ്റ്റേഷൻമാസ്റ്റർ ടിക്കററു് ആവശ്യപ്പെട്ടു.

"സർ, എൻെറ ടിക്കററു സൂക്ഷിച്ചിരുന്ന പേഴ്സു് ആരോ പോക്കററടിച്ചുകളഞ്ഞു." അനല്പമായ ആശങ്കയോടെ ഞാൻ പറഞ്ഞു. അതു യഥാർത്ഥമാണെന്നു് എൻെറ മുഖഭാവത്തിൽനിന്നു മനസ്സിലാക്കിയതുകൊണ്ടായിരിക്കാം, കടന്നുപൊയ്ക്കൊള്ളുവാൻ അദ്ദേഹം ഹസ്തസംജ്ഞ നല്കി.

"റിക്ഷാ, റിക്ഷാ!" "സർ റിക്ഷാകൊണ്ടുവരട്ടേ!" "എങ്ങോട്ടാണു പോകേണ്ടതു്!" "ഇരപിടിക്കാനുള്ള" സാമർത്ഥ്യത്തോടെ റോഡിൻെറ രണ്ടുവശങ്ങളിൽനിന്നും അക്കൂട്ടർ ഓടിയടുത്തു.

റിക്ഷാക്കാരെപ്പററി എനിക്കത്ര നല്ല അഭിപ്രായമല്ല ഉണ്ടായിരുന്നതു്. വെളുത്തമുണ്ടും ഷർട്ടുമുള്ള ആരുടെയുമടുക്കൽ ഓടിയെത്തുക, പറയുന്നകൂലിക്കു് അവർ റിക്ഷായിൽ സഞ്ചരിച്ചില്ലെങ്കിൽ കളിയാക്കിവിടുക ഇതൊക്കെയാണവരുടെ പണി. ഈ മുന്നറിവുവച്ചുകൊണ്ടു വല്ലവിധേനയും അവരുടെ പിടിയിൽനിന്നു നടന്നകലാൻ ഞാൻ ശ്രമിച്ചു. പക്ഷെ എന്തു ഫലം, ഒരാൾ കൂടെയെത്തുകയായി.

"സർ ഈ വെയിലത്തു നടന്നുവിഷമിക്കാതെ. സൂട്ട്കേസുമുണ്ടല്ലോ. തനിയെ ചുമന്നുകൊണ്ടുപോകുന്നതു കുറച്ചിലല്ലേ?" അയാൾ പറഞ്ഞുതുടങ്ങി.

"നിങ്ങൾ ദയവായി എന്നെ ഉപദ്രവിക്കാതെ പോകണം. ഞാൻ നടന്നുകൊള്ളാം."

"അയ്യോ ഈ എരിഞ്ഞുപൊരിയുന്ന വെയിലത്തോ?" അയാൾ സഹതാപപൂർവ്വം പിന്നെയും തുടർന്നു. "നിങ്ങളൊക്കെ ഇങ്ങനെ ലുബ്ധുവിചാരിച്ചാൽ ഞങ്ങൾ എങ്ങനെ ജീവിക്കും. ഇഷ്ടമുള്ളതു തന്നാൽ മതി സാറെ; എങ്ങോട്ടാണു പോകേണ്ടതു്. വണ്ടിയിൽ കയറിയാട്ടെ."

സാധു! അയാൾ അറിയുന്നില്ല, അപ്പോൾ ഞാൻ അയാളെക്കാൾ ദരിദ്രനാണെന്നു്. ഒരു വിധത്തിലും അയാൾ പിരിഞ്ഞുപോകാൻ ഒരുക്കമില്ല. മുക്കാൽ ഫർലാംഗോളം എന്നോടൊന്നിച്ചു നടന്നുകഴിഞ്ഞു.

"ഹേ സ്നേഹിതാ! നിങ്ങൾ വണ്ടിയിൽക്കയറിയിരിക്കണം. ഞാൻ വലിച്ചുകൊണ്ടുപോകാം. വല്ലതും തന്നേച്ചാൽ മതി." ഈ ഉപദ്രവം മാറിപ്പോകട്ടെ എന്നു വിചാരിച്ചു ഞാൻ പറഞ്ഞു.

"എൻെറ സാറെ! ഇങ്ങനെ കളിയാക്കാതെ. ഞങ്ങൾ സാധുക്കളാണെന്നു വിചാരിച്ചു് എന്തും പറയാമെന്നോ? വയററുപിഴപ്പിനു മാർഗ്ഗമില്ലാഞ്ഞല്ലേ ഇതും കൊണ്ടു നടക്കുന്നതു്." അയാൾ ദയനീയമായിപ്പറഞ്ഞു.

"സഹോദരാ! ഞാൻ നിങ്ങളെ പരിഹസിക്കുകയല്ല. എൻെറ കൈയിലുണ്ടായിരുന്ന പണം ട്രയിനിൽവച്ചു ആരോ പോക്കററടിച്ചുകളഞ്ഞു." ഞാൻ ആ പാവപ്പെട്ട തൊഴിലാളിയുടെമുമ്പിൽ യാഥാർത്ഥ്യം തുറന്നുകാണിച്ചു.

ഒരു നിമിഷനേരത്തേക്കു് അയാൾ എൻെറ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. അനന്തരം എന്തോ നിശ്ചയദാർഢ്യത്തോടെ ചോദിച്ചു: "ആകട്ടെ, സാറിനെ വിടെടപ്പോകണം?"

"ഞാൻ ഇപ്പോൾ ബോട്ടുജട്ടിയിലേക്കാണു പോകാൻ ഉദ്ദേശിക്കുന്നതു്."

"ശരി. എന്നാൽ വണ്ടിയിൽക്കയറിയാലും."

"നിങ്ങൾ വിഷമിക്കേണ്ടാ. ഞാൻ നടന്നുപൊയ്ക്കൊള്ളാം."

"വേണ്ടാ, സാറിനു വലിയ ക്ഷീണമുണ്ടു്. ഈ പെട്ടിയുമെടുത്തുകൊണ്ടു നടക്കാൻ വിഷമമാണു്. ഞാൻ കൊണ്ടുപോയി വിടാം." അയാൾ എൻെറ സമ്മതമന്വേഷിക്കാതെ സൂട്ട്കേസു വാങ്ങി റിക്ഷായിൽ വച്ചു. ഒരു നിമിഷനേരം ഇതികർത്തവ്യതാമൂഢനായി നിന്നശേഷം ഞാനും അതിൽ കയറി.

"ണിം... ണിം.... ണിം..." ആ ചെറുവാഹനം ചൊട്ടിച്ചിരിച്ചുകൊണ്ടു ജനബഹുലമായ തെരുവിൽക്കൂടി മുന്നോട്ടു പാഞ്ഞു.

"സ്നേഹിതാ! അല്പം കഴിഞ്ഞു ഞാൻ ചോദിച്ചു. "നിങ്ങൾ എന്തുകൊണ്ടാണു് ഈ പ്രതിഫലമില്ലാത്ത ജോലി കൊരുങ്ങിയതു്?"

"അങ്ങനെ വിചാരിക്കേണ്ട സർ, ഇതിനു് എനിക്കു വലിയ പ്രതിഫലമുണ്ടു്."

"എങ്ങനെ?" ഞാൻ ജിജ്ഞാസാപൂർവ്വം ചോദിച്ചു.

"ഞാൻ മരിയാസൈന്യസംഘടനയിലെ ഒരംഗമാണു്. പരസ്നേഹപരമായ ഒരു സുകൃതമെങ്കിലും ചെയ്തതായി ഞങ്ങളുടെ പ്രതിവാരസമ്മേളനങ്ങളിൽ അറിയിക്കണമെന്നു ഞങ്ങളുടെ വികാരിയച്ചൻ നിർദ്ദേശിച്ചിട്ടുണ്ടു്. എനിക്കു് ഈ ആഴ്ചയിൽ അഭിമാനപൂർവ്വം പ്രസ്താവിക്കാവുന്ന ഒരു പവിത്രപ്രവൃത്തിയാണല്ലോ ഇതു്."

"കൊള്ളാം, അപ്പോൾ നിങ്ങൾ ലീജിയൻ ഓഫ് മേരിയിലെ ഒരംഗമാണു്. അല്ലേ?"

"അതെ വേറെയും ഒരു കാര്യമുണ്ടു് സാർ." അയാൾ തുടർന്നു: "ഞങ്ങളുടെ ഇടവകയിൽ വിൻസെൻറു ഡി പോൾ സംഘവുമുണ്ടു്. അവരുടെ ഔദാര്യംകൊണ്ടു് എൻെറ വീട്ടാവശ്യങ്ങൾ പലപ്പോഴും നിർവ്വഹിക്കപ്പെടുന്നുണ്ടു്. ഈ ജോലിയിൽനിന്നു് കിട്ടുന്നതു നിത്യച്ചെലവിനുതന്നെ തികയുന്നില്ല. ഈയിടെ എൻെറ മകളുടെ കല്യാണം നടത്തിയതു് സംഘത്തിൽനിന്നാണു്. ഇങ്ങനെ ഞാൻ അവരുടെ ഔദാര്യത്തെ ആശ്രയിച്ചു ജീവിക്കുമ്പോൾ ഇതുപോലെ ഒരു ചെറിയ സഹായം ഒരാളിനു ചെയ്തുകൊടുക്കാൻ സാധിക്കുന്നതു് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു."

ആ പാവപ്പെട്ട തൊഴിലാളിയുടെ താത്വികോപാഖ്യാനം എന്നെ അമ്പരപ്പിച്ചു. സാധുക്കളുടെ അന്തഃകരണസംസ്കരണത്തിനു് പ്രവർത്തനനിരതമായ സംഘടനയ്ക്കുള്ള കഴിവിനെപ്പററി ഞാൻ വീണ്ടും വീണ്ടും ചിന്തിച്ചു.

"കോട്ടയം! വൈക്കം!!.........കോട്ടയം! വൈക്കം................" ജട്ടിയിൽ നിന്നുള്ള നീണ്ട വിളികൾ മുഴങ്ങി. "സോഡാ! സോഡാ......സോഡേ.........സോഡേയ്..................." അങ്ങനെ വൈയാകരണന്മാർക്കു് പിടികിട്ടാത്ത "സോഡാ"യുടെ രൂപഭേദങ്ങൾ വിളിച്ചുപറയുന്ന ഒരു വില്പനക്കാരൻെറ സമീപത്തു അയാൾ റിക്ഷാ നിറുത്തി. അനന്തരം എൻെറ സൂട്ട്കേസെടുത്തു താഴെ വച്ചു.


ഞാൻ താഴെയിറങ്ങി ആ ഉപകർത്താവിനു കൃതജ്ഞതപറയാൻവേണ്ടി തിരിഞ്ഞുനോക്കി. പക്ഷെ അയാൾ അവിടെയില്ല. ആ സോഡാക്കച്ചവടക്കാരൻ എൻെറ മുമ്പിൽ നില്ക്കുന്നുണ്ടു്. കർണ്ണഭേദകമായ ആ വിളിച്ചുപറച്ചിൽ അയാൾ തുടർന്നുകൊണ്ടിരുന്നു.

അകലെ ചക്രവാളത്തിലെ ചായപ്പൂച്ചുകൾ കഴുകിക്കളയാൻ ആഴിപ്പരപ്പിൽ അലമാലകൾ ഉയർന്നുവന്നു. അവയെ തലോടിക്കൊണ്ടു് ഒരു ചെറു വാതപോതം ജട്ടിയിലേക്കുവന്നു. പരിതസ്ഥിതികൾ പാടെ മറന്നു ഞാൻ അല്പസമയം അവിടെ നിന്നുപോയി.

* * *

റിക്ഷാക്കാരുടെയിടയിൽ എൻെറ കണ്ണുകൾ ആ "നല്ല അയൽക്കാരനെ" തിരഞ്ഞു. ഒരു ഫർലോംഗു ദൂരത്തിൽ അയാൾ ആൾക്കൂട്ടത്തെ തള്ളിനീക്കി ഓടിപ്പോകുന്നു. ഞങ്ങൾക്കു മദ്ധ്യേ വിരിഞ്ഞുപരന്ന വായുമണ്ഡലത്തിൽ കൃതാർത്ഥതയുടെയും കൃതജ്ഞതയുടെയും അലമാലകൾ ഇളകിക്കൊണ്ടിരുന്നു.

* ഒരു സംഭവകഥയുടെ പുനരാഖ്യാനം.




"എനിക്കു് ഈ ആഴ്ചയിൽ അഭിമാനപുരസ്സരം പ്രസ്താവിക്കാവുന്ന ഒരു പവിത്രപ്രവൃത്തിയാണല്ലോ ഇതു്."



"എൻെറ പേഴ്സ് ആരോ പോക്കററടിച്ചല്ലോ!"
"നിങ്ങൾക്കു് വല്ലവരേയും സംശയമുണ്ടോ—? ഇല്ലെങ്കിൽ ഞങ്ങൾ എന്തുചെയ്യാനാണു്? സ്റ്റേഷൻമാസ്റ്ററോടു പറയൂ."

---

## സത്യദീപം

(എൻ. യു. ജോസഫ്, ഇടപ്പള്ളി.)

(പാന)

സ്വർഗ്ഗലോകത്തുനിന്നു സമ്പാദിച്ച  
സ്വച്ഛചേതസ്സിയലും ശിശുക്കളേ,  
ലോകജീവിത ക്ലേശങ്ങൾ കാരണം  
മൂകരായിഴഞ്ഞീടുന്ന വൃദ്ധരേ,  
യത്നമേകും വിയർപ്പിനാൽ നെററിയിൽ  
മുത്തുചാർത്തും ഗൃഹത്തിൻെറ നാഥരേ,  
ശാന്തമാകുന്ന സാഹചര്യം സദാ  
തീർത്തുകാക്കും കുടുംബിനിമാർകളേ,  
ഒത്തുകൂടുക കൈകൾ കൂപ്പിടുക  
"സത്യദീപ"ത്തിൻ മുമ്പിലനുദിനം  
ആയതിൻ കിരണങ്ങളാമമ്പുക-  
ളായിരം തറച്ചങ്ങിങ്ങുവീഴ്വു ഹാ!  
കൂരിരുട്ടത്തുമാത്രം ചരിക്കുമ-  
ക്രൂരജന്തുക്കൾ, ഇജ്ഞത തൻ മക്കൾ.

---

കമ്മ്യൂണിസ്റ്റ് രാജ്യത്തും

## കത്തോലിക്കാസഭ

ചൈനയിൽ ഈയിടെ ഒരു ഫ്രാൻസിസ്കൻ വൈദികൻ കമ്മ്യൂണിസ്റ്റുകാരാൽ അറസ്റ്റുചെയ്യപ്പെടുകയുണ്ടായി. എന്നാൽ അതേതുടർന്നു് ക്രൈസ്തവരും അക്രൈസ്തവരുമായ പൊതുജനങ്ങൾ കൂട്ടംകൂട്ടമായി ഇടവിടാതെ പോലീസ്സ്റ്റേഷനിലെത്തി അദ്ദേഹത്തെ വിട്ടുകൊടുക്കുവാൻ ആവശ്യപ്പെട്ടതു നിമിത്തം അന്നു വൈകുന്നേരംതന്നെ അദ്ദേഹം മോചിക്കപ്പെടുകയാണുണ്ടായതു്. ഈ സംഭവത്തിനുശേഷം സ്ഥലത്തെ കമ്മ്യൂണിസ്റ്റുകാർ അദ്ദേഹത്തോടു് അനല്പമായ ആദരവു പ്രകടിപ്പിക്കുകയും അദ്ദേഹത്തിൻെറ ഉപദേശങ്ങൾ കേൾക്കുവാൻ അത്യന്തം താൽപര്യപ്പെടുകയും ചെയ്തുവരുന്നുണ്ടത്രെ. മേൽപ്പറഞ്ഞ സംഭവത്തെപ്പററി ഫ്രാൻസിസ്കൻ മിഷനറിമാരുടെ വിദൂരപൂർവ്വദേശങ്ങളിലെ ഡലഗേററ് ജനറലായ ഫാ. അൽഫോൻസസ് ഷ്നുഷൻബർഗ് പ്രസ്താവിക്കുന്നതിപ്രകാരമാണു്: കമ്മ്യൂണിസ്റ്റുകാരുടെ മർദ്ദന നടപടികൾ ചൈനയിലെ കത്തോലിക്കർ വെറും നാമമാത്രക്രിസ്ത്യാനികളല്ല എന്നു തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. കമ്മ്യൂണിസ്റ്റ് പ്രചരണതന്ത്രങ്ങൾ അവരെ മതകാര്യങ്ങൾ കൂടുതൽ കൂലങ്കഷമായി പഠിക്കുന്നതിനു പ്രേരിപ്പിക്കയുംചെയ്യുന്നു. ഈ പരിതസ്ഥിതികൾമൂലം അവിശ്വാസികളായവരുടെപോലും ദൃഷ്ടികൾ സഭയിലേക്കു് ആകർഷിക്കപ്പെടുന്നുണ്ടു്. കഴിഞ്ഞ വർഷം ചൈനയിൽ സംഭവിച്ചിട്ടുള്ള മാനസാന്തരങ്ങളിൽ ഏററവും കൂടുതൽ നടന്നിട്ടുള്ളതു് കമ്മ്യൂണിസ്റ്റ്ഗവമ്മെൻറിൻെറ ആസ്ഥാനമായ പെക്കിംഗിലാണു്.

കുടുംബപംക്തി

# കുട്ടികൾ

## അഞ്ചു വയസ്സിനുതാഴെ

(എൻ. ഏ. കെ.)

III

നമ്മുടെ കുട്ടികൾ സ്വാതന്ത്ര്യബോധവും സ്വാശ്രയശീലവും ഉള്ളവരായി വളർന്നുവരിക എന്നുള്ളതായിരിക്കണം എപ്പോഴും നമ്മുടെ ലക്ഷ്യം. നമ്മുടെ കുട്ടികൾ തലയുയർത്തിപ്പിടിക്കുമ്പോഴൊക്കെ ഒച്ചപ്പാടുകളുണ്ടാക്കിയല്ല അവരെ സ്വാതന്ത്ര്യബോധമുള്ളവരാക്കിത്തീർക്കേണ്ടതു്. കൊച്ചുകുട്ടികൾ സ്വതന്ത്രമായി വല്ലതും ചെയ്താൽ അതിലുള്ള തെററുകളെ വിസ്മരിച്ചു് അവരെ പ്രോത്സാഹിപ്പിക്കുവാൻ ഉതകുന്ന അഭിനന്ദനവാക്കുകളാണു് നാം ഉച്ചരിക്കേണ്ടതു്. അതുകൊണ്ടു് നമ്മുടെ കുട്ടികൾ മററു കുട്ടികളുമായി ശണ്ഠയിൽ ഏർപ്പെടുമ്പോൾ അവരുടെ സഹായത്തിനായി ഓടിയെത്തി മററു കുട്ടികളെ ശകാരിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യണമെന്നു് അർത്ഥമാകുകയില്ലല്ലോ. അത്തരം പ്രവൃത്തികൾ നമ്മുടെ കുട്ടികളുടെ സ്വഭാവത്തെ വഷളാക്കുകയേ ഉള്ളൂ. തങ്ങളുടെ കുട്ടികൾ വളർന്നുവരുന്തോറും പുതിയ പുതിയ ജീവിതരംഗങ്ങളിൽ കൂടുതൽ കൂടുതൽ പ്രതിബന്ധങ്ങളെ അഭിമുഖീകരിച്ചു് അവയെയൊക്കെ വിജയപ്രദമായ രീതിയിൽ തരണംചെയ്തുവേണം മുൻപോട്ടുപോകുവാൻ എന്നു് ബുദ്ധിയും വകതിരിവുമുള്ള മാതാപിതാക്കന്മാർക്കറിയാം. അതിവാത്സല്യത്തിനു വിധേയരാകുന്ന കുഞ്ഞുങ്ങൾ ജീവിതായോധനത്തിനു അപ്രാപ്തരായിരിക്കും എന്നു് നാമറിയുന്നു.

കൊച്ചുകുട്ടികൾ നമ്മോടു് ചോദ്യങ്ങൾ ചോദിക്കുവാൻ ആരംഭിക്കുന്നതു് അവരുടെ മാനസികമായ വളർച്ചയുടെ ഒരു വലിയ ലക്ഷണമായി കരുതാം. അതിന്റെ അർത്ഥം അവർ കാണുന്ന ഓരോ വസ്തുക്കളുടെ പേരുകൾ പഠിക്കുന്നതുകൊണ്ടുമാത്രം അവർ സംതൃപ്തരല്ലെന്നും അവയെപ്പററി കൂടുതലായി അറിയുവാനുള്ള ആഗ്രഹം അവരിൽ ശക്തിയായിത്തീരുന്നുണ്ടു് എന്നുമാണു്. കൊച്ചുകുട്ടികൾ ചോദിക്കുന്ന എല്ലാചോദ്യങ്ങൾക്കും മാതാപിതാക്കന്മാർക്കു് ഉത്തരം നൽകുവാൻ കഴിയണമെന്നു് ഇതിനർത്ഥമില്ല. വിജ്ഞാനികളെപ്പോലും മുട്ടുമടക്കിക്കുന്നവയായിരിക്കും കൊച്ചുകുട്ടികളുടെ ചില ചോദ്യങ്ങൾ. കൊച്ചുകുട്ടികളുടെ ചോദ്യങ്ങൾക്കു മറുപടി അറിയാൻ പാടില്ലെങ്കിൽ പാടില്ല എന്നു പറഞ്ഞൊഴിഞ്ഞാലും തരക്കേടില്ല. ജിജ്ഞാസുക്കളായ കുട്ടികളുടെ ചോദ്യങ്ങൾക്കു നമ്മുടെ കഴിവനുസരിച്ചു മറുപടി പറയുക എന്നുള്ളതാണു് അവരെ പഠിപ്പിക്കുവാനുള്ള ഏററവും പററിയ മാർഗ്ഗം. അതേയവസരത്തിൽ അവർ ചോദ്യങ്ങൾ ചോദിക്കുന്നതിൽ ജിജ്ഞാസുക്കളാണെങ്കിൽ അതിനെപ്പററി നാം പ്രത്യേകിച്ചു കൃതജ്ഞതയുള്ളവരായിരിക്കണം.

ചോദ്യങ്ങൾ ചോദിക്കുക അഥവാ സംശയങ്ങൾ ഉന്നയിക്കുക എന്നതു ഒരു കുട്ടിയുടെ ബുദ്ധിവൈഭവത്തിന്റെ തെളിവായി കരുതേണ്ടതാണു്. നിങ്ങളുടെ കുട്ടി ഏതെങ്കിലും കാര്യത്തെപ്പററി നിങ്ങളോടു് എന്തെങ്കിലും ചോദിക്കുമ്പോൾ നിങ്ങൾ ആ കുട്ടിയെ പരിഹസിക്കുകയോ അലസമായും അവജ്ഞയോടും മറുപടി പറയുകയോ ചെയ്താൽ ആ കുട്ടി തികച്ചും നിരാശാഭരിതനായിത്തീരും. മേലിൽ നിങ്ങളോടു എന്തെങ്കിലും ചോദിക്കുവാനുള്ള ആഗ്രഹം നിശ്ശേഷം നശിക്കുകയും ചെയ്യും. നിങ്ങളുടെ കുട്ടി ചോദിക്കുന്ന ചോദ്യങ്ങൾക്കു മേൽവിവിവരിച്ച രീതിയിലുള്ള പ്രത്യുത്തരമാണു് നൽകുന്നതെങ്കിൽ നിങ്ങൾ ഒരു കാര്യം വിസ്മരിച്ചുകളയുന്നു. അതിതാണു്. ജീവിതത്തിലെ ഗൗരവതരങ്ങളായ വിഷയങ്ങളെപ്പററി നിങ്ങളുടെ കുട്ടി മററാരോടു് ചോദിച്ചാണു് സംശയങ്ങൾ ദൂരീകരിക്കുന്നതെന്നു നിങ്ങളെങ്ങനെ അറിയും? ആ കുഞ്ഞിനു ലഭിക്കുന്ന അറിവു് ചിലപ്പോൾ എത്ര മോശമായിരിക്കും. മാതാപിതാക്കന്മാർക്കു മറുപടി പറയാൻ പലപ്പോഴും സാധ്യമല്ലാത്തതും കുട്ടികൾ സാധാരണ ചോദിക്കാറുള്ളതുമായ ഒരു ചോദ്യമുണ്ടു്. അതു് തങ്ങളുടെ സ്വന്തംവീട്ടിലോ അഥവാ അയൽവക്കത്തോ ഒരു പുതിയ ശിശു ജനിക്കുമ്പോൾ ആ ശിശു "എവിടെ നിന്നു വന്നു, എങ്ങനെ ജനിച്ചു" എന്നൊക്കെയുള്ള അഞ്ചുവയസ്സുമാത്രം പ്രായമുള്ള കുട്ടിയുടെ ചോദ്യമാണു്. അങ്ങനെയുള്ള ചോദ്യത്തിനു മറുപടി പറയുന്നതു് വളരെ ആലോചിച്ചുവേണം. ചില മാതാപിതാക്കന്മാർ അവരുടെ കുട്ടികളോടു പരമാർത്ഥവിരുദ്ധമായി എന്തെങ്കിലും സമാധാനം പറയുവാൻ മടിക്കുമെങ്കിലും മേലുദ്ധരിച്ച രീതിയിലുള്ള വിഷമംപിടിച്ച ചോദ്യങ്ങൾക്കു എന്തെങ്കിലും മറുപടി പറയുവാൻ വൈമനസ്യമുള്ളവരായിരിക്കും. കഴിയുന്നതും അത്തരം കുഴഞ്ഞ ചോദ്യങ്ങൾക്കു ഉത്തരം പറയാതെ ഒഴിഞ്ഞുമാറുവാനാണു് ചിലർ ശ്രമിക്കുക. പുതിയ ശിശുവിന്റെ ജനനം എങ്ങനെ എന്നും എവിടെനിന്നെന്നും മററുമുള്ള ചോദ്യത്തിനു യാതൊരു മറുപടിയും നൽകാതെ മൗനം ദീക്ഷിച്ചാൽ അത്തരം കാര്യങ്ങൾ മാതാപിതാക്കന്മാരുമായി ചർച്ച ചെയ്യപ്പെടേണ്ടവയല്ല എന്നു അഞ്ചുവയസ്സുപ്രായമായ കുട്ടിയിൽ ഒരു ധാരണ കടന്നുകൂടും. തൽഫലമായി പുതിയ ശിശുവിന്റെ ജനനത്തെപ്പററിയും മററുമുള്ള അറിവുകൾ നമ്മുടെ കൊച്ചുകുട്ടികൾ അല്പാല്പമായി ശേഖരിക്കുന്നതു അവരുടെ സ്നേഹിതന്മാരുമായുള്ള സംഭാഷണത്തിൽനിന്നോ പ്രായമുള്ളവർതമ്മിൽ ആ വിഷയത്തെപ്പററി ചിലപ്പോൾ നടത്തുന്ന സംഭാഷണത്തിൽനിന്നോ ആയിരിക്കും. പുതിയ ശിശുവിന്റെ ജനനത്തെപ്പററി അഞ്ചുവയസ്സുള്ള ഒരു കുട്ടി എന്തെങ്കിലും ചോദിക്കുമ്പോൾ അവന്റെ ദിവസേനയുള്ള പ്രാർത്ഥനയിൽ അവനു അനുദിനമെന്നോണം ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്കുവേണ്ടി ദൈവത്തോടു നന്ദിപറയാറുള്ളതിനെപ്പററി അവനെ ഓർമ്മിപ്പിക്കണം. മാത്രമല്ല; നമുക്കൊക്കെ ജീവൻ തന്നതു് ദൈവം ആണെന്നും അവനെ പറഞ്ഞു മനസ്സിലാക്കണം. നാം പ്രാർത്ഥിക്കുമ്പോൾ ദിവസവും നമുക്കാവശ്യമായ ഭക്ഷണം തന്ന ദൈവത്തെ സ്തുതിക്കാറുണ്ടു്. ഒരുപക്ഷേ നാം ഭക്ഷിക്കുന്ന വിവിധപദാർത്ഥങ്ങൾ അതേരൂപത്തിൽ നേരിട്ടുതന്നെ ദൈവം നമുക്കു നൽകുന്നില്ലെങ്കിലും പലരുടെ പ്രയത്നഫലമായിട്ടാണു് അതൊക്കെ ഉണ്ടായതെങ്കിലും ആ വക പ്രയത്നങ്ങളുടെ ഒക്കെ പിന്നിൽ ദൈവത്തിന്റെ കൈ അദൃശ്യമായ വിധത്തിൽ പ്രവർത്തിക്കുന്നുണ്ടു്. ഈവക സത്യങ്ങളൊക്കെ പുതിയ ശിശുവിന്റെ ജനനത്തെപ്പററി അറിയുവാൻ ആഗ്രഹിക്കുന്ന കുട്ടിയെ പറഞ്ഞു മനസ്സിലാക്കണം. ഒരു ശിശുവിന്റെ ജനനത്തിനായി അപ്പനെയും അമ്മയെയും ഒരു മുഖാന്തിരം അഥവാ ഉപകരണമായി ദൈവം ഉപയോഗിച്ചതിന്റെ ഫലമാണു് ഈ പുതിയ ശിശു. പക്ഷേ ജനിക്കുവാൻ തക്ക വളർച്ച പ്രാപിക്കുന്നതുവരെ പുതിയ ശിശു അമ്മയുടെ ഉദരത്തിൽ കഴിഞ്ഞുകൂടി. ഈ വിധത്തിൽ വേണം പുതിയ ശിശുവിന്റെ ജനനത്തെപ്പററി നമ്മുടെ കുട്ടികളെ പറഞ്ഞു മനസ്സിലാക്കുവാൻ.

അഞ്ചുവയസ്സു പ്രായമുള്ള കുട്ടി കൂടുതലായി എന്തെങ്കിലും ചോദിച്ചാൽ അതിനൊക്കെ മറുപടി പറയുന്ന കാര്യത്തിൽ നാം ഉദാസീനത വിചാരിക്കരുതു്. പക്ഷികളെപ്പററിയും പിടക്കോഴിയെപ്പററിയും, പൂച്ചയെപ്പററിയും പൂച്ചക്കുട്ടിയെപ്പററിയും മററും അഞ്ചുവയസ്സുള്ള കുട്ടിക്കു സാമാന്യമായി ചിലതൊക്കെ അറിയാമായിരിക്കാം. അവകൾ തമ്മിലൊക്കെയുള്ള വ്യത്യാസം എന്തൊക്കെയെന്നു അവനെ പറഞ്ഞു പഠിപ്പിക്കുന്നതു കൊള്ളാം. ചെറിയ കുട്ടികൾപോലും ചിലപ്പോൾ അവിചാരിതവും അപ്രതീക്ഷിതവുമായ ചില ചോദ്യങ്ങൾ ചോദിക്കാവുന്നതിനാൽ അങ്ങനെയുള്ള ചോദ്യങ്ങൾ അഭിമുഖീകരിക്കേണ്ടതെങ്ങനെ എന്നു മാതാക്കൾ സാമാന്യമായി അറിഞ്ഞിരിക്കേണ്ടതാണു്. ആ വക വിഷയങ്ങളെപ്പററി പ്രതിപാദിക്കുന്ന നല്ല പുസ്തകങ്ങൾ മാതാക്കൾ വായിച്ചിരിക്കേണ്ടതുമാണു്. കുട്ടികളുടെ ചോദ്യങ്ങൾക്കു മറുപടി പറയുവാൻ മാത്രമല്ല. അവർ വളർന്നുവരുമ്പോൾ ചോദിക്കാവുന്ന ചോദ്യങ്ങൾക്കു തൃപ്തികരമായ മറുപടി കണ്ടുപിടിക്കുവാനും അത്തരം പുസ്തകപാരായണം ഉപകരിക്കും.


**കോമൺവെൽത്തു് ബാങ്ക് (ക്ലിപ്തം)**

H. O. കാഞ്ഞിരപ്പള്ളി

**ബ്രാഞ്ചുകൾ:—**

കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം
പൂഞ്ഞാർ തൊടുപുഴ

**ഡയറക്ടറന്മാർ**

മെസ്സേഴ്സ്
കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്കു് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. ററി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്കു ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്കു് പ്രവൃത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തികൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി
കെ. ഡോമിനിക്കു ജോസഫ്
ബി. എ. ബി. എൽ.


— —

## വിമർശനവീഥി

(12-ാം പേജ് തുടർച്ച)

യിരുന്നു. എന്നുവരികിലും നാട്ടിൽ നടപ്പിലിരുന്ന അതിർത്തിനിർണ്ണയമനുസരിച്ചു് ഐക്കോണിയംപട്ടണം ഫ്റിജിയാസംസ്ഥാനത്തിലാണു പെട്ടിരുന്നതെന്നു ഇപ്പോൾ അറിവായിരിക്കുന്നു.

ലിസ്ത്രാ പട്ടണത്തിൽവച്ചു് വിശുദ്ധ പൗലോസും ബർണബാസും ഒരു മുടന്തനെ സുഖപ്പെടുത്തിയെന്നും അതുകണ്ടു പട്ടണവാസികൾ ലൈക്കവോണിയൻ ഭാഷയിൽ അവരുടെ ആശ്ചര്യം പ്രകാശിപ്പിച്ചുവെന്നും ന: ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. (XIV, 7—11). ലിസ്ത്രായിലെ ജനങ്ങൾ ലൈക്കവോണിയൻ ഭാഷയിൽ സംസാരിച്ചു എന്നു പറഞ്ഞിരിക്കുന്നതു് പിശകാണെന്നും വിമർശകന്മാർ വാദിച്ചിരുന്നു. എന്നാൽ അവരുടെ ആ വാദവും പിശകാണെന്നു തെളിഞ്ഞു. ലിസ്ത്രാ പട്ടണം അവർ വിചാരിച്ചിരുന്നതുപോലെ ഫ്റിജിയാ സംസ്ഥാനത്തിൽ പെടാതെ, ന: ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ലൈക്കവോണിയാ സംസ്ഥാനത്തിൽ പെട്ടിരുന്നതുകൊണ്ടു് ആ പട്ടണവാസികൾ ലൈക്കവോണിയൻ ഭാഷതന്നെയാണു് സംസാരിച്ചിരുന്നതെന്നും തെളിഞ്ഞിരിക്കുന്നു.

### ശിലാലിഖിതങ്ങൾ

ശ്ലീഹന്മാരുടെ അത്ഭുതപ്രവൃത്തനങ്ങൾ കണ്ടാശ്ചര്യപ്പെട്ട ആളുകൾ അവരെ മനുഷ്യരൂപം ധരിച്ച ദേവന്മാരായി ഗണിച്ചുവെന്നും, പൗലോസിനെ മക്കറി ദേവനെന്നും ബർണ്ണബാസിനെ ജൂപ്പിററർ ദേവനെന്നും വിളിച്ചുവെന്നും ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ടു്. ഈ പ്രസ്താവത്തിന്റെ യാഥാർത്ഥ്യവും ലിസ്ത്രാപട്ടണത്തിനടുത്തു് 1909 ൽ കണ്ടുകിട്ടിയ ഒരു ശിലാലിഖിതം തെളിയിച്ചിട്ടുണ്ടു്. ജൂപ്പിററർ, മക്കറി എന്നീ രണ്ടു ദേവന്മാരെ ലിസ്ത്രാ പട്ടണവാസികൾ സാമാന്യമായി ആരാധിച്ചുവന്നതായി ആ ലിഖിതത്തിൽ കാണുന്നു. ലിസ്ത്രാ പട്ടണം എ. ഡി. ഒന്നാം നൂററാണ്ടിൽ ലൈക്കവോണിയാ സംസ്ഥാനത്തിൽ പെട്ടതായിരുന്നെങ്കിലും, എ. ഡി. രണ്ടാം നൂററാണ്ടിന്റെ ആദ്യത്തിലതു് ആ സംസ്ഥാനത്തിൽനിന്നു വേർപെടുത്തപ്പെട്ടു. ഈ വസ്തുതയാലോചിക്കുമ്പോൾ ന: ഗ്രന്ഥത്തിന്റെ കർത്താവു പ്രദർശിപ്പിച്ചിരിക്കുന്ന സൂക്ഷ്മമായ ജ്ഞാനം ഏററവും വിസ്മയനീയമാണെന്നു പ്രത്യക്ഷപ്പെടുന്നു. ഗ്രന്ഥം പിൽകാലത്തു ജീവിച്ചിരുന്ന വല്ലവരും എഴുതിയതായിരുന്നെങ്കിൽ, ഗ്രന്ഥത്തിന്റെ കർത്താവു് സ്ഥലങ്ങളുടെ വിവരണങ്ങൾ നല്ലവണ്ണം അറിഞ്ഞിട്ടുള്ള ആളല്ലായിരുന്നെങ്കിൽ, ലിസ്ത്രാ പട്ടണത്തെപ്പററി ഇത്രമാത്രം സൂക്ഷ്മമായ ജ്ഞാനം പ്രകടിപ്പിക്കുവാൻ സാധിക്കുമായിരുന്നില്ല.

ഐക്കോണിയം പട്ടണം ഫ്റിജിയം സംസ്ഥാനത്തിലാണു്, അല്ലാതെ ലൈക്കവോണിയൻ സംസ്ഥാനത്തിലല്ല പെട്ടിരുന്നതെന്നും, ഐക്കോണിയം പട്ടണത്തിലെ സാമാന്യജനങ്ങൾ ഫ്റിജിയൻ ഭാഷയാണു സംസാരിച്ചിരുന്നതെന്നുമുള്ള ന: ഗ്രന്ഥത്തിലെ സൂചനയ്ക്കും ശിലാലിഖിതങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ടു്. ഐക്കോണിയം പട്ടണത്തിൽ കണ്ടെടുക്കപ്പെട്ട ശവകുടീരങ്ങളിൽ ഫ്റിജിയൻ ഭാഷയിലുള്ള ലിഖിതങ്ങളാണു് കൊത്തിയിരുന്നതു്. ഐക്കോണിയം പട്ടണത്തിൽനിന്നു് ലൈക്കവോണിയാ സംസ്ഥാനത്തിലെ "പട്ടണങ്ങളുടെ പരിസരപ്രദേശങ്ങളിലേക്കു്" ശ്ലീഹന്മാർ ഓടിയൊളിച്ചുവെന്നുള്ള ഗ്രന്ഥത്തിലെ പ്രസ്താവനയും ശ്രദ്ധേയമാണു്. ഐക്കോണിയാ പട്ടണത്തിന്റെ അതിർത്തി അവസാനിക്കുന്നതെവിടെയെന്നും, ലൈക്കവോണിയാ സംസ്ഥാനത്തിന്റെ അതിർത്തി ആരംഭിക്കുന്നതെവിടെയെന്നും തനിക്കു നിശ്ചയമുണ്ടെന്നാണു് ഗ്രന്ഥകർത്താവു് ഇവിടെ കാണിക്കുന്നതു്. ഐക്കോണിയാ പട്ടണത്തിൽ ശ്ലീഹന്മാർക്കെതിരായി ജനങ്ങൾ ബഹളം കൂട്ടിയതു്, "അധികാരികളോടുകൂടിയാണു്" എന്നും ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. (XIV. 5). അധികാരികളുടെ വിപ്ലവങ്ങളിൽനിന്നു രക്ഷപെടണമെങ്കിൽ അവരുടെ അധികാരസീമയിൽപ്പെട്ട പട്ടണപരിസരപ്രദേശങ്ങളിൽ നിന്നുംകൂടി ഓടി ഒളിക്കണമല്ലോ. ശ്ലീഹന്മാർ അങ്ങനെ ആ പ്രദേശങ്ങളിൽ നിന്നും ഓടി ഒളിച്ചുവെന്നാണു് ഗ്രന്ഥത്തിലെ സൂചന. ഈ സൂചനയിലടങ്ങിയിരിക്കുന്ന യാഥാർത്ഥ്യത്തെ തെളിയിക്കുവാൻ തക്കവണ്ണം അന്നു മൈൽക്കുററികൾ ഏർപ്പെടുത്തപ്പെട്ടിരുന്നു. ആ മൈൽക്കുററികളിൽ ചിലതു് ഇന്നും കാണാവുന്നതാണു്. മേൽകാണിച്ച സ്ഥലവിവരണങ്ങളിൽ ന:ഗ്രന്ഥത്തിന്റെ കർത്താവു പ്രദർശിപ്പിച്ചിരിക്കുന്ന ആശ്ചര്യാവഹമായ സൂക്ഷ്മജ്ഞാനം മാത്രംമതി, അദ്ദേഹം വിശ്വാസയോഗ്യനായ ചരിത്രകാരനാണെന്നു തെളിയിക്കുവാൻ. താൻ വിവരിക്കുന്ന സംഭവങ്ങൾ താൻതന്നെ നേരിട്ടറിഞ്ഞതാണെന്നോ, നേരിട്ടനുഭവപ്പെട്ടവരിൽനിന്നു ഗ്രഹിച്ചതാണെന്നോ അത്രെ ഈ സൂക്ഷ്മജ്ഞാനം മുഖേന ഗ്രന്ഥകാരൻ നമ്മെ മനസ്സിലാക്കുന്നതു്. വി. ലൂക്കാ പൗലോസു് ശ്ലീഹായുടെ സഹചാരിയും സഹകാരിയുമായിരുന്നെന്നുള്ള വസ്തുത അറിയുന്ന നമുക്കു് അദ്ദേഹം രചിച്ച നടപടിഗ്രന്ഥത്തിൽ ഇത്രവളരെ സൂക്ഷ്മജ്ഞാനം പ്രദർശിപ്പിച്ചിരിക്കുന്നതു് കേവലം സ്വാഭാവികമാണെന്നു മനസ്സിലാക്കുവാൻകഴിയും.


For Favours received



Joy

# Sathya Deepam

Vol. 24 — Ernakulam May 9, 1951 — No. 36


വിമർശനവീഥി

## ന. ഗ്രന്ഥത്തിലെ ഉദ്യോഗപ്പേരുകൾ യാഥാർത്ഥ്യത്തോട് ഏററവും യോജിക്കുന്നു

നടപടിഗ്രന്ഥത്തിന്റെ കർത്താവായ വി: ലൂക്കാ, അതിൽ വിവരിച്ചിരിക്കുന്ന സംഗതികളെപ്പററി സൂക്ഷ്മജ്ഞാനമുള്ളവനാണെന്നു സ്പഷ്ടമായി തെളിയിക്കുന്ന വേറെയും ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാനുണ്ട്. അവയിൽ ഒരു ഗണമാണ്, ഗ്രന്ഥത്തിൽ നാം കണ്ടുമുട്ടുന്ന പല ഭരണകർത്താക്കളുടേയും ഏററവും ശരിയായ ഉദ്യോഗനാമങ്ങൾ.

### "രാജാവാ"യ അഗ്രിപ്പാ

ഹേറോദേശ് (1-ാം അഗ്രിപ്പാ—ക്രിസ്തുവിന്റെ ജനനകാലത്ത് യൂദയായിലെ രാജാവായിരുന്ന വലിയ ഹേറോദേശിന്റെ പുത്രൻ) ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണശേഷം ശ്ലീഹന്മാരേയും അവരുടെ അനുഗാമികളേയും പീഡിപ്പിച്ച വിവരം നടപടിഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ നാടുവാഴിയായ ഈ ഹേറോദേശിനെപ്പററി "രാജാവ്" എന്നാണു പറഞ്ഞിട്ടുള്ളത്. ഈ സ്ഥാനപ്പേര് ഇദ്ദേഹത്തിനു ലഭിച്ചതു തന്റെ ഭരണത്തിന്റെ അവസാനത്തെ മൂന്നു കൊല്ലങ്ങളിലാണ് (എ. ഡി. 41-44). അതിനുമുമ്പു മുപ്പതുകൊല്ലത്തേക്ക് "രാജാവ്" എന്ന സ്ഥാനപ്പേര് യഹൂദനാടുവാഴിക്കുണ്ടായിരുന്നില്ല. അതുകഴിഞ്ഞ് അനേകനൂററാണ്ടുകാലത്തേക്കും ഉണ്ടായിരുന്നില്ല. ഈ സാഹചര്യങ്ങളാലോചിക്കുമ്പോൾ പ്രസ്തുത നാടുവാഴിയെ രാജാവെന്നു വിളിച്ചിരിക്കുന്നതിൽ നടപടിഗ്രന്ഥത്തിന്റെ കർത്താവു കാണിച്ചിരിക്കുന്ന സൂക്ഷ്മമായ ജ്ഞാനം വിസ്മയനീയമായിരിക്കുന്നു! ആ നാടുവാഴിയെപ്പററിയുള്ള വിവരങ്ങൾ സൂക്ഷ്മമായറിഞ്ഞിട്ടുള്ള ഒരു ഗ്രന്ഥകാരനുമാത്രമേ മേൽപ്പറഞ്ഞ മൂന്നു കൊല്ലങ്ങളിൽ അദ്ദേഹത്തിനു രാജാവെന്ന സ്ഥാനപ്പേരു ലഭിച്ചിരുന്നുവെന്നു ഗ്രഹിക്കുവാൻ കഴിയുമായിരുന്നുള്ളു (ന: ഗ്ര: XII-1-Josephus Antiq. XVIII-6-XIX-5).

മേൽപ്പറഞ്ഞ നാടുവാഴിയുടെ പുത്രനായ ഹേറോദേശിനെപ്പററിയും (2-ാം അഗ്രിപ്പാ) ന: ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. പൗലോസ്ശ്ലീഹാ തടവുകാരനായി ചെസറിയായിൽ താമസിക്കുമ്പോൾ ഈ നാടുവാഴി ആ സ്ഥലത്തെ റോമൻ ഗവർണ്ണരായ ഫെസ്തുസിനെ സന്ദർശിക്കുവാൻ ചെന്നു. ആ വിവരം രേഖപ്പെടുത്തിയിട്ടുള്ളിടത്ത് "രാജാവായ അഗ്രിപ്പാ" എന്നാണ് അദ്ദേഹത്തെ വിളിച്ചിട്ടുള്ളത്. ഈ സംബോധന ഏററവും ശരിയായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ആ നാടുവാഴി ചാൽസിസിലെ രാജാവായിരുന്നു (King of Chalcis). ഇദ്ദേഹം ചെസറിയായിൽ ചെന്നപ്പോൾ റോമൻ ഗവർണ്ണരായ ഫെസ്തുസ് പൗലോസ്ശ്ലീഹായുടെ കാര്യം അദ്ദേഹത്തോടു പറഞ്ഞതായും, ശ്ലീഹായുടെ മൊഴിവാങ്ങുവാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടതായും, അദ്ദേഹം അങ്ങനെ ചെയ്തതായും ന: ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. റോമൻ ഗവർണ്ണരുടെ ഭരണാധികാരത്തിൽപ്പെട്ട ജറുശലമിൽവച്ചു കുററക്കാരനായി പിടിക്കപ്പെട്ട ശ്ലീഹായുടെ മൊഴിവാങ്ങുവാൻ ഈ നാടുവാഴിക്ക് എന്തധികാരമാണുള്ളതെന്നു സംശയിക്കുവാൻ ന്യായമുണ്ടല്ലോ. തന്മൂലം ഗ്രന്ഥത്തിലെ പ്രസ്തുതവിവരണം യാഥാർത്ഥ്യത്തിനു യോജിച്ചതല്ലെന്നു തോന്നിയേക്കാം. എന്നാൽ വിവരണം യാഥാർത്ഥ്യത്തിന് ഏററവും യോജിച്ചതാണെന്ന് ഇതരചരിത്രരേഖകളിൽനിന്നു തെളിയുന്നുണ്ട്. ഒരു യഹൂദൻ എന്ന നിലയിൽ ജറുശലം ദേവാലയത്തിന്റെയും അതിന്റെ ട്രഷറിയുടേയും മേൽനോട്ടവും പ്രധാനപുരോഹിതന്മാരെ തിരഞ്ഞെടുക്കുന്ന ചുമതലയും അദ്ദേഹത്തിന് റോമാചക്രവർത്തി ഏല്പിച്ചുകൊടുത്തിരുന്നു. ഇങ്ങനെ യഹൂദന്മാരുടെ കാര്യങ്ങളിൽ പലതിലും ഇടപെടാൻ അധികാരം സിദ്ധിച്ചിട്ടുള്ളയാളായതുകൊണ്ടാണ് പൗലോസ് ശ്ലീഹായുടെ മൊഴിയെടുക്കുവാനും മററും ചെസറിയായിലെ റോമൻ ഗവർണ്ണർ അഗ്രിപ്പായോട് ആവശ്യപ്പെട്ടത്. അഗ്രിപ്പായെപ്പററി സൂക്ഷ്മമായ അറിവുള്ള ഒരു ഗ്രന്ഥകാരനല്ലാതെ ഈ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുവാനും സ്വാഭാവികമായെന്നോണം ആ യാഥാർത്ഥ്യത്തെ സന്ദർഭോചിതം ഗ്രന്ഥത്തിലുള്ളടക്കുവാനും സാധിക്കുന്നതല്ല.

അഗ്രിപ്പാ ചെസറിയായിൽ ചെന്നപ്പോൾ അദ്ദേഹത്തിന്റെ സഹോദരി ബർണീസ് (Bernice) കൂടെയുണ്ടായിരുന്നുവെന്നും പൗലോസ് ശ്ലീഹായുടെ മൊഴിവാങ്ങിയ അവസരത്തിൽ ആ മഹതി സന്നിഹിതയായിരുന്നുവെന്നും ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ സംഗതി ഗ്രന്ഥകാരന്റെ വിസ്മയനീയമായ സൂക്ഷ്മജ്ഞാനത്തെയാണു കാണിക്കുന്നത്. അഗ്രിപ്പായോടുകൂടി അദ്ദേഹത്തിന്റെ സഹോദരി ബർണീസും പൊതുക്കാര്യങ്ങളെപ്പററി പ്രതിപാദിക്കപ്പെടുന്നയവസരങ്ങളിൽ സഹകരിച്ചിരുന്നുവെന്നു ഇതരചരിത്രഗ്രന്ഥങ്ങളിൽനിന്നു നമുക്കറിയാം (ന: ഗ്ര: XXV-23-Josephus, Wars, II-16; Li e XI).

### മററു് ഉദ്യോഗപ്പേരുകൾ

പൗലോസ് ശ്ലീഹായെ തടവുകാരനായി ചെസറിയായിൽനിന്നും റോമയിലേക്കു കൊണ്ടുപോയ കപ്പൽ പെശറിൽപ്പെട്ടശേഷം അദ്ദേഹം മററു യാത്രക്കാരോടുകൂടി മാൾട്ടാദ്വീപിലിറങ്ങി രക്ഷപെട്ടു. അവിടെ മൂന്നുമാസത്തോളം താമസിക്കേണ്ടിവന്നതിനിടയിൽ ശ്ലീഹായേയും അനുചരന്മാരേയും ആ ദ്വീപിലെ പുബ്ലിയൂസ് (Publius) എന്നു പേരുള്ള ഒരു പ്രമാണി സൽക്കരിക്കുകയുണ്ടായി. ഈ വിവരങ്ങൾ രേഖപ്പെടുത്തുകയിൽ പുബ്ലിയൂസിനെ "പ്രമുഖപൗരൻ" (Chief-man) എന്നാണ് ഗ്രന്ഥത്തിൽ വിളിച്ചിരിക്കുന്നത്. ഈ സംജ്ഞ ആ മനുഷ്യന് ആ ദ്വീപിലുള്ള ഏററവും വലിയ പ്രാമാണ്യത്തെ മാത്രം കുറിക്കുന്ന സാമാന്യമായ ഒന്നല്ല; പ്രത്യുത, അദ്ദേഹത്തിന്റെ ഉദ്യോഗപ്പേരാണതെന്നും ആ പേര് ആ ദ്വീപിലെ ഏററവും പ്രമാണിയായ ആൾക്കു പ്രത്യേകം കൊടുക്കപ്പെട്ടിട്ടുള്ളതാണെന്നും, ശിലാലിഖിതങ്ങളിൽനിന്നു തെളിയുന്നുണ്ട്. ഇവിടെയും ന: ഗ്രന്ഥത്തിന്റെ കർത്താവ് എത്ര സൂക്ഷ്മമായ ജ്ഞാനമാണു പ്രകടിപ്പിക്കുന്നതെന്നു നോക്കുക! (ന: ഗ്ര: XXVIII-7, Boec h's Corp, Ins, Lat. X, No. 7495; Corp, Ins, G o; No. 5754).

പൗലോസ്ശ്ലീഹാ തന്റെ രണ്ടാമത്തെ മിഷനറിയാത്രയ്ക്കിടയിൽ തെസലോണിക്കായിൽ (Thessalonica) ചെന്നു സുവിശേഷം പ്രസംഗിക്കുകയിൽ യഹൂദന്മാരുടെ വിരോധത്താൽ ബഹളമുണ്ടായെന്നും ബഹളക്കാർ ശ്ലീഹായുടെ അനുചരന്മാരെ ബലമായി പിടിച്ചു പട്ടണാധികാരികളുടെ മുമ്പിൽ കൊണ്ടുപോയെന്നും മററും ന: ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട് (XVII-6). അതിൽ പട്ടണാധികാരികളെ "പൊളിററാർക്സ്" (Politarchs) എന്നാണു വിളിച്ചിരിക്കുന്നത്. ഈ ഉദ്യോഗപ്പേര് ഇതരഗ്രന്ഥകാരന്മാരുടെ കൃതികളിലെങ്ങും കാണുന്നില്ലെന്നും അതിനാൽ ന: ഗ്രന്ഥത്തിന്റെ കർത്താവിനു പിശകുപററിയെന്നും ചിലർ വാദിച്ചിരുന്നു. എന്നാൽ വിമർശകർക്കാണ് ഇവിടേയും പിശകുപററിയതു്. എങ്ങനെയെന്നാൽ, അതേപട്ടണത്തിൽ—ഇക്കാലത്ത് അതിന്റെ പേര് "സലോണിക്കാ" (Salonica) എന്നാണ്—ഒരു പഴയ ആർച്ചും (Arch) അതിന്മേൽ ഒരു ലിഖിതവും കണ്ടുകിട്ടുകയുണ്ടായി. ആ ആർച്ച് ഇന്ന ആളുകൾ പട്ടണാധികാരികളായിരുന്ന കാലത്തു പണിതതാണെന്നു ലിഖിതത്തിൽ പറഞ്ഞിട്ടുണ്ട്. പട്ടണാധികാരികളുടെ ഉദ്യോഗപ്പേര്, "പൊളിററാർക്സ്" എന്നുതന്നെയാണു ലിഖിതത്തിൽ കൊടുത്തിരിക്കുന്നത്. ഈ ആർച്ച് 1876-ൽ നശിച്ചുപോയി; എങ്കിലും അതിലെ ശിലാലിഖിതം നശിക്കാനിടവന്നില്ല. അതു് ഇന്നും ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു (in the Central Hall near the Library).

### സ്ഥലവിവരണത്തിലും സൂക്ഷ്മജ്ഞാനം

ന: ഗ്രന്ഥത്തിലെ ഉദ്യോഗപ്പേരുകൾ മാത്രമല്ല, സ്ഥലങ്ങളെപ്പററിയുള്ള ചില്ലറ വിവരണങ്ങളും ഗ്രന്ഥകാരന്റെ വിസ്മയനീയമായ സൂക്ഷ്മജ്ഞാനത്തെ പ്രത്യക്ഷപ്പെടുത്തുന്നുണ്ട്. അതിനു് ഒരുദാഹരണം ചൂണ്ടിക്കാണിക്കാം. പൗലോസ്ശ്ലീഹാ ഏഷ്യാമൈനറിന്റെ പല പ്രദേശങ്ങളിൽക്കൂടി മിഷനറിസഞ്ചാരം നടത്തിയതായി ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അക്കാലത്ത് ഏഷ്യാമൈനറിന്റെ ഭൂവിവരണം സൂക്ഷ്മജ്ഞാനമില്ലാത്ത ആരേയും വിഷമിപ്പിക്കത്തക്കവിധം അത്ര കുഴപ്പമുള്ളതായിരുന്നു. ഒരു ഭാഗത്ത് പഴയരാജ്യങ്ങളുടെ അതിർത്തികളുണ്ടായിരുന്നു; വേറൊരുഭാഗത്ത് അടിക്കടി ഭേദപ്പെട്ടുകൊണ്ടിരുന്ന റോമൻ പ്രോവിൻസുകളുടെ പുതിയ പുതിയ അതിർത്തികളുണ്ടായിരുന്നു; മൂന്നാമതായി "ഗ്രീക്ക്" പട്ടണസംസ്ഥാനങ്ങളുടെ (Greek City States) അതിർത്തികളുണ്ടായിരുന്നു; ഇവയ്ക്കെല്ലാം പുറമെ റോമൻ കുടിപാർപ്പുകാരുടെ (Roman Colonial) അതിർത്തികളുമുണ്ടായിരുന്നു. ഈ കുഴപ്പങ്ങൾക്കു മീതെ വേറൊരു കുഴപ്പവുമുണ്ടായിരുന്നതു്, അനേകം വിവിധങ്ങളായ നാട്ടുഭാഷകൾ സംബന്ധിച്ചുള്ളതായിരുന്നു. കെൽട്ടിക്ക് (Celtic), ഫ്റിജിയൻ (Phrygian), ലൈക്കവോണിയൻ (Lycaonian) മുതലായ നാട്ടുഭാഷകൾ സംസാരിക്കുന്നവരുണ്ടായിരുന്നു. റോമൻ കുടിപാർപ്പുകാർ ലത്തീൻഭാഷയും സംസാരിച്ചിരുന്നു. അതിനുംപുറമെ സംസ്കാരഭാഷയായ ഗ്രീക്കും സംസാരിച്ചിരുന്നു. ഇങ്ങനെയുള്ള ഏഷ്യാമൈനറിന്റെ തെക്കുകിഴക്കേ മൂലവരെ പൗലോസ്ശ്ലീഹാ മിഷനറിസഞ്ചാരം ചെയ്തതായിട്ടാണു ന: ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതു്. ഈ പ്രദേശങ്ങളെപ്പററി ഏററവും സൂക്ഷ്മമായ ജ്ഞാനം ലഭിച്ചിട്ടില്ലാത്ത ഒരു ഗ്രന്ഥകാരനു് എത്രയെളുപ്പത്തിൽ പിശകു പററാനിടയുള്ളതാണെന്നു സ്പഷ്ടമാണല്ലോ. എന്നാൽ ന: ഗ്രന്ഥത്തിന്റെ കർത്താവിനു യാതൊരു പിശകും പററിയിട്ടില്ലെന്നു തെളിഞ്ഞിരിക്കുന്നു. അദ്ദേഹത്തിനു പിശകുപററിയെന്നു പറഞ്ഞ വിമർശകർക്കാണു പിശകുപററിയതായി കണ്ടിരിക്കുന്നതു്. പൗലോസും ബർണ്ണബാസും "ലൈക്കവോണിയ സംസ്ഥാനത്തിലുള്ള ലിസ്ത്രാ (Lystra), ഡെർബ്ബ് (Derbe) എന്നീ പട്ടണങ്ങളിലേക്കും അവയുടെ പരിസരപ്രദേശങ്ങളിലേക്കും," ഐക്കോണിയം (Iconium) പട്ടണത്തിലെ യഹൂദന്മാരുടെ ഉപദ്രവങ്ങളിൽനിന്നു രക്ഷപെടാൻ ഓടിയൊളിച്ചുവെന്നു ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട് (ന: ഗ്ര: XIV. 5). ഈ പ്രസ്താവത്തിലെ സ്ഥലവിവരണത്തിൽ പിശകുണ്ടെന്നു വിമർശകന്മാർ വാദിക്കുകയുണ്ടായി. അതിനു് അവർ പറഞ്ഞിരുന്ന കാരണം ഐക്കോണിയം പട്ടണം ലൈക്കവോണിയാ സംസ്ഥാനത്തിൽ ഉൾപ്പെട്ടതായിരുന്നുവെന്നാണ്. അങ്ങനെയിരിക്കെ, ഐക്കോണിയം പട്ടണത്തിൽനിന്നു ലൈക്കവോണിയാ സംസ്ഥാനത്തിലെ പട്ടണത്തിലേക്ക് ഓടി രക്ഷപെട്ടെന്നുപറയുന്നതു്, (ഉദാഹരണമായി) തിരുവനന്തപുരത്തുനിന്നു തിരുവിതാംകൂറിലെ പട്ടണങ്ങളിലേക്ക് ഓടി രക്ഷപെട്ടുവെന്നു പറയുന്നതുപോലെ, പിശകാണെന്നായിരുന്നു വാദം. എന്നാൽ ഈ വാദത്തിലെ അടിസ്ഥാനം പിശകായിപ്പോയി. എന്തുകൊണ്ടെന്നാൽ, ഐക്കോണിയം പട്ടണം ന: ഗ്രന്ഥത്തിൽ പറയുന്ന സംഭവം നടന്നകാലത്തു ലൈക്കവോണിയ സംസ്ഥാനത്തിലല്ല, ഫ്റിജിയാസംസ്ഥാനത്തിലാണ് ഉൾപ്പെട്ടിരുന്നതെന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. ഈ രണ്ടു സംസ്ഥാനങ്ങളും ഗലേഷ്യാ (Galatia) എന്ന റോമൻ പ്രോവിൻസിൽപെട്ടതായിരുന്നു. ഐക്കോണിയം പട്ടണം ലൈക്കവോണിയ സംസ്ഥാനത്തിലെ സമതലപ്രദേശങ്ങളിൽ കിടക്കുന്നതുമാ

(ശേഷം 11-ാം പേജിൽ)


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam.